# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2017 മെയ് 03, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--353]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 1411 മുതൽ 1596 വരെ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : 1597 മുതൽ 1725 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : 1726 മുതൽ 1763 വരെ |

### ഇ എ ആർ എ എസ് പദ്ധതി

1411. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ഇ എ ആർ എ എസ് പദ്ധതി പ്രകാരം എത്ര സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികകളാണ് ശുപാർശചെയ്തിട്ടുള്ളത്;

(ബി) ഇതിൽ ഓരോ ജില്ലക്കും അനുവദിക്കുന്ന തസ്തികകൾ എത്ര;

(സി) ഈ പദ്ധതി നടപ്പാക്കുമ്പോൾ സൃഷ്ടിക്കുന്ന തസ്തികകൾക്കായി വരുന്ന സാമ്പത്തിക ബാദ്ധ്യത എത്ര എന്നറിയിക്കുമോ ?

### പുതിയ തസ്തികകൾ

1412. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ എവിടെയെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതിയതായി സൃഷ്ടിച്ച തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പ്ലാച്ചിമടയിലെ ജലചൂഷണ ഇരകൾക്ക് നഷ്ടപരിഹാരം

1413. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കോകോള കമ്പനിയുടെ പ്ലാച്ചിമടയിലെ ജലചൂഷണ ഇരകൾക്ക് നഷ്ടപരിഹാരം ഈടാക്കി നൽകുന്നതിനുള്ള ബിൽ രാഷ്ട്രപതി തിരിച്ചയച്ച സാഹചര്യത്തിൽ തുടർനടപടിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) ജലചൂഷണ ഇരകൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ഉറപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ ഇനിയും കാലതാമസമുണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുമോ?

## ഇ-ഓഫീസ് സംവിധാനത്തിലെ സാങ്കേതിക തകരാറുകൾ

1414. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക തകരാറുകൾ മൂലം ഇ-ഓഫീസ് സംവിധാനം നിശ്ചലമായി സെക്രട്ടറിയേറ്റിലെ ഫയൽ നീക്കം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-ഓഫീസ് സംവിധാനത്തിലൂടെയുള്ള ഫയൽ നീക്കത്തിലെ ന്യൂനതകളെപ്പറ്റി പഠിച്ചിട്ടുണ്ടോ;എങ്കിൽ ഒരു ഇത് സംബന്ധിച്ച വിലയിരുത്തലിന് തയ്യാറാകുമോ;

(സി) ഇ-ഗവേണൻസ് സംവിധാനത്തിലെ പിഴവുകൾ പരിഹരിച്ച് പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എ.എസ്സ് നടപ്പാക്കൽ

1415. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്സ് നടപ്പാക്കുക വഴി സംസ്ഥാനത്ത് സർവ്വീസ് മേഖലയിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാം എന്നു വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരിൽ എത്രപേർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ

പ്രസ്തുത സർവ്വീസിൽ പ്രവേശിക്കാൻ കഴിയും എന്നും ഇതു നടപ്പാക്കുക വഴി സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് എന്തെങ്കിലും നഷ്ടം സംഭവിക്കുമോ എന്ന ആശങ്ക സെക്രട്ടേറിയറ്റ് ജീവനക്കാർക്കു ഉണ്ടെങ്കിൽ ആയതെന്തെന്നും വ്യക്തമാക്കുമോ;

(സി) കെ.എ.എസ് നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന സംഘടനകൾ ഏതെല്ലാം എന്നും,എതിർപ്പും സമരവും പ്രഖ്യാപിച്ച സംഘടനകൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാർ എത്രയെന്നും കെ.എ.എസ് തസ്തികയിലെ നിയമനം ഓരോ വർഷവും എത്രപേർക്ക് ലഭിക്കുമെന്നും വ്യക്തമാക്കുമോ ?

## പി.എസ്.സി. നിയമനം

1416. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്ക് വയനാട് ജില്ലയിൽ പി.എസ്.സി. വഴി നിയമനം ലഭിച്ചു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം വയനാട് ജില്ലയിൽ നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

## എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പദ്ധതികളുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നടപടി

1417. **ഡോ.എൻ. ജയരാജ്**
**ശ്രീ.റോഷി അഗസ്റ്റിൻ**
**,, മോൻസ് ജോസഫ്**
**,, സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി, ഫ്ളഡ് റിലീഫ്, പ്രാദേശിക വികസന ഫണ്ട് തുടങ്ങിയവയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാൻ എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് നല്കുന്ന ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അതത് എം.എൽ.എ.മാർക്ക് ലഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നല്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ട് അതത് ജില്ലാ വികസന സമിതികളിൽ ലഭ്യമാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ; വ്യക്തമാക്കുമോ ;

(സി) ഉത്തരവുകളുടേയും പ്രോഗ്രസ് റിപ്പോർട്ടിന്റെയും പകർപ്പുകൾ അതത് എം.എൽ.എ.മാരുടെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിലും എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്</u>

1418. **ഡോ.എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിൽ വരുത്തുന്നതിന് വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ എവിടെവരെയായി എന്ന് വിശദമാക്കാമോ;

(സി) സ്പെഷ്യൽ റൂൾസ് പി.എസ്.സി.യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കരട് സ്പെഷ്യൽ റൂൾസ് ന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കെ.എ.എസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്</u>

1419. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വകുപ്പുകളെ കെ.എ.എസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) കെ.എ.എസ് രൂപീകരണത്തിന്റെ ഭാഗമായി നിയമനങ്ങൾ നടത്തുമ്പോൾ സംവരണതത്വം പാലിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംവരണം പാലിക്കണമെന്ന് ഏതെങ്കിലും സർക്കാർ സമിതി അഭിപ്രായപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) കെ എ.എസ് നിയമനങ്ങളുമായി ബന്ധപ്പെട്ട് പി.എസ്.സി അപേക്ഷ ക്ഷണിക്കുന്ന നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

## ഫയൽ അദാലത്തുകൾ

1420. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി എത്ര ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയുണ്ടായി; വകുപ്പ് തിരിച്ചുള്ള വിവരം നൽകാമോ;

(ബി) മൂന്നു മാസത്തിലൊരിക്കൽ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കേണ്ടതാണെന്ന നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടോ; ഫയൽ അദാലത്തുകൾ നടത്തിയിട്ടില്ലാത്ത ഏതെങ്കിലും വകുപ്പുകളുണ്ടോ എന്ന് അറിയിക്കാമോ;

(സി) മൂന്ന് മാസത്തിലധികമായി ഫയലുകൾ ആരംഭിക്കാതെ കെട്ടിക്കിടക്കുന്ന തപാലുകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## പരാതി പരിഹാരവേദികൾ

1421. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പരാതി പരിഹാരവേദികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ നടത്തിയ പരാതി പരിഹാര വേദികളിൽ ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചുവെന്നും, അതിലെത്ര പരാതികൾ തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2015ൽ നടത്തിയ ജനസമ്പർക്ക പരിപാടികളിൽ ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചുവെന്നും അതിലെത്ര പരാതികൾക്ക് തീർപ്പ് കല്പിച്ചുവെന്നും അറിയിക്കുമോ?

## ക്ഷേമ പദ്ധതികൾക്ക് ആധാർ

1422. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ക്ഷേമ പദ്ധതികൾ അനുസരിച്ചും അല്ലാതെയുമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആധാർ നിർബന്ധമാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ നയം എന്താണ്; വിശദമാക്കുമോ;

(സി) ആധാർ നിർബന്ധമാക്കിയിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## മുൻ സർക്കാരിന്റെ കാലത്തെ വിവാദ ഉത്തരവുകൾ

1423. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തെ വിവാദ ഉത്തരവുകൾ കണ്ടെത്താൻ ഈ സർക്കാർരൂപീകരിച്ച ഉപസമിതി എന്നാണ് നിലവിൽ വന്നത്; ഇതിലെ അംഗങ്ങൾ ആരൊക്കെയെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ തെറ്റായ എത്ര ഉത്തരവുകളാണ് ഉപസമിതി പരിശോധിച്ചത്; ഇതിൽ ചട്ടവിരുദ്ധമായി കണ്ട ഉത്തരവുകൾ എത്ര; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ചട്ടവിരുദ്ധമായ ഉത്തരവുകൾ കൂടുതൽ കണ്ടെത്തിയത് ഏത് വകുപ്പിലാണ്; വിശദമാക്കുമോ;

(ഡി) ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ?

## വിവിധ വകുപ്പുകളിലായി തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ

1424. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലായി നിരവധി ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസ് ഡെലിവറി സംബന്ധിച്ച കാലഹരണപ്പെട്ട ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മത്സര പരീക്ഷാപരിശീലന കേന്ദ്രങ്ങൾക്ക് ലൈസൻസ്

1425. ശ്രീ.ടി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് വേണ്ടി പ്രവർത്തിക്കുന്ന പരീക്ഷാ പരിശീലന കേന്ദ്രങ്ങൾക്ക് ലൈസൻസ് കൊടുക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) ഒരു പ്രത്യേക മേഖലയിലെ പി.എസ്.സി. കോച്ചിങ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് പരീക്ഷകളിൽ ഉന്നത മാർക്ക് കിട്ടുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിന് സർക്കാർ സേവന നിയമങ്ങൾ ലംഘിച്ച് സർക്കാർ ജീവനക്കാർ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

## കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

1426. ശ്രീ.ടി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ;

(ബി) കെ .എ.എസ് നിയമനത്തിന് സെക്രട്ടേറിയേറ്റിൽ എത്ര തസ്തികകൾ മാറ്റി വച്ചിട്ടുണ്ട്; വിശദീകരിക്കാമോ;

(സി) മറ്റു വകുപ്പുകളിലും കെ .എ.എസ് മായി ബന്ധപ്പെട്ട് അനുവദിക്കുന്ന തസ്തികകളിലെ വിവരങ്ങളും ലഭ്യമാക്കാമോ?

## വയനാട് ജില്ലയിലെ ഒഴിവുകൾ

1427. ശ്രീ.ഒ. ആർ. കേളു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വിവിധ വകുപ്പുകളിലായി എത്ര ഒഴിവുകളുണ്ട്; വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി. വഴി നികത്തേണ്ടത് ഏതെല്ലാം;

(സി) ആറ് മാസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ആദിവാസി വിഭാഗങ്ങൾക്ക് പോലീസിലും എക്സൈസിലും പ്രത്യേക നിയമനം</u>

T 1428. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്ക് പോലീസിലും എക്സൈസിലും പ്രത്യേക നിയമനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളിലേക്ക് നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മുമ്പ് ആദിവാസി വിഭാഗങ്ങൾക്ക് പി.എസ്.സി. വഴി വനം വകുപ്പിൽ പ്രത്യേക നിയമനം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതു തസ്തികകളിൽ എത്ര പേർക്കാണ് നിയമനം നൽകിയത്; വിശദാംശങ്ങൾ നൽകുമോ?

<u>മുന്നാക്ക സമുദായക്കാരിലെ പിന്നാക്കക്കാരുടെ ഉന്നമനം</u>

1429. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നാക്കസമുദായക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി സംസ്ഥാനത്ത് ഏതെങ്കിലും കമ്മീഷൻ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മുന്നാക്കസമുദായങ്ങളൊഴികെ ബാക്കി എല്ലാ വിഭാഗങ്ങൾക്കും ദേശീയതലത്തിൽ കമ്മീഷൻ നിലവിലുണ്ടെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ;

(സി) മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുമാത്രമായിട്ടെങ്കിലും സംസ്ഥാനതലത്തിൽ കമ്മീഷൻ രൂപീകരിയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) നിലവിൽ സംവരണാനുകൂല്യം ലഭിക്കാത്ത സമുദായങ്ങളിലെ സാമ്പത്തികമായി

പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്താനുള്ള മാനദണ്ഡവും ക്ഷേമനിധി പദ്ധതികളും നിശ്ചയിയ്ക്കുന്നതിനായി റിട്ട. മേജർ ജനറൽ എസ്.ആർ സിൻഹ ചെയർമാനായി 2006-ൽ കേന്ദ്ര സർക്കാർ നിയമിച്ച മൂന്ന് അംഗ ദേശീയ കമ്മീഷൻ , 2010ജൂലൈയിൽ അനുകൂലമായി ശിപാർശ നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>നിലമ്പൂർ താലൂക്കിലെ സർക്കാർ ഓഫീസുകൾ</u>

1430. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ താലൂക്ക് അടിസ്ഥാനത്തിൽ ഏതൊക്കെ സർക്കാർ ഓഫീസുകളാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും സർക്കാർ ഓഫീസുകൾ ഇനിയും നിലമ്പൂരിൽ (താലൂക്ക് ഓഫീസിൽ) ആരംഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

<u>സർക്കാർ ഓഫീസുകളിൽ ഓൺലൈൻ വഴി സേവനങ്ങൾ</u>

1431. **ശ്രീ.എം. സ്വരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ അഴിമതി വിമുക്തമാക്കുന്നതിനായി പൊതു ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സാധാരണ ജനങ്ങൾക്ക് ഓൺലൈൻ വഴിയുള്ള സേവനങ്ങൾ സൗജന്യമായി നല്കുന്നതിനായി സർക്കാർഓഫീസുകളിൽ ഹെൽപ് ഡസ്ക് സംവിധാനം ഏർപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം</u>

1432. **ശ്രീ.വി.എസ്.ശിവകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നുവെന്ന്

പത്രമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ പ്രായപരിധി എത്രയായി ഉയർത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) പെൻഷൻ പ്രായം ഉയർത്തുന്നതുമൂലം യുവാക്കളുടെ തൊഴിലവസരം നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## സർക്കാർ ഓഫീസുകളിലെയും സ്കൂളുകളിലെയും ഹാജർ

1433. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഹാജർ രേഖപ്പെടുത്തുന്നതിൽ സമയക്രമം പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ ആലോചന ഉണ്ടോ?

## സർക്കാർ വകുപ്പുകളിൽ ഇ-ഗവേർണൻസ്

1434. **ശ്രീ.എം. സ്വരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ഇ-ഗവേർണൻസ് നടപ്പിലാക്കുന്ന നടപടികളുടെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) ഏതെല്ലാം വകുപ്പിൽ ഈ നടപടി പൂർത്തിയായി എന്ന് അറിയിക്കുമോ;

(സി) എന്നത്തേക്ക് ഈ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

## സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത

1435. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും അർപ്പണമനോഭാവവും ഉയർത്തുവാൻ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഉദ്യോഗസ്ഥരുടെ ജോലിഭാരം സംബന്ധിച്ച് എന്തെങ്കിലും പഠനം

നടത്തിയിട്ടുണ്ടോ; ജോലിഭാരം കുറഞ്ഞ വകുപ്പുകളും ജോലിഭാരം കൂടിയ വകുപ്പുകളും ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരം പോരായ്മകൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; ജോലിഭാരം കുറഞ്ഞ വകുപ്പുകൾ ജോലിഭാരം കൂടിയ വകുപ്പിൽ ലയിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ജനസമ്പർക്ക പരിപാടി</u>

1436. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി ജില്ലകൾ തോറും നടത്തിയ ജനസമ്പർക്ക പരിപാടികൾക്കുവേണ്ടി ആകെ ചെലവഴിച്ചത് എത്ര രൂപയാണ്; ഈ പരിപാടികളിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക ധനസഹായമായി അനുവദിച്ചു; എത്ര അപേക്ഷകൾ ജനസമ്പർക്ക പരിപാടിയിലൂടെ സ്വീകരിച്ചു; ഇതിൽ എത്രയെണ്ണത്തിന് ഇനി പരിഹാരം കാണാനുണ്ട്;

(ബി) ഈ സർക്കാർ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ പരാതി പരിഹാര നടപടികളോ പൊതുജന സമ്പർക്ക പരിപാടികളോ നടത്തുകയുണ്ടായോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിൽ; ഓരോ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ സ്വീകരിച്ചു , എത്ര അപേക്ഷകൾക്ക് തീർപ്പു കൽപ്പിച്ചു. എത്ര രൂപ ഇതുവഴി വിതരണം ചെയ്തു എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ജനസമ്പർക്ക പരിപാടി</u>

1437. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ നടന്ന ജനസമ്പർക്ക പരിപാടി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജന സമ്പർക്ക പരിപാടികളിൽ ഇതിനകം വന്ന പരാതികളിൽ എത്രത്തോളം തീർപ്പാക്കിയിട്ടുണ്ട് എന്നത് വിശദമാക്കാമോ;

(സി) ജന സമ്പർക്ക പരിപാടികളിൽ കൂടുതലായി ആവലാതികൾ വന്നത് ഏതെല്ലാം പ്രശ്നങ്ങളിലാണ് എന്നത് വ്യക്തമാക്കുമോ?

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം</u>

1438. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് നിയമപരമായി എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ബി) പി.എസ്.സി.യിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിലെ (ഫയൽ നമ്പർ 95834-Pay - Expenditure A2/209/2016 dated 9/12/2015) നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) 2017-18 കാലയളവിൽ ഒഴിവു വരാൻ സാധ്യതയുള്ള അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

1439. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ഇപ്പോൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത പരിപാടിയിലൂടെ പൊതുജനങ്ങൾ സമർപ്പിച്ചിട്ടുള്ള പരാതികളിന്മേൽ തീർപ്പ് കല്പിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

<u>മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കൾ</u>

1440. ശ്രീ.ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് നിലവിൽ എത്ര ഉപദേഷ്ടാക്കളുണ്ട്;

(ബി) അവർ ആരൊക്കെയെന്നും, ഓരോരുത്തരും നിർവ്വഹിക്കുന്ന ജോലി എന്തെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉപദേഷ്ടാക്കൾക്കായി ശമ്പളയിനത്തിലും മറ്റ് ആനുകൂല്യങ്ങൾ നൽകിയ

ഇനത്തിലും എന്ത് ചിലവ് വന്നുവെന്ന് വെളിപ്പെടുത്തുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

1441. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം ലഭിക്കുന്നതിന് മുൻസർക്കാർ സ്വീകരിച്ച എത്ര അപേക്ഷകളിൽ ഈ സർക്കാർ പണം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## സെക്രട്ടേറിയറ്റിലെ ഇ-ഫയൽ സമ്പ്രദായം

1442. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഏതെല്ലാം വകുപ്പുകളിൽ ഇ-ഫയൽ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്;എല്ലാ വകുപ്പുകളിലും പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കാമോ;

(ബി) ഇ-ഫയൽ സമ്പ്രദായം ഭാഗികമായി മാത്രം നടപ്പിലാക്കിയാൽ ഒരേവിഷയത്തിൽ ഫിസിക്കൽ ഫയലും ഇ-ഫയലും തയ്യാറാക്കേണ്ടിവരുമെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ;ഇത് ജീവനക്കാർക്ക് അമിതജോലിഭാരം, ഫയലുകൾ തീർപ്പാക്കുന്നതിന് കൂടുതൽ കാലതാമസം എന്നിവയ്ക്ക് കാരണമാകുമെന്നുള്ളതിനാൽ ആയതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## സെക്രട്ടേറിയറ്റിലെ ജോലി ഭാരം

1443. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ജോലി ഭാരം കുറഞ്ഞതും കൂടിയതും ആയ സെക്ഷനുകൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ജോലി ഭാരം കുറഞ്ഞ സെക്ഷനുകൾ ജോലിഭാരം കൂടിയ വകുപ്പിലേയ്ക്ക് ഷിഫ്റ്റ്

ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെക്ഷനുകൾ ഇത്തരത്തിൽ മാറ്റിയിട്ടുണ്ട്;

(സി) ഓരോ സെക്ഷനിലെയും വകുപ്പുകളിലെയും ജോലിഭാരം നിശ്ചയിച്ചതിലെ അപാകത പരിഹരിച്ച് ശരിയായതും തുല്യമായതുമായ രീതിയിൽ വിഭജനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിനായി സെക്രട്ടേറിയറ്റിൽ നിലവിൽ എത്ര സെക്ഷനുകൾ ഉണ്ട്; സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കന്ററി സ്കൂളുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് വെറും രണ്ട് സെക്ഷനുകൾ മാത്രമാണെന്ന കാര്യം പരിശോധിക്കുമോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലെയും നിലവിലെ ഫയലുകളുടെ എണ്ണം പരിശോധിക്കുമോ; ഇതിൽ ഏറ്റവും കൂടുതൽ പൊതുവിദ്യാഭ്യാസ വകുപ്പിലും തദ്ദേശസ്വയംഭരണ വകുപ്പിലുമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിൽ പി.ആന്റ്.എ.ആർ.ഡി. വകുപ്പിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) സെക്രട്ടേറിയറ്റിലെ വകുപ്പുകളുടെയും സെക്ഷനുകളുടെയും വിഭജനം പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുമോ; ഇത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ?

## <u>മുൻസർക്കാരിന്റെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>

1444. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര മന്ത്രിമാർ ഉണ്ടായിരുന്നു; ഓരോരുത്തർക്കും എത്ര വീതം പേഴ്സണൽ സ്റ്റാഫ് ആണ് ഉണ്ടായിരുന്നത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഈ സർക്കാരിന്റെ മന്ത്രിസഭയിൽ എത്ര മന്ത്രിമാരുണ്ട്; ഓരോ മന്ത്രിമാർക്കും എത്ര വീതം പേഴ്സണൽ സ്റ്റാഫ് ആണ് ഉള്ളത്; വിശദവിവരങ്ങൾ നൽകാമോ?

## <u>ഡ്രൈവർ ഗ്രേഡ് **II** നിയമനം</u>

1445. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കാറ്റഗറി നമ്പർ 121/2011 ഡ്രൈവർ ഗ്രേഡ് II (പട്ടികജാതി -പട്ടികവർഗ്ഗക്കാർക്ക് മാത്രം) റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ

നിയമിച്ചു;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനു മുമ്പ് എത്ര പേർക്ക് നിയമനം ലഭിക്കുവാൻ സാധ്യതയുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു വേണ്ടി വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് 2 തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്;ഇവ ഏതെല്ലാം ഓഫീസുകളിലാണ് എന്ന് അറിയിക്കുമോ?

## ക്ലാസ്-**IV** തസ്തികകളിൽ നിന്നുള്ള സ്ഥാനക്കയറ്റം

1446. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ക്ലാസ്-IV തസ്തികയിൽ നിന്ന് ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് എത്ര ശതമാനമാണ് നീക്കിവെച്ചിരിക്കുന്നത്;

(ബി) ഇതിന്റെയടിസ്ഥാനത്തിൽ പൊതുമരാമത്തു വകുപ്പിലെ ക്ലാസ്-IV ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ക്ലാസ്-IV ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ഹാഡ പദ്ധതി

1447. **ശ്രീ.ജോർജ് എം. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാഡ പദ്ധതി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളുടെ അവസ്ഥ വിശദമാക്കുമോ?

## ആദ്യ ബഡ്ജറ്റിൽ ഉൾപ്പെട്ട പദ്ധതികളുടെ പുരോഗതി

1448. **ശ്രീ.വി.ഡി.സതീശൻ**

**,,** അടൂർ പ്രകാശ്

**,,** എം. വിൻസെന്റ്

**,,** തിരുവഞ്ചൂർ രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ ഉൾപ്പെട്ട പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എത്ര ശതമാനം പദ്ധതികൾ ഇതുവരെ പൂർത്തിയായി;

(ബി) ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ സർക്കാർ സംവിധാനം കാര്യക്ഷമമല്ല എന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എടുത്ത തിരുത്തൽ നടപടികൾ എന്തൊക്കെയാണ്;

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

<u>ആസൂത്രണ ബോർഡിലെ അംഗങ്ങളുടെയും പദ്ധതികളുടെയും ലിസ്റ്റ്</u>

1449. ശ്രീ.കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ ബോർഡിലെ സ്ഥിരാംഗങ്ങളുടെയും പാർട്ട് ടൈം അംഗങ്ങളുടെയും പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ് , ലഘുജീവചരിത്രം എന്നിവ ലഭ്യമാക്കുമോ;

(ബി) ആസൂത്രണ ബോർഡിൽ എത്ര സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; ഓരോ സബ്കമ്മിറ്റി അംഗങ്ങളുടെയും പേര് നല്കുമോ; ഓരോ സബ്കമ്മിറ്റിയുടെയും ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കുമോ;

(സി) കേന്ദ്രസർക്കാരിന്റെ നീതിആയോഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ തയ്യാറാക്കുന്ന പരിചയം ഉള്ള സാങ്കേതികവിദഗ്ധർ ഓരോ കമ്മിറ്റിയിലും ഉണ്ടോ; അവരുടെ സേവനം ഉപയോഗിച്ച് ഓരോ മേഖലയുടെയും വികസനത്തിന് തയ്യാറാക്കിയ പദ്ധതി രേഖകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ആസൂത്രണ ബോർഡ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>വാർഷിക പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ നടപടി</u>

1450. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, എ.പി. അനിൽ കുമാർ
,, വി.പി.സജീന്ദ്രൻ
,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ലെ വാർഷിക പദ്ധതികളുടെ നടത്തിപ്പിൽ പാളിച്ചയും വീഴ്ചയും ഉണ്ടായിട്ടുണ്ടോ; അതിനുള്ള കാരണം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2017-18 മുതൽ 60 ശതമാനം പദ്ധതികൾക്ക് മേയ് 30 നകം ഭരണാനുമതി നേടിയിരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എല്ലാ പദ്ധതികൾക്കും ഓരോ ഘട്ടത്തിലുമുള്ള സമയക്രമം ഉൾപ്പെടെയുള്ള രൂപരേഖ തയ്യാറാക്കിയും പദ്ധതി പുരോഗതി എല്ലാ മാസവും വിലയിരുത്തിയും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ 'ഹാഡ' പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ

1451. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 'ഹാഡ' പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് മേൽ പദ്ധതിയുടെ കീഴിൽ വരുന്നത്; പഞ്ചായത്തുകളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ജില്ലയിലെ മലയോരമേഖലയിലെ പല പഞ്ചായത്തുകളും മേൽ പദ്ധതിയുടെ കീഴിൽ വരുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജില്ലയിലെ മലയോര മേഖലയിലെ കൂടുതൽ പഞ്ചായത്തുകളെ 'ഹാഡ' പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## 2016-2017 -ൽ വകയിരുത്തലുകൾക്കുപരിയായി വിനിയോഗിച്ച അധിക ചെലവുകളുടെ വിവരങ്ങൾ

1452. **ശ്രീ.കെ. കൃഷ്ണൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 -ൽ വകയിരുത്തലുകൾക്കുപരിയായി വിനിയോഗിച്ച അധിക ചെലവുകളുടെ വിവരങ്ങൾ നൽകാമോ; ലോക ബാങ്ക്, എ.ഡി.ബി തുടങ്ങിയ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

സമയ ബന്ധിതമായി പൂർത്തികരിക്കാത്തതിനാൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര രൂപയാണ് കമ്മിറ്റ്മെൻഡ് ചാർജായി നല്കിയിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ഓരോ വർഷവും കോടിക്കണക്കിനു രൂപ ജലസേചനത്തിനും കുടിവെള്ളത്തിനുമായി വകയിരുത്തുന്നുണ്ടെങ്കിലും വരൾച്ച മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയുന്നില്ലാത്ത സാഹചര്യത്തിൽ ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കുമായി തയ്യാറാക്കുന്ന ബഡ്ജറ്റിലെ അപാകതകളെ കുറിച്ച് പഠിക്കാനും ശാസ്ത്രീയമായി ബഡ്ജറ്റ് തയ്യാറാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ വിഭാഗം എന്തെങ്കിലും പഠനം നടത്തുന്നുണ്ടോ എന്നറിയിക്കാമോ?

ഐ.ടി മേഖലകളിലെ തൊഴിലവസരം

1453. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഐ.ടി മേഖലകളിൽ തൊഴിലവസരം ലഭ്യമാക്കുന്ന എന്തൊക്കെ സംരഭങ്ങൾ ആണ് ഈ സർക്കാർ കൊണ്ടുവന്നിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.ടി മേഖലകളിൽ എത്ര തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്?

മൊബൈൽ ടവറുകളിലെ ഇലക്ട്രോ മാഗ്നെറ്റിക് റേഡിയേഷൻ (ഇ.എം.ആർ) പരിശോധന

1454. ശ്രീ.എ.എം. ആരിഫ്
,, രാജു എബ്രഹാം
,, എം. രാജഗോപാലൻ
,, വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള 55,000 ത്തിൽപരം മൊബൈൽ ഫോൺ ടവറുകളിൽ 16,000എണ്ണത്തിൽ മാത്രമേ ഇലക്ട്രോ മാഗ്നറ്റിക് റേഡിയേഷൻ (ഇ.എം.ആർ) പരിശോധന നടത്തിയിട്ടുള്ളു എന്നതിനാൽ ടവറുകളിൽ നിന്നുള്ള വികിരണം ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ ഭൂരിഭാഗം ടവറുകളും ജനവാസകേന്ദ്രത്തിലായതിനാലും 2 ജി യിൽ

നിന്നും 3 ജി യിൽ നിന്നും ടവറുകൾ 4ജിയിലേക്ക് മാറുന്നതിനാലും ഇലക്ട്രോ മാഗ്നറ്റിക് പ്രസരണം അധികരിക്കാനിടയുള്ളതിനാൽ ജനങ്ങളുടെ ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോ എന്ന് പരിശോധിക്കാൻ ശാസ്ത്ര, സാങ്കേതിക വിദഗ്ദരുടെ സമിതിയെ ഏർപ്പെടുത്തുമോ;

(സി) പരിശോധന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആശങ്ക അകറ്റുന്നതിനും എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>കൃത്രിമ മഴ</u>

1455. ശ്രീ.സി. ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കൃത്രിമ മഴയ്ക്കുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>മൊബൈൽ ടവറുകൾക്ക് നിയന്ത്രണം</u>

1456. ശ്രീ.റോഷി അഗസ്റ്റിൻ

**,,** മോൻസ് ജോസഫ്

**,,** സി.എഫ്.തോമസ്

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസകേന്ദ്രങ്ങളിൽ മൊബൈൽ ടവറുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ചുമതല ആർക്കാണ്; നിലവിൽ ടവർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവിധത്തിൽ മൊബൈൽ ടവറുകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ഒരു നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണത്തിനു സി.ആർ .ഇസഡ്.ന്റെ അനുമതിക്കുള്ള നടപടി</u>

1457. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിടം പണിയുന്നതിന് സി .ആർ. ഇസഡ് .ന്റെ അനുമതിയ്ക്കായി സമർപ്പിച്ച ഫയലിന്മേൽ എന്ത് തീരുമാനമെടുത്തു എന്ന് വെളിപ്പെടുത്താമോ;

(ബി) പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണ ചെലവിന്റെ ഒരു ശതമാനം സംഖ്യ കെട്ടിവെക്കണമെന്ന സി .ആർ. ഇസഡ് . അധികൃതരുടെ ഭാഗത്ത്നിന്ന് വന്ന നിർദ്ദേശം റദ്ദ് ചെയ്ത് പ്രസ്തുത സ്കൂളിന് കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

## കാസർഗോഡിലെ ചീമേനി ഐ ടി പാർക്കിന്റെ പണി പുനരാരംഭിക്കാനുള്ള നടപടികൾ

1458. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പരാമർശമുള്ള കാസർഗോഡിലെ ചീമേനി ഐ ടി പാർക്കിന്റെ പണി പുനരാരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഇതിനായി അനുവദിക്കപ്പെട്ട 100 ഏക്കർ വനഭൂമിയിൽ നേരത്തെ നിർത്തിവച്ച നിർമ്മാണം എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കോസ്റ്റൽ റിസർവ് സോൺ

1459. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ റിസർവ് സോൺ പരിശോധനയ്ക്കായി സംസ്ഥാനത്ത് വിവിധ ലോക്കൽ ബോഡികളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ പരിശോധന ആരംഭിച്ചിട്ടുണ്ടോ;

(ബി) പരിശോധനയുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിലേയ്ക്ക് അയച്ച അപേക്ഷകൾ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ടോ;

(ഡി) കോസ്റ്റൽ റിസർവ് സോൺ കൺകറൻസ് നൽകുന്നതിനുള്ള കാലതാമസം

ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) അപേക്ഷ സ്വീകരിച്ചതിന്റെ വിവരങ്ങൾ അപേക്ഷകനെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; റിയാസ് ജമീലയുടെ BL 555/15 നമ്പർ അപേക്ഷയുടെയും ഫസീല റംഷാദിന്റെ (കൊയിലാണ്ടി) BL/121/2016 നമ്പർ അപേക്ഷയുടെയും ഇപ്പോഴത്തെ അവസ്ഥ ലഭ്യമാക്കുമോ?

## വി.ഇ.ഒ.യ്ക്ക് സമാനമായ തസ്തികകൾ

T 1460. ശ്രീ.സി.കെ. ഹരീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.ഇ.ഒ.യ്ക്ക് സമാനമായ തസ്തികകൾ ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിലും ബോർഡുകളിലും ഉണ്ടെന്നും ഈ തസ്തികകളിൽ എത്ര ഡെപ്യൂട്ടേഷൻ വേക്കൻസികൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) വി.ഇ.ഒ.യ്ക്ക് എൽ.ഡി.ക്ലർക്ക് തസ്തികയിൽ ഡെപ്യൂട്ടേഷന് പോകാൻ സാധിക്കുമോ; എവിടെയൊക്കെ എത്ര ഡെപ്യൂട്ടേഷൻ വേക്കൻസികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വി.ഇ.ഒ.യ്ക്ക് ഏതെല്ലാം തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷന് പോകാൻ സാധിക്കും; വിശദാംശങ്ങൾ നൽകാമോ?

## കെ.എ.എസ്സ് നടപ്പാക്കൽ

1461. ശ്രീ.പി.കെ. ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എ.എസ്സ് നടപ്പാക്കുന്നതിൽ പ്രതിഷേധിക്കുന്ന ഒരു വിഭാഗം സെക്രട്ടേറിയറ്റ് ജീവനക്കാർ സെക്രട്ടേറിയറ്റിലെ ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലതാമസം വരുത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പരിശോധിക്കാനായി സർക്കാർ 30.01.17ൽ സെക്രട്ടേറിയറ്റിലെ എല്ലാ സെക്രട്ടറിമാർക്കും നൽകിയ കുറിപ്പിൻ പ്രകാരം ലഭിച്ച റിപ്പോർട്ടുകൾ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുവാനായി നിയോഗിച്ച സെക്രട്ടറി തല കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം; ഇവർ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

## സിവിൽ സർവീസിനെ അഴിമതി വിമുക്തമാക്കലും സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റവും

1462. **ശ്രീ.പി.ടി. തോമസ്**
**,, അടൂർ പ്രകാശ്**
**,, എം. വിൻസെന്റ്**
**,, എ.പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിനെ അഴിമതി വിമുക്തമാക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് പുതിയതായി മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സ്ഥലം മാറ്റം പൂർണ്ണമായും അംഗീകൃത മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിക്കുമോ;

(ഡി) സ്പെഷ്യൽ ഓർഡറും വർക്കിംഗ് അറേഞ്ച്മെന്റും അവസാനിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

## ക്ലാർക്ക് തസ്തികയിലെ എൽ.ഡി./യു.ഡി അനുപാതം

1463. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ക്ലാർക്ക് തസ്തികയിൽ എൽ.ഡി./യു.ഡി അനുപാതമനുസരിച്ച് ഓഫീസുകളിൽ പ്രത്യേകമായി യു ഡി ക്ലാർക്ക് തസ്തിക നിലനിർത്താതെ വകുപ്പ് ഒരു സിംഗിൾ യൂണിറ്റായി കണക്കാക്കി യു. ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നടത്തുന്നതിനും സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സ് തലത്തിൽ യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പ്രമോഷനും നിയമനവും കൈകാര്യം ചെയ്യണമെന്നും 16/3/1989 ലെ ജി.ഒ(പി) 5/89/പി &എ.ആർ.ഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് പാലിക്കാതെ ഇപ്പോഴും പല വകുപ്പുകളിലും യു.ഡി.ക്ലാർക്കായി പ്രമോഷൻ ലഭിക്കുമ്പോൾ ജീവനക്കാരെ ഇതര ജില്ലകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എല്ലാ വകുപ്പുകളിലും 16/3/89 ലെ ജി.ഒ.(പി) 5/89/പി &എ.ആർ.ഡി ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാൻ നിർദ്ദേശം നൽകുമോ?

## സർക്കാർ വകുപ്പുകളിൽ ഉദ്യോഗ സംവരണം

1464. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ എസ്.സി., എസ്.ടി.,പിന്നാക്ക വിഭാഗങ്ങൾക്ക് എത്ര ശതമാനം വീതമാണ് ഉദ്യോഗ സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഓരോ വകുപ്പിലും ഓരോ കാറ്റഗറിയിലും എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഇത്ര ശതമാനം എന്ന നിലയിൽ ഉദ്യോഗത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; അതോ എൻട്രി കേഡറുകളിൽ മാത്രമാണോ ഈ സംവരണമുള്ളത്;

(ഡി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് ഉള്ളത്; അഖിലേന്ത്യാ സർവ്വീസൊഴികെ, സംസ്ഥാന സർക്കാർ വകുപ്പുകളിലെ ക്ലാസ്സ് I, ക്ലാസ്സ് II, ക്ലാസ്സ് III തസ്തികകളിൽ ജോലി ചെയ്യുന്ന ആകെ ഉദ്യോഗസ്ഥരുടെ എണ്ണം എത്ര; ഇതിൽ എത്ര എസ്.സി., എസ്.ടി., മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവരുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ക്ലാസ്സ് I മുതൽ ക്ലാസ്സ് III വരെയുള്ള തസ്തികകളിൽ മതിയായ എണ്ണം എസ്.സി., എസ്.ടി. വിഭാഗക്കാരില്ലെങ്കിൽ, പ്രത്യേക റിക്രൂട്ട്മെന്റിലൂടെ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## അംഗപരിമിതരായ സ്ഥിരം ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ്

1465. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ,സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ ജോലി ചെയ്തുവരുന്ന അംഗപരിമിതരായ സ്ഥിരം ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് സർവ്വീസ് കാലയളവ് പരിഗണിക്കേണ്ടതുണ്ടോ; വിശദമാക്കുമോ;

(ബി) കെ.എസ്.ആർ. വ്യവസ്ഥകൾ അനുസരിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അംഗപരിമിതരായ ജീവനക്കാർ സമർപ്പിക്കുന്ന സ്പെഷ്യൽ കാഷ്വൽ

ലീവ് അപേക്ഷകൾ ചില സർവ്വകലാശാലകൾ നിഷേധിക്കുന്നതായും, ലീവ് പരിമിതപ്പെടുത്തുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ;

(സി) അംഗപരിമിതരായ ജീവനക്കാർക്ക് സർക്കാർ / സർവ്വകലാശാല സർവ്വീസുകളിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കൃത്യമായും ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ?

## ഡ്രൈവർ ഗ്രേഡ് 2 പി.എസ്.സി റാങ്ക് ലിസ്റ്റ്

1466. **ശ്രീ.ഒ. രാജഗോപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 16/2014 ഡ്രൈവർ ഗ്രേഡ് 2 വിവിധ തസ്തികയിലേക്ക് റോഡ് ടെസ്റ്റ് നടത്തിയിട്ടും നാളിതുവരെയായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി തുടർന്നു വന്നതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ യോഗ്യതാ മാനദണ്ഡം പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്തിനുവേണ്ടിയാണ് മാനദണ്ഡം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചത് എന്നറിയിക്കാമോ?

## സ്റ്റാഫ് നഴ്സ് ഗ്രേഡ് II ലിസ്റ്റിൽ നിന്നും നിയമനം

1467. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് II ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ജൂൺ 30 ന് അവസാനിക്കുന്ന ഈ ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഒഴിവുകൾ മുഴുവൻ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## അസിസ്റ്റന്റ്ഗ്രേഡ് II തസ്തികയിലെ നിയമനം

1468. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമനത്തിന് വേണ്ടി പരീക്ഷ നടത്തിയിട്ടുണ്ടോ; പ്രസ്തുത പരീക്ഷ നടത്തിയത് എന്നാണ്; ആയതിന്റെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകൾ നാളിതുവരെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എൻ.ജെ.ഡി ഒഴിവുകൾ ഏതെല്ലാമെന്ന് കമ്മ്യൂണിറ്റി തിരിച്ച് വിശദമാക്കുമോ?

## ഐ.ടി നയം

1469. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി നയത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഈ നയം എന്നു മുതൽ പ്രാബല്യത്തിൽ വരും; വ്യക്തമാക്കുമോ;

(ബി) ഐ.ടി നയത്തിൻറെ ഭാഗമായി മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും തൊഴിൽ സംരക്ഷണത്തിനും വ്യകതമായ രൂപരേഖ തയ്യാറാക്കുമോ;

(സി) കേരളത്തിൽ ചെറുകിട പാർക്കുകൾ എന്ന ആശയത്തെ അംഗീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ?

## കെ-ഫോൺ പദ്ധതി

1470. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർവ്വത്രിക അടിസ്ഥാന ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള കെ-ഫോൺ പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യം ഒരുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ്

അനിവാര്യമായിട്ടുള്ളത്; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങൾ ഈ രംഗത്ത് കൊണ്ടുവരാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

## സി-ഡിറ്റിലെ പിരിച്ചുവിടലും നിയമനവും

1471. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റിൽ നിന്നും എത്ര ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്; പിരിച്ചുവിട്ടവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സി-ഡിറ്റിലെ വിവിധ പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിലും കൺസൾട്ടന്റായും എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട്;

(സി) ഇവരുടെ നിയമനം നടത്തിയത് പത്രപരസ്യം, ഓൺലൈൻ എന്നിവയിലൂടെയാണോ എന്ന് വിശദമാക്കുമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റിൽ കരാർ/കൺസൾട്ടന്റ് നിയമനം ലഭിച്ചവരുടെ പേര്, തസ്തിക, അവർക്കു പ്രതിമാസം വെബ് സർവ്വീസ് ഉൾപ്പെടെ നൽകുന്ന വേതനം, ഓവർ ടൈം അലവൻസ്, ബന്ധപ്പെട്ട പ്രോജക്ടിന്റെ പേര് എന്നിവ വിശദമാക്കുമോ?

## സി-ഡിറ്റിന്റെ പഠനകേന്ദ്രം അനുവദിക്കുന്നതിന് നടപടി

1472. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ പഠനകേന്ദ്രം അനുവദിക്കുന്നതിനായി പ്രോസസ്സിങ് ഫീസ് അടച്ച് ഒരു വർഷം കഴിഞ്ഞിട്ടും ആയത് അനുവദിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സി-ഡിറ്റിന്റെ പഠനകേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ)

1473. ശ്രീ.എം.ഉമ്മർ
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.എൻ. ഷംസുദ്ദീൻ
,, അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ) സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) ഇതിന്റെ സഹായത്താൽ പാവപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നല്കാൻ ലക്ഷ്യമിടുന്നുണ്ട്;

(സി) കമ്പ്യൂട്ടറോ, ആധുനിക മൊബൈലോ ഇല്ലാത്ത പാവപ്പെട്ടവർക്ക് അവ സൗജന്യമായി നല്കുന്നതിനുള്ള പദ്ധതിയുണ്ടോ; എങ്കിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ, വിശദമാക്കുമോ?

<u>അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം</u>

1474. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ വഴി എന്തെല്ലാം കാര്യങ്ങളാണ് (സർവ്വീസുകളാണ്) ജനങ്ങൾക്ക് ചെയ്ത് നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളത്; ഇവ ഓരോന്നിനും സർക്കാർ തന്നെ നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; നിരക്കിന്റെ പട്ടിക ലഭ്യമാക്കുമോ;

(ബി) സർക്കാർ ചാർജുകൾക്ക് പുറമേ കൂടുതലായി എന്തെങ്കിലും തുക അക്ഷയ കേന്ദ്രങ്ങൾക്ക് അപേക്ഷകരിൽ നിന്ന് സ്വീകരിക്കുന്നതിന് അനുമതി ഉണ്ടോ; സ്വീകരിക്കുന്ന തുകക്കുള്ള രസീത് അപേക്ഷകന് നൽകണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴി ഏതൊക്കെ സർവ്വീസുകളാണ് ഉപഭോക്താവിന് സൗജന്യനിരക്കിൽ ചെയ്ത് നൽകേണ്ടതായിട്ടുള്ളത്;

(ഡി) സൗജന്യനിരക്കിലുള്ള സേവനങ്ങൾക്ക് അടിസ്ഥാന സൗകര്യം പോലും ഒരുക്കാതിരിക്കുകയോ അതുമല്ലെങ്കിൽ സൗകര്യങ്ങൾ ഉപയോഗിച്ച് കാര്യം ചെയ്തു കൊടുക്കാതെ അപേക്ഷകനെ തിരിച്ചയക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അത്തരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം

ലഭ്യമാക്കുമോ?

<u>കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി</u>

1475. ശ്രീ.വി.പി.സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമാക്കുന്നതിന് ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുണ്ട്; വിശദമാക്കുമോ;

(സി) എത്ര തൊഴിലവസരങ്ങളാണ് പ്രസ്തുത പദ്ധതി മൂലം ഒരുങ്ങുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ടെക്നോപാർക്കിലെ ജീവനക്കാരെ പിരിച്ചുവിടുന്നതിനെതിരെ നടപടി</u>

1476. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിലെ വിവിധ കമ്പനികളിൽ നിന്നും ജീവനക്കാരെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചുവിടുന്നത് സംബന്ധിച്ച് ആരെങ്കിലും പരാതികൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം പിരിച്ചുവിടുന്ന കമ്പനികൾക്കെതിരെയും ഇതിന് ഇരയാകുന്ന ജീവനക്കാരെ സംരക്ഷിക്കുന്നതിനായും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ജനസാന്ത്വന ഫണ്ട്</u>

1477. ശ്രീ.കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പേർക്ക് ജനസാന്ത്വന ഫണ്ട് അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ജനസാന്ത്വന ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുള്ള കാര്യം വ്യക്തമാക്കാമോ?

<u>മാനന്തവാടി മണ്ഡലത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം</u>

1478. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മാനന്തവാടി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചു;

(ബി) ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ടവരുടെ പേരും വിലാസവും ലഭ്യമാക്കുമോ?

<u>ജനസാന്ത്വനം പദ്ധതി</u>

T 1479. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജനസാന്ത്വനം പദ്ധതിക്കായി അപേക്ഷിക്കുന്നത് സംബന്ധിച്ചും തുടർ നടപടികളെക്കുറിച്ചും ജനങ്ങൾക്കുണ്ടായിട്ടുള്ള തെറ്റിദ്ധാരണ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

1480. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധന സഹായത്തിനായി അപേക്ഷ നൽകിയാൽ ധനസഹായം അനുവദിക്കുന്നതിന് എന്ത് കാലതാമസമാണ് ഇപ്പോഴുള്ളത്; വിശദമാക്കുമോ;

(ബി) അനുവദിക്കപ്പെടുന്ന അപേക്ഷകളിൽ തുക ജനങ്ങൾക്ക് ലഭിക്കുന്നതിന് കാലതാമസം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

1481. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം ഒഴിവാക്കി ദുരിതാശ്വാസ വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണം

1482. ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.കെ.വിജയൻ
,, മുഹമ്മദ് മുഹസിൻ പി.
,, എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിമാനത്താവളം നിർമ്മിക്കുന്നതിന് പരിഗണിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വിമാനത്താവള നിർമ്മാണത്തിന്റെ സാമ്പത്തിക വശങ്ങൾ എങ്ങനെയാണെന്ന് വിശദമാക്കുമോ?

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

1483. ശ്രീ.കെ.സി.ജോസഫ്
,, സണ്ണി ജോസഫ്
,, ഐ.സി.ബാലകൃഷ്ണൻ
,, വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഓഹരി ഘടന മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(ബി) വാണിജ്യാടിസ്ഥാനത്തിൽ വിമാനത്താവളം എന്നത്തേക്ക് പ്രവർത്തനസജ്ജമാകുമെന്ന് അറിയിക്കുമോ;

(സി) റൺവേയുടെ നീളം കൂട്ടുന്നതിനുള്ള രണ്ടാം ഘട്ടനിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

## ലൈറ്റ് മെട്രോ

1484. ശ്രീ.കെ.മുരളീധരൻ

,, വി.എസ്.ശിവകുമാർ

,, കെ.എസ്.ശബരീനാഥൻ

,, എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെയാണ് ഈ പദ്ധതിയുടെ കൺസൽട്ടൻസിയായി നിയമിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ എന്തെല്ലാം പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കൊച്ചി മെട്രോ റെയിൽ പദ്ധതി

1485. ശ്രീ.ഹൈബി ഈഡൻ

,, അൻവർ സാദത്ത്

,, പി.ടി. തോമസ്

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളത്;

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് നടക്കാനുള്ളത്;

(ഡി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>തിരുവനന്തപുരത്ത് ആരംഭിക്കുന്ന ലൈറ്റ് മെട്രോയുടെ നിർമ്മാണ പുരോഗതി</u>

1486. **ശ്രീ.വി.എസ്.ശിവകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ആരംഭിക്കുന്ന ലൈറ്റ് മെട്രോയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയോടനുബന്ധിച്ച് തമ്പാനൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മേൽപ്പാലനിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടി വിശദമാക്കാമോ;

(സി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതി എപ്പോഴത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>നദീ സംയോജന പദ്ധതി സംബന്ധിച്ച കേരളത്തിന്റെ നിലപാട്</u>

T 1487. **ശ്രീ.കെ. കൃഷ്ണൻകുട്ടി**

**,,** കെ.ബി.ഗണേഷ് കുമാർ

**,,** സി.കെ.നാണു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീ സംയോജന പദ്ധതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുവാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) നദീസംയോജനം കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് പഠിക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയോ ചർച്ചകൾ നടത്തുകയോ വിദഗ്ധ അഭിപ്രായം സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) അച്ചൻകോവിൽ, പമ്പ നദികളിലെ ജലം പൂർണ്ണമായും പങ്കുവക്കുന്നത് തടയുന്നതിനും സംസ്ഥാനത്തിന്റെ ജലസമൃദ്ധി ഉറപ്പ് വരുത്തുന്നതിനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അന്തർ സംസ്ഥാന നദീജല തർക്ക പരിഹാരത്തിനായുള്ള നിയമം

1488. ശ്രീ.കെ. കൃഷ്ണൻകുട്ടി

,, സി.കെ.നാണു

,, കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദീജല തർക്ക പരിഹാരത്തിനായുള്ള നിയമത്തിലെ ഭേദഗതിയുടെ കരട് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അയച്ചു കൊടുത്ത സാഹചര്യത്തിൽ കേരളത്തിന്റെ നിലപാട് വിശദീകരിക്കാമോ;

(ബി) അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനും സ്ഥിരം കർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നല്കുമോ;

(സി) നദീ സംയോജന പദ്ധതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ നിലപാട് എന്താണ് ; ഇതിനായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശിരുവാണി അണക്കെട്ടിൽനിന്നുള്ള ജല ചൂഷണം

T 1489. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ശിരുവാണി അണക്കെട്ടിൽനിന്നും തമിഴ് നാട് വൻതോതിൽ ജലം കടത്തിക്കൊണ്ടുപോകുന്നുവെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരമുള്ള ജല ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ച പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ജിഷ്ണു കേസുമായി ബന്ധപ്പെട്ട പത്ര പരസ്യം

1490. ശ്രീ.വി.ടി.ബൽറാം

,, പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഏപ്രിൽ 8 ന് 'ജിഷ്ണു കേസ്, പ്രചരണമെന്ത്, സത്യമെന്ത്' എന്ന തലക്കെട്ടിൽ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് വിവിധ പത്രങ്ങളിൽ നൽകിയ പരസ്യത്തിനായി ആകെ ചെലവ് ചെയ്ത തുക എത്ര? അല്ലെങ്കിൽ പ്രതീക്ഷിക്കുന്ന ചെലവ് എത്ര?

(ബി) ഏതെല്ലാം പത്രങ്ങളിലാണ് പ്രസ്തുത പരസ്യം നൽകിയത്? ഓരോ പത്രത്തിനും പരസ്യക്കൂലി ഇനത്തിൽ നൽകിയ തുക എത്ര? വിശദാംശം നൽകുമോ?

## പരസ്യം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

1491. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വിവിധ മാധ്യമങ്ങൾക്കായി എത്ര തുകയാണ് പരസ്യയിനത്തിൽ നൽകിയത്;വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ പരസ്യം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) ഏതെങ്കിലും വിദേശ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

## പ്രാദേശിക പത്രപ്രവർത്തകർക്കായുള്ള ക്ഷേമനിധി

1492. **ശ്രീ.വി.ആർ. സുനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാദേശിക പത്രപ്രവർത്തകർക്കായി ഒരു ക്ഷേമനിധി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാർ 2016-17-ലെ ബഡ്ജറ്റിൽ എത്ര രൂപ നീക്കി വച്ചു;

(സി) ഇതുവരെയുള്ള ക്ഷേമനിധി പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും സംഘടന സർക്കാരിന് ഇത് സംബന്ധിച്ച് നിവേദനം നല്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

## പൊതുജനസമ്പർക്ക മേളകൾ

1493. ശ്രീ.റ്റി.വി.രാജേഷ്
,, കെ. ആൻസലൻ
,, ഇ.പി.ജയരാജൻ
,, എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളത്തിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന നാലു പദ്ധതികൾ സംബന്ധിച്ച് പൊതുജനസമ്പർക്ക മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സർക്കാരിന്റെ വിവിധ പരിപാടികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഇത്തരം മേളകൾ എപ്രകാരമെല്ലാം സഹായകരമാകുമെന്നാണ് കരുതുന്നത്;

(സി) ഇതിനായി അച്ചടി, ദൃശ്യ, ശ്രവ്യ, നവ മാധ്യമങ്ങൾ എന്നിവ മുഖേനയുള്ള പരസ്യങ്ങൾ, ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പരിപാടി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പ്രവാസി ക്ഷേമ പെൻഷൻ

1494. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമ പെൻഷൻ ലഭിക്കുന്നതിന്റെ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങളും അറിയിക്കാമോ;

(ബി) ഈ സർക്കാർ പ്രവാസി ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയായിട്ടാണ് ഇത് വർദ്ധിപ്പിച്ചിട്ടുള്ളത്; ഏത് തീയതി മുതൽ വർദ്ധിപ്പിച്ച പെൻഷൻ നൽകാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) പ്രസ്തുത പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ പെൻഷനാണ് വിതരണം ചെയ്യാൻ കുടിശ്ശികയായിട്ടുള്ളത്;

(ഡി) അർഹരായ മുഴുവൻ പ്രവാസികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ്

1495. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ബോർഡ് വഴി നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും കൂടുതൽ പേരിലേയ്ക്ക് അതിന്റെ ഗുണഫലങ്ങൾ എത്തിക്കുന്നതിനും ആവശ്യമായ പുന:ക്രമീകരണങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ;

(സി) പ്രവാസി കേരളീയ ക്ഷേമ നിധി ബോർഡിൽ കൂടുതൽ പേരെ അംഗങ്ങളാക്കുന്നതിന് ജില്ലാതലത്തിൽ ഒരു അംഗത്വ വാരാഘോഷം സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) വിവിധ രാജ്യങ്ങളിലെ അംഗീകൃത മലയാളി കൂട്ടായ്മകളെ ഉപയോഗിച്ചുകൊണ്ട് അംഗത്വം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഓൺലൈൻ അംഗത്വ രജിസ്ട്രേഷൻ ആലോചനയിലുണ്ടോ എന്നറിയിക്കാമോ?

## സാന്ത്വനം പദ്ധതി

1496. ശ്രീ.ജെയിംസ് മാത്യു
,, വി. അബ്ദുറഹിമാൻ
,, എൻ. വിജയൻ പിള്ള
,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങി എത്തുന്നവരുടെ ക്ഷേമത്തിനായി 'സാന്ത്വനം' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നതെന്നും ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) മരണമടഞ്ഞ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് മരണാനന്തര നഷ്ടപരിഹാരം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ?

## നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ

<u>എമിഗ്രന്റ്സ്(എൻ.ഡി.പി.ആർ.ഇ.എം.) ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ</u>

1497. ശ്രീ.കെ.വി.അബ്ദുൾ ഖാദർ
,, പുരുഷൻ കടലുണ്ടി
,, വി. അബ്ദുറഹിമാൻ
,, ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ അധികമായി മടങ്ങിയെത്താൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ ഇവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(എൻ.ഡി.പി.ആർ.ഇ.എം.) ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരം പദ്ധതികൾക്കായി നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകാൻ സംവിധാനമുണ്ടോ;വിശദാംശം നൽകുമോ?

<u>പ്രവാസികളുടെ ക്ഷേമം</u>

1498. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി സ്വീകരിക്കുന്ന നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഒഡെപെകിനെ വിവിധ രാജ്യങ്ങളിലെ എംബസികളുമായി ബന്ധപ്പെടുത്തി തൊഴിൽ ലഭ്യതയും മറ്റ് നടപടികളും എളുപ്പത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രവാസി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ അല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ഡി) നോർക്കയുമായി ബന്ധപ്പെടുത്തി പ്രവാസികളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭ പദ്ധതി

1499. ശ്രീ.കെ.സി.ജോസഫ്

,, റോജി എം. ജോൺ

,, അടൂർ പ്രകാശ്

,, എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് നിന്ന് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സമഗ്രപദ്ധതി (എൻ ഡി പി ആർ ഇ എം )ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്നും എത്രപേർക്ക് ആനുകൂല്യം നൽകിയെന്നും വെളിപ്പെടുത്തുമോ?

## പ്രവാസികൾക്ക് സ്വയം തൊഴിൽ വായ്പാ സഹായം

1500. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾ സ്വയം തൊഴിലിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപേക്ഷകരിൽ അർഹരായ പകുതിപ്പേർക്ക് പോലും വായ്പ ലഭ്യമാക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ അപേക്ഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുന്ന തരത്തിൽ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## മുഖ്യമന്ത്രിയുടെ ഓഫീസിൽ ചീഫ് സെക്രട്ടറിയുടെ പദവിയിൽ ഉപദേഷ്ടാവിനെ നിയമിച്ച നടപടി

1501. ശ്രീ.എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ ചീഫ് സെക്രട്ടറിയുടെ പദവിയിൽ ഉപദേഷ്ടാവിനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്നും, അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ബി) കുറ്റാന്വേഷണത്തിലും, ക്രമസമാധാനപാലനത്തിലും പോലീസിന് തുടർച്ചയായി വീഴ്ചയുണ്ടാകുന്ന സാഹചര്യത്തിലാണോ ഉപദേഷ്ടാവിനെ നിയമിക്കുവാൻ തീരുമാനമെടുത്തത്;

(സി) പല കേസുകളിലും പോലീസിന് വീഴ്ച പറ്റിയെന്ന ആക്ഷേപം ഉള്ളത് ആഭ്യന്തര വകുപ്പിൻെറ കെടുകാര്യസ്ഥതമൂലമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ ?

<u>അരുൺരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് ലോക്കപ്പ് മർദ്ദനം</u>

1502. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015ഡിസംബർ 5 ന് കോതമംഗലം പോലീസ് സ്റ്റേഷനിൽ അരുൺരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് ലോക്കപ്പ് മർദ്ദനം ഏറ്റതുമായി ബന്ധപ്പെട്ട കേസ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച പരാതിയിൽമേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കേസ് രജിസ്റ്റർ നമ്പറും രജിസ്റ്റർ ചെയ്ത തീയതിയും എന്നാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ കേസ്സിൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

1503. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;നിലവിൽ ഈ കേസുകൾ ആരാണ് അന്വേഷിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

## രാഷ്ട്രപതിയുടെ കറക്ഷണൽ സർവ്വീസ് മെഡൽ നേടിയ ജയിൽ ഉദ്യോഗസ്ഥർക്കുള്ള അലവൻസ്

1504. **ശ്രീ.കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്തുത്യർഹമായ സേവനത്തിനു കറക്ഷണൽ സർവ്വീസ് മെഡൽ ജേതാക്കൾ ആയ ജയിൽ ഉദ്യോഗസ്ഥർക്ക് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൻെറ 15.01.2014-ലെ 1605/1/2008 /PR നമ്പർ കത്തു പ്രകാരം 1.04.2011 മുതൽ പ്രതിമാസം 450 രൂപ അലവൻസ് അനുവദിച്ചിട്ടുള്ള വിവരം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) സംസ്ഥാനത്ത് എത്ര പേർ സ്തുത്യർഹസേവനത്തിന് രാഷ്ട്രപതിയുടെ കറക്ഷണൽ സർവ്വീസ് മെഡൽ നേടിയിട്ടുണ്ട്; അവർ ആരെല്ലാം; എത്ര പേർ ഇപ്പോൾ സർവ്വീസിലുണ്ട്;

(സി) പ്രതിമാസ അലവൻസ് ലഭിക്കാൻ മെഡൽ ജേതാക്കൾ ജയിൽവകുപ്പിലും സർക്കാരിലും അപേക്ഷ നൽകിയിട്ടുണ്ടോ;

(ഡി) രാഷ്ട്രപതിയുടെ കറക്ഷണൽ സർവ്വീസ് മെഡൽ ജേതാക്കൾക്കു കേന്ദ്ര സർക്കാർ അനുവദിച്ച പ്രതിമാസ അലവൻസായ 450 രൂപ എത്രപേർക്ക് നൽകിയിട്ടുണ്ട്?

(ഇ) ഈ മെഡൽ ജേതാക്കൾക്ക് പ്രതിമാസ അലവൻസ് 01.04.2011 പ്രാബല്യത്തിൽ കുടിശ്ശിക നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## യു.എ.പി.എ. ചുമത്തപ്പെട്ട നിരപരാധികളെന്നു കണ്ടെത്തിയവരുടെ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടി

1505. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മനുഷ്യാവകാശ പ്രവർത്തകരടക്കം നിരപരാധികളായ നിരവധിപേർക്കെതിരെ യു.എ.പി.എ. ചുമത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ സർക്കാർ പുന:പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് രാഷ്ട്രീയ സമ്മർദ്ധത്തിന് വഴങ്ങി ഉന്നത പോലീസ് കേന്ദ്രങ്ങൾ ഇത്തരം നിയമവിരുദ്ധ നടപടികളിൽ ഇടപെട്ടിട്ടുണ്ട് എന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ഡി.ജി.പി ഈ വിഷയത്തിൽ എന്തെങ്കിലും റിപ്പോർട്ട് ആഭ്യന്തര വകുപ്പിന് നൽകിയിട്ടുണ്ടോ;

(ഇ) ഡി.ജി.പിയുടെ പരിശോധനയിൽ നിരപരാധികൾ എന്ന് കണ്ടെത്തിയ യു.എ.പി.എ. ചുമത്തപ്പെട്ടവരുടെ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(എഫ്) യു.എ.പി.എ. സംബന്ധിച്ച് മുൻ സർക്കാർ നിലപാടിനെ അപേക്ഷിച്ച് ഈ സർക്കാരിന്റെ പൊതു നിലപാട് വിശദമാക്കാമോ?

<u>കെ.കെ. മാത്യുവിന്റെ മരണവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റുചെയ്യാൻ നടപടി</u>

1506. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വഴിക്കടവ് പോലിസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാമങ്ങര പ്രദേശത്ത് കൊയിക്കര കെ.കെ.മാത്യൂ എന്നയാൾ 2016 ഫെബ്രുവരി മാസത്തിൽ മരണപ്പെട്ടത് സംബന്ധിച്ച കേസിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കേസിൽ ആരെയെല്ലാമാണ് പ്രതി ചേർത്തിട്ടുള്ളതെന്നും കേസന്വേഷണത്തിന് നേതൃത്വം നൽകുന്നത് ആരെല്ലാമാണെന്നും അന്വേഷണം ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അറസ്റ്റ ചെയ്യാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസിനെ സംബന്ധിച്ച പോലീസിന്റെ മറ്റ് നിഗമനങ്ങൾ എന്തെല്ലാമെന്നു വിശദമാക്കാമോ;

(ഇ) പ്രസ്തുത കേസിലെ പ്രതികളെ അടിയന്തരമായി അറസ്റ്റ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>സബ് ഇൻസ്പെക്ടർമാരുടെ വിദഗ്ധ പരിശീലനം</u>

1507. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പോലീസ് സബ് ഇൻസ്പെക്ടർമാർ പരിശീലനം കഴിഞ്ഞ് സേനയിൽ എത്തിയിട്ടുണ്ട്;

(ബി) ആധുനിക കാലഘട്ടത്തിലെ കുറ്റകൃത്യങ്ങളായ സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തുടങ്ങിയവ തടയുന്നതിനുള്ള പരിശീലനം ഇവർക്ക് ലഭ്യമായിട്ടുണ്ടോ;

(സി) മറ്റ് ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ടാണ് ഇവർക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടവും തസ്തികകളും

1508. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ പുതുതായി അനുവദിച്ച ചെറുപുഴ പോലീസ് സ്റ്റേഷനിൽ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി അനുവദിച്ച ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ ഏത് വരെയായി;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

മുഴുവൻ പോലീസ് സ്റ്റേഷനുകളിലും യോഗ നിർബന്ധമാക്കിയ സാഹചര്യം

1509. **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും സേനാംഗങ്ങൾക്ക് യോഗ നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ; ഇതിനുള്ള തീരുമാനം എടുക്കാനിടയായ അടിയന്തിര സാഹചര്യം എന്തായിരുന്നു;

(ബി) ഈ വിഷയത്തിർ സംസ്ഥാന സർക്കാർ പോലീസ് മേധാവിക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കാസർഗോഡ് മദ്രസാ അധ്യാപകന്റെ കൊലപാതകം - അന്വേഷണ സംഘത്തിന് റിവാർഡ്

1510. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അടുത്ത കാലത്ത് മദ്രസാ അധ്യാപകനെ കൊലപ്പെടുത്തിയ കേസിലെ പ്രതികളെ എത്ര ദിവസത്തിനുള്ളിൽ പിടികൂടാൻ പോലീസിന് സാധിച്ചിട്ടുണ്ട്;

(ബി) അന്വേഷണ സംഘത്തിൽ ആരൊക്കെ ഉണ്ടായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രതികളെ പെട്ടെന്ന് പിടികൂടിയത് മൂലം ജില്ലയിൽ കലാപം ഉണ്ടാക്കാനുള്ള ഗൂഢശ്രമം ഇല്ലായ്മ ചെയ്ത അന്വേഷണ സംഘത്തിന് റിവാർഡ് നൽകുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടി</u>

1511. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് നിയമസഭാ സമിതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഓരോ പ്രദേശത്തേയും ജനങ്ങൾക്ക് പോലീസിന്റെ കാര്യക്ഷമത വിലയിരുത്തുന്നതടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ പോലീസ് സ്റ്റേഷനിലും ആവശ്യമായ വാഹനങ്ങൾ അനുവദിക്കുന്നതിനും, ഇന്ധനച്ചെലവ്, മെയിന്റനൻസ് എന്നിവ യഥാസമയം അനുവദിക്കുന്നതിനും ആവശ്യമായ ഡ്രൈവർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ഹെൽമെറ്റ് വേട്ട നടത്തി സർക്കാർ ഖജനാവിൽ പണമെത്തിക്കാൻ പോലീസിന് ടാർജറ്റ്</u>

1512. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുംകുറ്റകൃത്യങ്ങൾ തടയാൻ പോലീസ് മടിച്ചു നിൽക്കുന്നതുമൂലം അവ നിത്യേന വർദ്ധിച്ചു വരുമ്പോഴും ഹെൽമെറ്റ് വേട്ടയ്ക്ക് പോലീസ് ശ്രദ്ധക്കാന്തി

കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹെൽമെറ്റ് വേട്ട നടത്തി സർക്കാർ ഖജനാവിൽ പണമെത്തിക്കാൻ പോലീസിന് ടാർജറ്റ് നിശ്ചയിച്ച നൽകിയിട്ടുണ്ടോ;

(സി) മറ്റു നിയമലംഘനങ്ങൾ സർവ്വസാധാരണമാവുമ്പോഴും ഇക്കാര്യത്തിൽ മാത്രം ശുഷ്കാന്തിയുണ്ടാവുന്നത് സർക്കാർ ഖജനാവിനും സ്വന്തം കീശയ്ക്കും വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടിയാണെന്ന ആക്ഷേപം ജനങ്ങൾക്കിടയിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എല്ലാത്തരം നിയമലംഘനങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

## അഴിമതിയുടെയും പേരിൽ അച്ചടക്ക നടപടിക്ക് വിധേയരായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ

1513. **ശ്രീ.ടി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള പരാതികളും ആക്ഷേപങ്ങളും പരിശോധിച്ചിട്ടുണ്ടോ;

(ബി) പോലീസുകാർ മുതൽ ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർ വരെയുള്ളവരുടെ മോശമായ പ്രതികരണങ്ങളിലും, നടപടികളിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സ്വഭാവദൂഷ്യത്തിന്റെയും അഴിമതിയുടെയും പേരിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ അച്ചടക്ക നടപടിക്ക് വിധേയരായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## ബി .എം. എസ് പ്രവർത്തകൻ സന്ദീപിന്റെ മരണം

1514. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഏപ്രിൽ മാസത്തിൽ ബി .എം. എസ് പ്രവർത്തകൻ സന്ദീപിന്റെ മരണവുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റുമോർട്ടം റിപ്പോർട്ട് പ്രകാരം മരണ കാരണം എന്തായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കസ്റ്റഡി മരണമാണെന്ന് ആരോപിച്ച് ബി.ജെ.പി കാസർഗോഡ് ജില്ലാ ഘടകം നടത്തിയ ഹർത്താലിൽ എത്ര രൂപയുടെ നഷ്ടമാണ് ജില്ലയിൽ ഉണ്ടായിട്ടുള്ളത്;

വിശദാംശങ്ങൾ അറിയിക്കാമോ?

<u>യു.എ.പി.എ. ചുമത്തി രജിസ്റ്റർ ചെയ്ത കേസുകൾ</u>

1515. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.എ.പി.എ. ചുമത്തി പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ ചിലത് നിലനിൽക്കില്ലെന്ന് ഡി.ജി.പി.യുടെ നേതൃത്വത്തിലുള്ള സമിതി ഇപ്പോൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കേസുകൾ പ്രസ്തുത ഇനത്തിൽ ഇതിനകം രജിസ്റ്റർ ചെയ്തുവെന്നും ഇതിൽ എത്ര കേസുകളാണ് നിയമപരമായി നിലനിൽക്കില്ലെന്ന് ഇപ്പോൾ കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേസുകൾ ഇപ്പോൾ പുനരവലോകനം ചെയ്യാനുണ്ടായ സാഹചര്യമെന്തെന്ന വ്യക്തമാക്കുമോ;

(ഡി) മേൽ ഉദ്യോഗസ്ഥരുടെ മുൻകൂർ അനുമതി വാങ്ങാതെ സ്റ്റേഷൻ തലത്തിൽ യു.എ.പി.എ. ചുമത്തുന്ന രീതി നിലവിലുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകമോ?

<u>യു.എ.പി.എ. വകുപ്പ് ചുമത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ</u>

1516. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസ്സുകളിൽ യു.എ.പി.എ. വകുപ്പ് ചുമത്തിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയത് പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

<u>യു.എ.പി.എ. ചുമത്തപ്പെട്ട കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിലെ കാലതാമസം</u>

1517. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ യു.എ.പി.എ. ചുമത്തപ്പെട്ട എത്ര കേസുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പ്രതികളാക്കപ്പെട്ടവർ എത്രയാണെന്നും അവർ ഏതെല്ലാം ജില്ലയിലുള്ളവരാണെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസുകളുടെ കുറ്റപത്രം സമർപ്പിക്കുന്നതിലെ കാലതാമസം മൂലം കേസ് തീർപ്പാക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എത്ര കേസുകൾക്ക് ഇതുവരെ കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും ബാക്കിയുള്ളവ എത്രയെന്നും അറിയിക്കുമോ?

## കെ.സുരേന്ദ്രന് എതിരായ കേസ്

1518. **ശ്രീ.വി.ടി.ബൽറാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ജെ.പി നേതാവ് കെ.സുരേന്ദ്രൻ മംഗലാപുരത്ത് നടത്തിയ പ്രകോപനപരമായ പ്രസംഗത്തിന്റെ പേരിൽ കേസെടുക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും പരാതി പൊലീസിന് ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ പോലീസ് കേസെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരാതിയിന്മേൽ കേരളത്തിൽ കേസെടുക്കാൻ കഴിയില്ലെങ്കിൽ കേസെടുക്കാനുള്ള ശിപാർശയോടെ പരാതി കർണ്ണാടക സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## സജി ബഷീറിനെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

1519. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോ മാനേജിംഗ് ഡയറക്ടറായിരുന്ന സജി ബഷീറിനെതിരെ വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കേസ്സുകളും ഏതേത് പോലീസ് സ്റ്റേഷനുകളിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും കേസ്സിനാസ്പദമായ കുറ്റകൃത്യങ്ങൾ എന്താണെന്നും ഓരോ കേസ്സിന്റെയും പരാതിക്കാർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഓരോ കേസ്സുകളും ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും കേസ്സുമായി ബന്ധപ്പെട്ട് സജി ബഷീറിനെതിരെ അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. എം. എം. ഹസ്സൻ തിരുവനന്തപുരത്ത് നടത്തിയ ഹർത്താൽ വിരുദ്ധ ഉപവാസം

1520. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. പി. സി. സി. യുടെ ഇപ്പോഴത്തെ താത്ക്കാലിക അദ്ധ്യക്ഷൻ ശ്രീ. എം. എം. ഹസ്സൻ മുമ്പ് എപ്പോഴെങ്കിലും തിരുവനന്തപുരത്ത് ഹർത്താൽ വിരുദ്ധ ഉപവാസം നടത്തിയിരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ അദ്ദേഹം എത്ര ദിവസം ഉപവാസം നടത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഹർത്താൽ നിരോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം. എം. ഹസ്സൻ അന്നത്തെ സർക്കാരിന് നിവേദനം നൽകിയിരുന്നുവോ; ഉണ്ടെങ്കിൽ ആഭ്യന്തര വകുപ്പ് ഇതിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ആർ.എസ്സ് .എസ്സ് ,ബി.ജെ.പി പ്രവർത്തകർ പ്രതികളായിട്ടുള്ള കൊലപാതകങ്ങൾ

1521. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആർ.എസ്സ് .എസ്സ് ,ബി.ജെ.പി പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിൽ ആകെ എത്ര പ്രതികൾ ഉണ്ട്;

(ബി) ആർ.എസ്സ് .എസ്സ് ,ബി.ജെ.പി പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കൊലപാതകങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുണ്ട്; ഇതിൽ ആകെ എത്ര പ്രതികൾ ഉണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സി.പി.ഐ(എം) , ഡി.വൈ.എഫ്.ഐ പ്രവർത്തകരെയാണ് ആർ.എസ്സ് .എസ്സ് , ബി.ജെ.പി സംഘത്തിൽപ്പെട്ടവർ കൊലചെയ്തിട്ടുള്ളത്; കൊല ചെയ്യപ്പെട്ടവരുടെ പേരുവിവരം വ്യക്തമാക്കാമോ?

കാപ്പ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

1522. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2016 മെയ് മാസം വരെ സംസ്ഥാനത്ത് എത്ര പേർക്കെതിരെ കാപ്പ ആക്റ്റ് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന്

വ്യക്തമാക്കുമോ;

(ബി) കാപ്പ ആക്റ്റ് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തതിൽ എത്ര പേർ പൊതുപ്രവർത്തകരാണെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ കാപ്പ ആക്റ്റ് പ്രകാരം കേസ്സിൽപ്പെട്ട പൊതുപ്രവർത്തകരിൽ വിവിധ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്ന എത്രപേർ വീതം ഉൾപ്പെട്ടിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>കാപ്പ നിയമപ്രകാരം എടുത്ത കേസുകളുടെ എണ്ണം</u>

1523. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പ നിയമ പ്രകാരം എത്ര പേർക്കെതിരെ കേസ്സ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ?

<u>വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി</u>

1524. **ശ്രീ.എ. പ്രദീപ്കുമാർ**
**,, സി.കൃഷ്ണൻ**
**,, സി.കെ. ഹരീന്ദ്രൻ**
**പ്രൊഫ.കെ.യു. അരുണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി പോലീസിംഗ് നടപ്പിലാക്കുന്നതു വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സമൂഹത്തെ വർഗ്ഗീയമായി വിഭജിക്കാൻ ഫാസിസ്റ്റ ശക്തികളും തീവ്രവാദ ശക്തികളും ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങളെ തുടക്കത്തിൽ തന്നെ കണ്ടെത്തി തടയുന്നതിന് ഈ സംവിധാനം എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) സ്ത്രീകളുടെയും കുട്ടികളുടെയും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെ ചെറുക്കാൻ പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് ജനമൈത്രി പോലീസിംഗ് സംവിധാനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

## പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ജിഷ്ണു പ്രണോയിയുടെ അമ്മയുടെ സത്യാഗ്രഹം

1525. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ജിഷ്ണു പ്രണോയുടെ അമ്മ സത്യാഗ്രഹം നടത്താൻ എത്തുമ്പോൾ അവരോടൊപ്പം മൊത്തം എത്രപേർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ അവരുടെ കുടുംബാഗംങ്ങൾ ഒഴികെ എത്ര പേരുണ്ടായിരുന്നുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) തോക്കുസ്വാമിഎന്ന് അറിയപ്പെടുന്നയാൾ ഡിജി.പി.യെ കാണാൻ നേരത്തെ അനുമതി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കൂടിക്കാഴ്ച അനുവദിച്ചിരുന്നോ;

(ഡി) ഡി.ജി.പി. യെ സ്വന്തം കാര്യത്തിന് കാണാൻ വന്ന് ചായകുടിച്ചു നിൽക്കുമ്പോഴാണ് കസ്റ്റഡിയിലെടുത്തതെന്ന തോക്കു സ്വാമിയെന്ന അപര നാമധാരിയുടെ ആരോപണം വസ്തുതകൾക്ക് നിരക്കുന്നതാണോ;

(ഇ) ഇരുപതിൽ താഴെയുള്ളവരെ ഒരു ബലപ്രയോഗവുമില്ലാതെ തന്നെ തന്ത്രപൂർവ്വം കൈകാര്യം ചെയ്യാനാവാത്ത പോലീസ് അക്രമാസക്തമായ ജനക്കൂട്ടത്തെ എങ്ങനെ സമാധാന മാർഗ്ഗങ്ങളുപയോഗിച്ച് നേരിടാൻ പ്രാപ്തമാവും എന്ന ആക്ഷേപം ഗൗരവപൂർവ്വം പരിശോധിക്കുമോ?

## സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ

1526. **ശ്രീ.ഇ.പി.ജയരാജൻ**
**,,** ആർ. രാജേഷ്
**ശ്രീമതി.**വീണാ ജോർജ്ജ്
**ശ്രീ.**വി. ജോയി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പൊതു വാഹനങ്ങളും തൊഴിലിടങ്ങളും പൊതു നിരത്തുകളും സ്ത്രീ സുരക്ഷിതമാക്കാൻ കൂടുതൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ;

(സി) പൊതു സ്ഥലങ്ങളിൽ അപമാനത്തിന് ഇരയാകുന്നവർക്ക് ആത്മ വിശ്വാസം

നൽകുന്നതിനുള്ള കൗൺസിലിംഗ്, സ്ത്രീകൾക്ക് സ്വയം പ്രതിരോധത്തിനുള്ള പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

പോലീസ് സേനയിലെ വനിതകളുടെ എണ്ണം

1527. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് ജില്ലകളിൽ നിലവിലുള്ള വനിത ഇൻസ്പെക്ടർ, വനിത സബ് ഇൻസ്പെക്ടർ എന്നിവരുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) പോലീസ് ജില്ലകളിൽ നിലവിലുള്ള വനിതാ ഗ്രേഡ് എസ്. ഐ. മാരുടെ എണ്ണം എത്രയാണ് ;

(സി) വനിത ഇൻസ്പെക്ടർ, വനിതസബ് ഇൻസ്പെക്ടർ എന്നിവരുടെ എണ്ണത്തിലെ ആനുപാതിക കുറവ് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലെ വനിത ഗ്രേഡ് എസ്. ഐ. മാരെ വനിതാ സബ് ഇൻസ്പെക്ടർ ആകൾ യി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സാധ്യത പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ?

പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം പരിഹരിക്കുന്നതിന് നടപടി

1528. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം വർദ്ധിച്ചുവരുന്നതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇത്തരത്തിൽ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിലേറിയതുമുതൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ഈ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

പോലീസ് സേനയിൽ വനിതാപ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് നടപടി

1529. **ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**,, എം. മുകേഷ്**
**,, പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാന പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ ഇതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്ത്രീ സൗഹൃദ വനിതാ പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ജിഷ്ണു കേസുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച സർക്കാർ വിശദീകരണക്കുറിപ്പ്</u>

1530. **ശ്രീ.ടി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ്ണു കേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മുഴുവൻ പത്രങ്ങളിലും പ്രസിദ്ധീകരിച്ച സർക്കാർ വിശദീകരണക്കുറിപ്പിനു വേണ്ടി സർക്കാർ ഖജനാവിൽ നിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഒരു പത്ര സമ്മേളനത്തിലൂടെ അറിയിക്കേണ്ട കാര്യങ്ങൾ ഇത്രയും ഭീമമായ ചെലവിൽ പത്രങ്ങളിൽ അര പേജ് പരസ്യമായി നൽകേണ്ടി വന്ന സാഹചര്യം വിശദീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

<u>കൊല്ലം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസുകാരില്ലെന്ന പരാതി</u>

1531. **ശ്രീ.എം. നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസുകാരില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി

പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കൊല്ലം ജില്ലയിലെ പോലീസ് സ്റ്റേഷനുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ എസ്.ഐ, എ.എസ്.ഐ, സി.പി.ഒ, വിമൻ സി.പി.ഒ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>അനുമതി ലഭിക്കാതെ മതസംഘടനകളുടെ പരിപാടികളിൽ പങ്കെടുത്ത ഡി.ജി.പി/ എ.ഡി.ജി.പിമാർ</u>

1532. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവ. അധികാരത്തിൽ വന്നത് മുതൽ സംസ്ഥാനത്തെ ഡി.ജി.പിമാരും എ.ഡി.ജി.പി മാരും പൊതുവേദിയിൽ പങ്കെടുത്ത സർക്കാരിതര പരിപാടികൾ ഏതൊക്കെയാണ്; ആയതിന്റെ എണ്ണവും പരിപാടിയും ഉൾപ്പടെയുള്ള വിശദവിവരവും വെളിപ്പെടുത്തുമോ;

(ബി) സർക്കാരിന്റെ മുൻകൂർ അനുമതി ഇതിന് ആവശ്യമായിരുന്നോ; എങ്കിൽ ആരൊക്ക അനുമതിയ്ക്കായി അപേക്ഷിച്ചിരുന്നു; ഈ അപേക്ഷകളിൽ എത്ര എണ്ണത്തിന് അനുമതി നൽകി; അനുമതി ലഭിച്ചവരുടെ വിശദവിവരം വെളിപ്പെടുത്തുമോ; ആരുടെയൊക്കെ അപേക്ഷകൾക്ക് അനുമതി നിരസിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) അനുമതി നൽകിയവയിൽ എത്രയെണ്ണം മതപരിപാടികളിൽ പങ്കെടുക്കാനുളളവയായിരുന്നു. അനുമതി ലഭിക്കാതെ എത്ര ആരാധനാലയ / മതസംഘടനകളുടെ പരിപാടികളിൽ ഡി.ജി.പി ഉൾപ്പെടെ പങ്കെടുത്തിരുന്നു.; വിശദവിവരം ലഭ്യമാക്കുമോ?

<u>പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവ്</u>

1533. **ശ്രീ.റോഷി അഗസ്റ്റിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ (എം.എസ്)266/2014 /ഹോം dated 23/12/2014 ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ എന്താണ് തടസ്സം; വിശദാംശം ലഭ്യമാക്കുമോ;

(ബി) പോലീസ് വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് കോൺഫിഡൻഷ്യൽ

അസിസ്റ്റൻറ് തസ്തികയിലേക്കുള്ള കൺവെർഷന്റെ അനുപാതം, ഇതരവകുപ്പകളിലെ പ്രസ്തുത തസ്തികയിലേക്കുള്ള കൺവെർഷന്റെ അനുപാതം എന്നിവ എത്രശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ;ഇപ്രകാരമുള്ള കൺവെർഷൻ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്; ഇത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം ആർക്കാണ്; ഇതുസംബന്ധിച്ച ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

<u>പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് തസ്തിക</u>

1534. ശ്രീ.വി.ആർ. സുനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറിൻെറ എത്ര തസ്തികകൾ ഉണ്ട് ; ജില്ലയും യൂണിറ്റും തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് വഴി നിയമനം നേടി ; എത്ര പേരെ കൺവർഷൻ വഴി ടൈപ്പിസ്റ്റ് ആയി നിയമിച്ചു; എത്ര പേരെ പി.എസ്.സി വഴി നിയമിച്ചു എന്നുള്ള കണക്ക് ജില്ലയും യൂണിറ്റും തിരിച്ച് നിയമനം നേടിയ വർഷം സഹിതം ലഭ്യമാക്കുമോ;

(സി) നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറിൻെറ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ ഏത് വിധത്തിലാണ് നികത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>പോക്സോ നിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട ആദിവാസി യുവാക്കൾക്ക് നിയമപരിരക്ഷ നൽകുന്നതിന് നിർദ്ദേശം</u>

T 1535. ശ്രീ.കെ. കൃഷ്ണൻകുട്ടി

,, കെ.ബി.ഗണേഷ് കുമാർ

,, സി.കെ.നാണു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത രീതിയിൽ വിവാഹിതരായ എത്ര ആദിവാസി യുവതീയുവാക്കൾ പോക്സോ നിയമപ്രകാരം കേരളത്തിൽ വിവിധ ജയിലുകളിൽ ജാമ്യമില്ലാതെ കഴിയുന്നുണ്ട്; ഇവരുടെ മോചനത്തിനും ജാമ്യം ലഭ്യമാക്കുന്നതിനും ഇതേവരെ എന്തു നടപടി സ്വീകരിച്ചു എന്നും എത്രപേർ മോചിതരായി എന്നും വ്യക്തമാക്കുമോ; നിർദ്ദേശം

(ബി) ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെപ്പറ്റിയും ശൈശവ വിവാഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങളെപ്പറ്റിയും അവബോധം നൽകാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; നിയമത്തിന്റെ അജ്ഞത മൂലം മുൻപ് വിവാഹിതരായ ആദിവാസി യുവാക്കൾക്ക് നിയമ പരിരക്ഷ നൽകുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; ഇതുസംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ;

(സി) നിയമത്തിലെ അജ്ഞത മൂലം മുൻപ് വിവാഹിതരായ ആദിവാസി യുവതീ യുവാക്കൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ജില്ലാ ഭരണകൂടത്തിനോ ജില്ലാ പോലീസ് മേധാവിക്കോ ൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>പോക്സോ നിയമത്തിന്റെ പേരിൽ ആദിവാസികളെ ബലിയാടാക്കുവാൻ ശ്രമം</u>

1536. **ശ്രീ.കെ. കൃഷ്ണൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ നിയമത്തിന്റെ പേരിൽ ആദിവാസികളെ മാത്രം ബലിയാടാക്കുവാൻ ചില ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ ശ്രമിച്ചതായി സർക്കാർ കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബാല വിവാഹം നടത്തുന്ന ഇതര മതവിഭാഗങ്ങൾക്കെതിരെ പ്രസ്തുത കമ്മിറ്റികൾ സ്വീകരിച്ച നടപടികൾ എന്തെല്ലാമാന്നെന്നു വ്യക്തമാക്കുമോ; ശൈശവ വിവാഹത്തിന്റെ പേരിൽ ആദിവാസി വിഭാഗത്തിലും ഇതര വിഭാഗ ങ്ങളിലുംപ്പെട്ട എത്ര പേർ കേരളത്തിലെ വിവിധ ജയിലുകളിൽ ഉണ്ടെന്നു വ്യക്തമാക്കുമോ;ഇവരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം നൽകാമോ ;

(സി) ജാമ്യത്തിലെടുക്കാൻ ആളില്ലാത്തതിന്റെ പേരിൽ ആദിവാസി ,പട്ടികജാതി ,മുസ്ലിം വിഭാഗക്കാരായ എത്ര ആളുകൾ കേരളത്തിലെ വിവിധ ജയിലുകളിൽ അധിക ജയിൽവാസം അനുഭവിക്കുന്നു എന്നതിന്റെ കണക്ക് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തെ ഒരു സാമൂഹിക മനുഷ്യാവകാശ പ്രശ്നമായി കണ്ട് എന്തെല്ലാം നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>പോലീസ് ഡ്രൈവർമാരുടെ നിയമനം</u>

1537. ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ മറ്റു കാറ്റഗറികളിൽപ്പെട്ടവർ പോലീസ് ഡ്രൈവർമാരുടെ സ്ഥിരം തസ്തികയിൽ അദർ ഡ്യൂട്ടിയായി പ്രവൃത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പോലീസ് ഡ്രൈവർമാരെ പി.എസ്.സി മുഖേന യാണോ നിയമിക്കുന്നത്; ഇതിനായി പി.എസ്.സി ലിസ്റ്റ് തയാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പോലീസ് ഡ്രൈവർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടോയെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പരിചയസമ്പന്നരായ ഡ്രൈവർമാരുടെ കുറവുമൂലം പോലീസ് സേന അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണാൻ പോലീസ് ഡ്രൈവർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിച്ച് നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്ന് നിയമനം നല്കാൻ നടപടി സ്വീകരിക്കുമോ?

<u>പോലീസ് ആസ്ഥാനത്തിനു മുന്നിൽ നടന്ന സമരം</u>

1538. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരൂഹ മരണത്തിനിരയായ ജിഷ്ണു പ്രണോയിയുടെ അമ്മ ഉൾപ്പെട്ട കുടുംബം മുൻകൂട്ടി അറിയിച്ച് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ സമരത്തിന് എത്തിയതു സംബന്ധിച്ച കേസിൽ ഗൂഡാലോചനക്കുറ്റം ചുമത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ആരൊക്കെ എവിടെ വച്ച് എപ്പോൾ ഗൂഡാലോചന നടത്തി എന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സി-ഡിറ്റ് ഉദ്യോഗസ്ഥനായ ഷാജഹാൻ ഈ ഗൂഡാലോചനയിൽ പങ്കാളിയായിരുന്നോ; എങ്കിൽ ഷാജഹാനും, സമരത്തിനുവന്ന കുടുംബവും തമ്മിൽ എവിടെയൊക്കെ വച്ച് എന്നൊക്കെ കൂടിക്കാഴ്ച നടത്തിയിരുന്നു എന്ന കാര്യം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഷാജഹാനെകൂടി ഗൂഡാലോചനക്കുറ്റത്തിൽപ്പെടുത്താൻ വേണ്ടി മനഃപൂർവ്വം അറസ്റ്റു ചെയ്യുകയും, ഗൂഡാലോചന സ്ഥാപിക്കാൻ വേണ്ടി പരിസരത്തുണ്ടായിരുന്ന തോക്കു സ്വാമി എന്നറിയപ്പെടുന്ന വ്യക്തിയെക്കൂടി കസ്റ്റഡിയിലെടുക്കുകയും ചെയ്തതാണെന്നു പറയപ്പെടുന്ന ആരോപണത്തെക്കുറിച്ച് പരിശോധിക്കുമോ;

(ഇ) ഈ വിഷയത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഗൂഡാലോചന നടന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

പോലീസ് സ്റ്റേഷനുകളിൽ വനിതാ സൗഹൃദ സെല്ലുകൾ

1539. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസിനായി ഇപ്പോൾ എത്ര ശതമാനം തസ്തികകളാണ് മാറ്റി വച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് സേനയിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി കൂടുതൽ വനിതകളെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) വനിതകൾക്കു നേരെയുണ്ടാകുന്ന ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ വനിതാ സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമോ; ഇല്ലെങ്കിൽ ഓരോ പോലീസ് സ്റ്റേഷനിലും വനിതകൾക്കായി വനിതാ സൗഹൃദ സെല്ലുകൾ രൂപീകരിക്കുമോ;വ്യക്തമാക്കുമോ?

പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ വനിതകളെ നിയമിക്കുന്നതിന് നടപടി

1540. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ വനിതാ പോലീസ് (WCPO) മാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത നടപടി പോലീസ് സ്റ്റേഷനുകൾ കൂടുതൽ വനിതാ സൗഹൃദമാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

പോലീസ് ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ കുറ്റാന്വേഷണത്തിന് പരിശീലനം

1541. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയ കുറ്റാന്വേഷണത്തിന് കൂടുതൽ പരിശീലനം

നൽകുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) കേസന്വേഷണം കൂടുതൽ കാര്യക്ഷമവും, സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിനുവേണ്ടി പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ശാസ്ത്രീയ അന്വേഷണത്തിനുള്ള പരിശോധനകൾക്കായി എത്ര ലാബുകളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കാമോ; കൂടുതൽ ലാബുകൾ ആരംഭിക്കുവാൻ തയ്യാറാകുമോ?

<u>പോലീസ് അതിക്രമങ്ങൾക്കെതിരെ കംപ്ലയിന്റ് അതോറിറ്റിക്ക് ലഭിച്ച പരാതികൾ</u>

1542. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം പോലീസ് അതിക്രമങ്ങളെ കുറിച്ച് പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് എത്ര പരാതികളാണ് ലഭിച്ചത് എന്നറിയിക്കാമോ ?

(ബി) പരാതികളിൻമേൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഇംക്രിമെന്റ് തടയൽ, സ്ഥാനക്കയറ്റം തടയൽ, സ്ഥലം മാറ്റം തുടങ്ങിയ ഏതെങ്കിലും തരത്തിലുള്ള ശിക്ഷാനടപടികൾ കുറ്റം ചെയ്ത ഏതെങ്കിലും പോലീസുകാർക്കെതിരെ കൈക്കൊണ്ടിട്ടുണ്ടോ; വിശദീകരിക്കുമോ ?

<u>സാംസൺ & സൺസ് ബിൽഡേഴ്സിനെതിരെയുള്ള പരാതി</u>

1543. **ശ്രീ.ഒ. രാജഗോപാൽ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സാംസൺ & സൺസ് ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സിന്റെ അപ്പാർട്ട്മെന്റുകൾ ബുക്ക് ചെയ്തിട്ടുള്ളവർക്ക് കരാർ പ്രകാരമുള്ള തീയതി കഴിഞ്ഞെങ്കിലും അപ്പാർട്ട്മെന്റുകൾ കൈമാറിയിട്ടില്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; സാംസൺ & സൺസിനെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുമോ?

<u>ആറന്മുള നിയോജക മണ്ഡലത്തിൽ പോലീസിനെതിരായ കേസ്സുകൾ</u>

1544. ശ്രീമതി.വീണാ ജോർജ്ജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആറന്മുള നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകളിലെ ജീവനക്കാർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതൊക്കെ കേസ്സുകൾ; ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാർ എത്ര ; മറ്റുജീവനക്കാർ എത്ര; വിശദമാക്കുമോ;

(ബി) ആറന്മുള നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ എത്ര കേസ്സുകൾ നടപടിയെടുക്കാതെ കിടക്കുന്നുണ്ട്; ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ആറന്മുള നിയോജക മണ്ഡലത്തിലെ പോലീസ് കേസ്സുകളിൽ ഒളിവിൽ പോയവർ ആരൊക്കെ; ഇവരെ പിടികൂടുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>കോട്ടയം ജില്ലയിൽ വീട് ആക്രമിച്ചതായി പരാതി</u>

1545. ശ്രീ.വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ അയർക്കുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 24.03.2017 രാത്രി 11.45-ന് പുളിങ്ങാത്തിൽ ഏലിക്കുട്ടിയുടെയും മകൻ ജയിംസിന്റെയും വീട് ആക്രമിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(സി) ഈ സംഭവത്തിൽ ആരുടെയൊക്കെ പേരിൽ കേസ്സ് എടുത്തുവെന്നും ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ്സ് എടുത്തതെന്നും വ്യക്തമാക്കാമോ;

(ഡി) ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഇ) അറസ്റ്റ് ചെയ്തിട്ടില്ലാത്ത പ്രതികളെ അറസ്റ്റ് ചെയ്യുവാനും തുടർനടപടി സ്വീകരിക്കുവാനും സർക്കാർ തയ്യാറാകുമോ?

<u>പോലീസ് സ്റ്റേഷനുകളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന തൊണ്ടി മുതലുകൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി</u>

1546. ശ്രീ.വി. അബ്ദുറഹിമാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും കലക്ടറേറ്റ്,മറ്റ് റവന്യൂ ആസ്ഥാനങ്ങൾ തുടങ്ങിയവയുടെ പരിസരത്തും വാഹനങ്ങൾ ഉൾപ്പെടെയുള്ള നിരവധി തൊണ്ടിമുതലുകൾ വളരെയേറെ മാർഗ്ഗതടസ്സവും ശല്യമാവുകയും ഇവ ഉപയോഗ ശൂന്യമായി നശിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തൊണ്ടിമുതലുകൾ നിശ്ചിത കാലയളവിനുശേഷം ലേലം ചെയ്ത് വിൽക്കുന്നതിനും ഈ തുക സർക്കാർ അക്കൗണ്ടിലോ ട്രഷറിയിലോ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കേസിന് വിധി ലഭിക്കുമ്പോൾ അർഹരായവർക്ക് ഈ തുക നൽകുന്നത് ഏറെ പ്രയോജനകരമാകുമെന്ന സർക്കാർ കരുതുന്നുണ്ടോ;

(ഡി) സ്ഥലപരിമിതി കാരണം വീർപ്പ്മുട്ടുന്ന ഇത്തരം ഓഫീസുകളുടെ സ്ഥല സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>കായംകുളം പോലീസ് സ്റ്റേഷന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ</u>

1547. **ശ്രീമതി യു. പ്രതിഭ ഹരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സ്റ്റേഷനിൽ മതിയായ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തതിനാൽ വനിതാ പോലീസ് ഓഫീസർമാർ അടക്കമുള്ള ജീവനക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്റ്റേഷന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ജൂനിയർ ഹെൽത്ത് നേഴ്സ് ജഗദീശന്റെ ആത്മഹത്യ</u>

1548. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താൽക്കാലികാടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് നേഴ്സ് ഗ്രേഡ് II ആയി ജോലി ചെയ്തിരുന്ന കാസർഗോഡ് സ്വദേശി ജഗദീശൻ എന്ന വ്യക്തി തിരുവനന്തപുരത്തെ ലോഡ്ജിൽ തൂങ്ങിമരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാ;

(ബി) ഈ മരണം സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും പരാതി

നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മുൻ സർക്കാറിന്റെ കാലത്ത് സമാന തസ്തികയിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തി തരാമെന്ന് പറഞ്ഞ് പണം സ്വരൂപിച്ച് നൽകിയ ഇടനിലക്കാരൻ എന്ന നിലയിൽ കബളിപ്പിക്കപ്പെട്ടതാണ് ജഗദീശന്റെ മരണത്തിനിടയാക്കിയതെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>വടകരയിലെ ചോമ്പാൽ പോലീസ് സ്റ്റേഷൻകെട്ടിടം നിർമ്മാണം</u>

1549. **ശ്രീ.സി.കെ.നാണു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലെ ചോമ്പാൽ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ സ്ഥലം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>അങ്കമാലി മണ്ഡലത്തിൽ പോലീസ് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് നടപടി</u>

1550. **ശ്രീ.റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ സ്റ്റേഷനുകളിലെ പോലീസ് സേനാംഗങ്ങൾക്ക് ജോലി സ്ഥലങ്ങൾക്ക് സമീപം കുടുംബത്തോടൊപ്പം താമസിക്കുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ ഒന്നും തന്നെയില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അങ്കമാലി നിയോജക മണ്ഡലത്തിൽ വിവിധ സ്റ്റേഷനുകളിലായി എത്ര പുരുഷ, വനിത ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) അങ്കമാലി നിയോജക മണ്ഡലത്തിൽ വാടക കെട്ടിടങ്ങളുടെ ലഭ്യതക്കുറവും, ഉയർന്ന വാടക നിരക്കും പരിഗണിച്ച് പോലീസ് സേനാംഗങ്ങൾക്കായി പുതുതായി പോലീസ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കണം എന്ന് അഭ്യർത്ഥിച്ച് നിയമസഭാംഗം നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പോലീസിന്റെ ആധുനിക വൽക്കരണത്തിനും ഭവന നിർമ്മാണത്തിനുമായി നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) മണ്ഡലത്തിന്റെ പൊതു ആവശ്യം പരിഗണിച്ച് സ്ഥല സൗകര്യമുള്ളിടത്ത് പോലീസ് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

<u>തീവ്രവാദ-മതമൗലികവാദ-നിരോധിത സംഘടനകളുടെ പ്രവർത്തനം</u>

1551. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എസ് തുടങ്ങി ഏതെല്ലാം തീവ്രവാദ-മതമൗലികവാദ-നിരോധിത സംഘടനകളുടെ പ്രവർത്തനം രഹസ്യമായും പരസ്യമായും കഴിഞ്ഞ 5 വർഷമായി നടന്നു വരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം സംഘടനകളിൽ ആകൃഷ്ടരായി സംസ്ഥാനത്തു നിന്നും എത്ര പേരെ കാണാതായി എന്നും ഇതു സംബന്ധിച്ച് എന്തെല്ലാം കേന്ദ്ര/സംസ്ഥാന അന്വേഷണങ്ങൾ നടന്നു എന്നും ഇപ്രകാരം കണ്ടെത്തിയ വിശദാംശങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സംസ്ഥാനത്തു നിന്നും കാണാതായവരിൽ എത്ര പേർ മരണപ്പെട്ടതായി ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് മതപരിവർത്തനം രഹസ്യമായി നടത്തുന്ന മതമൗലിക സംഘങ്ങൾ പ്രവർത്തിക്കുന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ കഴിഞ്ഞ 5 വർഷമായി എത്ര പേർ സംസ്ഥാനത്ത് മതപരിവർത്തനത്തിനു വിധേയരായി എന്ന് വ്യക്തമാക്കുമോ?

<u>ചെറിയനാട് സ്കൂളിൽ സ്റ്റുഡന്റ് പോലീസിന് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള കാലതാമസം</u>

1552. **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി)-ന് ഗ്രാന്റ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറിയനാട് എസ്.എൻ ഹയർ സെക്കന്ററി സ്കൂളിൽ മൂന്നു വർഷം കഴിഞ്ഞിട്ടും

പ്രസ്തുത ഗ്രാന്റ് അനുവദിയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ സ്കൂളിൽ പ്രസ്തുത ഗ്രാന്റ് എന്ന് അനുവദിയ്ക്കുമെന്ന് വ്യക്തമാക്കുമോ ?

## രാഷ്ട്രീയ കൊലപാതകങ്ങൾ

1553. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തുണ്ടായ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര;ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

## വർഗ്ഗീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

1554. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷമായി കാസർകോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും പ്രതികളുടെ വിവരങ്ങളും കേസ്സ് വിവരങ്ങളും വർഷവും പോലീസ് സ്റ്റേഷൻ തിരിച്ച് നൽകാമോ;

(ബി) കോടതിയിൽ തീർപ്പാക്കിയ കേസ്സുകൾ, ശിക്ഷിച്ച കേസ്സുകൾ, തീർപ്പാക്കാതെ കോടതിയിലുള്ള കേസ്സുകൾ തുടങ്ങിയവയുടെ വിവരങ്ങൾ നൽകാമോ;

(സി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കാസർഗോഡ് ജില്ലയിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും ഓരോ കൊലപാതകത്തിനും കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സുകളിലെ പ്രതികളുടെയും ഇരകളുടെയും സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കൊലപാതകക്കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടതും വെറുതെ വിട്ടതുമായ കേസ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ കേസ്സുകളിൽ പ്രതികൾക്കു വേണ്ടി ഹാജരായ അഭിഭാഷകർ ആരെല്ലാമായിരുന്നു; സ്പെഷ്യൽ പ്രോസിക്യൂട്ടർ ഉണ്ടായിരുന്നുവെങ്കിൽ ഏതെല്ലാം കേസ്സുകളിൽ അരെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

## വെള്ളായണി ക്ഷേത്രോത്സവത്തിലെ സംഘർഷം

1555. ശ്രീ.ഒ. രാജഗോപാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ വെള്ളായണി ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ക്ഷേത്ര ഭാരവാഹികൾ നാട്ടിയ കൊടികൾക്ക് മുകളിൽ ഡി.വൈ.എഫ്.ഐ.ക്കാർ അവരുടെ കൊടികൾ സ്ഥാപിച്ച് മനപ്പൂർവ്വം സംഘർഷമുണ്ടാക്കാൻ ശ്രമിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രവൃത്തികൾ ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

<u>സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്കെതിരെ അക്കാഡമിക്ക് നടപടി</u>

1556. ശ്രീ.ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പേരിൽ സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്കെതിരെ അക്കാഡമിക്ക് നടപടി ആവശ്യപ്പെട്ട് പോലീസ് യൂണിവേഴ്സിറ്റി അധികൃതർക്ക് കത്തെഴുതിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള പ്രത്യേക സാഹചര്യമെന്തെന്നും എത്ര വിദ്യാർത്ഥികൾക്കെതിരെ പ്രസ്തുത നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അവർ ഏത് വിദ്യാർത്ഥി സംഘടനകളിൽ പ്രവർത്തിക്കുന്നവരാണെന്നും വെളിപ്പെടുത്തുമോ?

<u>പോലീസിൽ കായിക താരങ്ങളുടെ നിയമനപട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ</u>

1557. ശ്രീ.ജോർജ് എം. തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പോലീസിൽ എത്ര കായിക താരങ്ങളുടെ നിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമന പട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ക്രമസമാധാന ചുമതലയും കുറ്റാന്വേഷണവും വേർതിരിച്ച് നൽകുന്നതിനുള്ള നടപടി

1558. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ക്രമസമാധാന ചുമതലയും കുറ്റാന്വേഷണവും വേർതിരിച്ച് നൽകുന്നതിനുള്ള നടപടികൾ പോലീസിൽ പൂർത്തീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ?

ഹെൽമറ്റ് ധരിക്കാതെ യാത്രചെയ്യുന്നവരോടുള്ള പോലീസിന്റെ സമീപനം

1559. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽമറ്റ് ധരിക്കാതെ യാത്രചെയ്യുന്ന യാത്രക്കാരോട് കൊടുംകുറ്റവാളികളോടുള്ളതിനു സമാനമായ പോലീസിന്റെ സമീപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ, വാഹന പരിശോധനക്കിടെ ഭിന്നശേഷിക്കാരന്റെ വാഹനത്തെ തടഞ്ഞുനിർത്തി അപകടമുണ്ടാക്കുകയും യാത്രക്കാരന് മാരകമായ പരിക്കേൽപ്പിക്കുകയും ചെയ്തതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഭിന്നശേഷിക്കാരായ യാത്രക്കാരോടുപോലും പോലീസിന്റെ ഇത്തരത്തിലുള്ള സമീപനം മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) കുറ്റക്കാരായ ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മാവേലിക്കര, കുറത്തികാട് പോലീസ് സ്റ്റേഷനുകൾ

1560. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പോലീസ് സ്റ്റേഷൻ കെട്ടിടം ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കുറത്തികാട് പോലീസ് സ്റ്റേഷൻെറ പ്രവർത്തനം അടിയന്തിരമായി

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## അനാവശ്യമായി യു.എ.പി.എ. ചുമത്തിയ കേസ്സുകൾ

1561. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്വേഷണ ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത കാണിക്കാതെ അനാവശ്യമായി യു.എ.പി.എ. ചുമത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കേസുകളിലെന്ന് അറിയിക്കുമോ;

(സി) 2012 മുതൽ ഇതുവരെ എത്ര കേസുകളിൽ യു.എ.പി.എ. ചുമത്തിയെന്നും അതിൽ എത്ര കേസുകളിൽ യു.എ.പി.എ. നിലനിൽക്കുന്നില്ലായെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കേസുകളിൽ അനാവശ്യമായി യു.എ.പി.എ. ചുമത്തിയതായി കണ്ടെത്തിയെന്ന് വിശദമാക്കുമോ;

(ഇ) പൊതു പ്രവർത്തകരായ കമൽ സി ചവറ, നദീർ എന്നിവർക്കെതിരെ യു.എ.പി.എ. ചുമത്തിയത് തെറ്റാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) ഈ സർക്കാർ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതി വാങ്ങാതെ ആർക്കെങ്കിലും എതിരെ യു.എ.പി.എ. ചുമത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## അപകടത്തിൽ പെടാതെ സ്വയം സംരക്ഷിക്കുവാൻ സ്ത്രീകൾ ശ്രമിക്കണമെന്ന അഭിപ്രായം

1562. **ശ്രീ.കെ.എസ്.ശബരീനാഥൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽ പെടാതെ സ്വയം സംരക്ഷിക്കുവാൻ സ്ത്രീകൾ ശ്രമിക്കണമെന്നും ഇക്കാര്യത്തിൽ ജാഗ്രത കാണിച്ചില്ലെങ്കിൽ ആഭ്യന്തരവകുപ്പിന് ഒന്നും ചെയ്യുവാൻ പറ്റില്ലെന്നുമുള്ളത് സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നയമാണോ;

(ബി) അടുത്തിടെ ഉണ്ടായ സ്ത്രീപീഡനങ്ങൾ എല്ലാം വ്യക്തിപരമായതിനാൽ പോലീസിന് ഇക്കാര്യത്തിൽ ഒന്നും ചെയ്യുവാൻ കഴിയുകയില്ലായെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കാര്യങ്ങൾ സംഭവിക്കുമ്പോൾ സ്ത്രീകൾ സ്വയംരക്ഷ തേടണം എന്നതാണോ സർക്കാരിന്റെ ഇക്കാര്യത്തിലുള്ള

അഭിപ്രായമെന്ന് വ്യക്തമാക്കുമോ?

<u>സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ബലാൽസംഗ കേസുകൾ</u>

1563. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര ബലാൽസംഗ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര എണ്ണത്തിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ത്രീകളും കുട്ടികളും ഉൾപ്പെട്ട എത്ര പീഡന കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര എണ്ണത്തിന്റെ കുറ്റപത്രം ഇതിനകം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് എന്നതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

<u>സംസ്ഥാനത്തെ ഗതാഗതക്കുരുക്കും അപകടങ്ങളും</u>

1564. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ റോഡുകളിൽ ആവശ്യത്തിന് ട്രാഫിക് പോലീസുകാർ ഇല്ലാത്തതുമൂലം ഗതാഗതക്കുരുക്കും അപകടങ്ങളും ഉണ്ടായി ജനം നട്ടം തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ പ്രധാന റോഡുകളിലും ജംഗ്ഷനുകളിലും കൂടുതൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ച് ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ട്രാഫിക് പോലീസുകാർ കുറവാണെങ്കിൽ പുതിയ ക്രമീകരണം നടപ്പാക്കുമോ;

(ഡി) പുതിയ ട്രാഫിക് പരിഷ്കരണം നടപ്പാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെയും എം.എൽ.എ. മാരുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഗതാഗത കുരുക്കുകളുടെ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ ആവശ്യത്തിന് ട്രാഫിക് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>മന്ത്രിമാർ വിചാരണ നേരിടുന്ന കേസ്സുകളുടെ വിവരങ്ങൾ</u>

1565. **ശ്രീ.അനിൽ അക്കര :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർ ഏതെല്ലാം കേസ്സുകളിൽ വിചാരണ നേരിടുന്നു;

(ബി) ഓരോ കേസ്സിന്റെയും സ്വഭാവം വ്യക്തമാക്കാമോ?

<u>പീഡനകേസുകൾ പെരുകുന്ന സ്ഥിതിവിശേഷം ജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക</u>

1566. **ശ്രീ.സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പീഡനകേസുകൾ പെരുകുന്നുവെന്ന സംഭ്രമജനകമായ സ്ഥിതിവിശേഷം ജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വാളയാർ, കുണ്ടറ, വാഴമുട്ടം പീഡനകേസുകളിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംഭവങ്ങൾ വിവാദമാകുമ്പോൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ എസ്.ഐ/സി.ഐ. മാരെ സസ്പെന്റ് ചെയ്ത് ഉന്നത പോലീസുദ്യോഗസ്ഥർ രക്ഷപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മിക്ക കേസുകളിലും ഇരകൾ ദുർബലവിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരായതുകൊണ്ടാണ് പോലീസിന്റെ ഭാഗത്തുനിന്നും ഉദാസീനമായ സമീപനം ഉണ്ടാകുന്നതെന്നത് വസ്തുതയാണോ;

(ഇ) ഇത്തരം കേസുകളിൽ പരാതി ശ്രദ്ധയിൽപെടുമ്പോൾ തന്നെ അന്വേഷിക്കുവാൻ ഉന്നത തലത്തിലുള്ള പോലീസുദ്യോഗസ്ഥർ ഉൾപ്പെടുന്ന വിദഗ്ധ ടീമിനെ നിയോഗിക്കുവാനും, കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഫയലുകളിന്മേൽ സ്വീകരിച്ച നടപടികൾ.</u>

1567. **ഡോ.എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ നം.375/PR/16/CSO, dtd 5-11-16 എന്ന ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) നം.20688/J2/2016/Home, dtd 16-3-2016, 25-7-2016 എന്ന ഫയലും 1-ാം ചോദ്യപിരിവിൽ പ്രതിപാദിച്ച ഫയലും ഒരുമിച്ച് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ;

(സി) പ്രതിപാദിച്ച ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവന്നു വ്യക്തമാക്കുമോ ?

ഇരിങ്ങാലക്കുട എസ്.ഐ ആയിരുന്ന എം.ജെ. ജിജോയുടെ വസതി ആക്രമണം

1568. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട എസ്.ഐ ആയിരുന്ന എം.ജെ. ജിജോയുടെ വെറ്റിലപ്പാറയിലുള്ള വസതി മൂർക്കനാട് സംഭവത്തെ തുടർന്ന് ആക്രമിക്കുകയും, ജിജോയുടെ സഹോദരനും, സിവിൽ പോലീസ് ഓഫീസറുമായ ലിജോയുടെ ബൈക്ക് കത്തിക്കുകയും ചെയ്ത കേസ്സിൽ ഗൂഢാലോചനയിൽ ഏർപ്പെട്ടവരെയടക്കം മുഴുവൻ പ്രതികൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ലിജോയുടെ കത്തി നശിച്ച ബൈക്കിനു പകരം പുതിയ ബൈക്ക് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും ആയത് നടപ്പാക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇദ്ദേഹത്തിന് ബൈക്ക് അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സീകരിക്കുമോ?

എഞ്ചിനീയറിംഗ് വിദ്യാർത്ഥി ഷെഹിൻ മരിച്ച സംഭവത്തിന്മേലുള്ള ക്രൈംബ്രാഞ്ച് അന്വേഷണം

1569. **ശ്രീ.എം. സ്വരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുന്നംകുളം അക്കിക്കാവ് റോയൽ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി ഷെഹിൻ, പോലീസ് ഭയപ്പെടുത്തി ഓടിച്ചതിനെ തുടർന്ന് കിണറ്റിൽ വീണ് മരിച്ച സംഭവത്തിന്മേലുള്ള ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) സംഭവസ്ഥലത്തേക്ക് പോലീസിനെ വിളിച്ചുവരുത്തി വിദ്യാർത്ഥികളെ പോലീസിനെ ഉപയോഗിച്ച് അകാരണമായി മർദ്ദിക്കാൻ കോളേജ്

അധികാരികൾ ശ്രമിച്ചതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥന്റെ പേരും ഇയാൾക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശവും അറിയിക്കുമോ;

(ഡി) കുറ്റക്കാരായ കോളേജ് അധികാരികൾക്കും പോലീസ് ഉദ്യോഗസ്ഥർക്കും എതിരെ കർശനവും മാതൃകാപരവുമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; എങ്കിൽ അവയെന്തെന്ന് അറിയിക്കുമോ;

(ഇ) ഷഹീന്റെ കുടുംബത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ആ കുടുംബത്തിന് അർഹമായ നീതി ലഭ്യമാക്കുന്നതിനും സമയബന്ധിതമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ;

(എഫ്) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ?

## എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുടെ ആത്മഹത്യാശ്രമം

1570. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-കറ്റാനം വെള്ളാപ്പള്ളി നടേശൻ എഞ്ചിനീയറിംഗ് കോളേജിലെ രണ്ടാം വർഷ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥി ആത്മഹത്യക്കു ശ്രമിച്ചതുമായി ബന്ധപ്പെട്ട് കോളേജ് അധികൃതർക്കെതിരെ പോലീസ് കേസ്സ് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്കെതിരെയാണ് കേസ്സ് എടുത്തിട്ടുള്ളത്; അവർക്കെതിരെ ചുമത്തിയ വകുപ്പുകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ

1571. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 2011-16, 2016-17 കാലയളവുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇത്തരം അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ 2015-16, 2016-17 എന്നീ വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശങ്ങൾ

പോലീസ് സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ?

നെട്ടുകാൽത്തേരി തുറന്ന ജയിലിൽ പുതിയ ലൈബ്രറി കെട്ടിടം

1572. ശ്രീ.സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ലൈബ്രറിയിലെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ഒരു പുതിയ ലൈബ്രറി കെട്ടിടം നിർമ്മിച്ച് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

തടവുപുള്ളികൾക്ക് ശിക്ഷ ഇളവു ചെയ്തുനൽകാനുള്ള പട്ടിക

1573. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ജയിലുകളിലെ തടവുപുള്ളികൾക്ക് ശിക്ഷ ഇളവു ചെയ്തു നൽകാനുള്ള ശിപാർശ സഹിതം ഒരു പട്ടിക ഉണ്ടാക്കി സർക്കാരിൽ നിന്ന് ഗവർണ്ണർക്ക് അയച്ചു നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗവർണ്ണർക്ക് അയച്ചു നൽകിയ പട്ടികയ്ക്ക് അന്തിമരൂപം നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് 2015 , 2016 വർഷങ്ങളിൽ ഇത്തരത്തിൽ ഏതെങ്കിലും പട്ടിക ജയിൽ വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ തയ്യാറാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പട്ടിക സർക്കാരിൽ നിന്നും ഗവർണ്ണർക്ക് അയച്ചു കൊടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ജയിൽ വകുപ്പ് തയ്യാറാക്കിയ പട്ടികയിൽ ഈ സർക്കാർ പുതിയതായി ആരെയെങ്കിലും ശിക്ഷാ ഇളവിനർഹരായി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആളുകളുടെ പേര് വിവരം മേശപ്പുറത്തുവെക്കുമോ ?

പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് നേരെ നടന്ന പീഡനം

1574. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് നേരെ നടന്ന പീഡനം സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള പോലീസ് സ്റ്റേഷനുകളിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;ലഭിച്ച പരാതികളിൽ പൂർണമായും കേസെടുത്തിട്ടുണ്ടോ;

(ബി) ഇതിൽ പ്രതികളെ പിടികൂടിയതും,പിടികൂടാത്തതുമായ കേസുകൾ എത്ര വീതം ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളുടെ എണ്ണം സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ?

<u>എഞ്ചിfനിയറിംഗ് കോളേജ് വിദ്യാർത്ഥിയുടെ ആത്മഹത്യാശ്രമം</u>

1575. **ശ്രീമതി യു. പ്രതിഭ ഹരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കട്ടച്ചിറ വെള്ളാപ്പള്ളി നടേശൻ എഞ്ചിനിയറിംഗ് കോളേജിലെ വിദ്യാർത്ഥി മാനേജ്മെന്റിന്റെ പീഡനത്തെ തുടർന്ന് ആത്മഹത്യക്ക് ശ്രമിച്ച എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

<u>ഉന്നത തസ്തികകളിൽ നിയമിക്കപ്പെട്ടവർവർക്ക് വിജിലൻസ് ക്ലിയറൻസ്</u>

1576. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഉന്നത തസ്തികകളിൽ ലഭ്യമാക്കിയമിക്കപ്പെട്ടവർക്കെല്ലാം വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ;എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് ; ആർക്കൊക്കെ വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടില്ല;

(ബി) ഉന്നത നിയമനങ്ങൾക്ക് പുറമേ മറ്റ് ഏതെല്ലാം കാര്യങ്ങൾക്കാണ് വിജിലൻസിന്റെ അനുമതി നിർബന്ധമായിട്ടുള്ളത് ;ഇത് സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ;

(സി) ഇല്ലെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>അഴിമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന വകുപ്പുകളെ അഴിമതി മുക്തമാക്കുന്നതിന്</u>

<u>നടപടി</u>

1577. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, എ.പി. അനിൽ കുമാർ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സർവ്വേ നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) സർവ്വെയുടെ അടിസ്ഥാനത്തിൽ അഴിമതിയിൽ ഒന്നാം സ്ഥാനത്ത് ഏത് വകുപ്പാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അഴിമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന വകുപ്പുകളെ അഴിമതി മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>സജി ബഷീറിനെതിരെ വിജിലൻസിനു ലഭിച്ച പരാതികൾ</u>

1578. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോ എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന സജി ബഷീറിനെതിരെ വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതിക്കാർ ആരാണെന്നും ഓരോ പരാതിയും എപ്പോൾ വിജിലൻസ് വകുപ്പിനു ലഭിച്ചുവെന്നും ഓരോ പരാതിയിലും വിജിലൻസ് വകുപ്പ് കൈക്കൊണ്ട നടപടികളെന്തെന്നും വ്യക്തമാക്കുമോ?

<u>അഴിമതി കേസുകളിൽ ഗവേഷണം നടത്തുവാൻ വിജിലൻസ് തീരുമാനം</u>

1579. ശ്രീ.വി.ഡി.സതീശൻ
,, അൻവർ സാദത്ത്

,, എൽദോസ് കുന്നപ്പിള്ളി
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വകുപ്പ് രൂപീകരിച്ച് 53 വർഷം പിന്നിടുമ്പോൾ പ്രധാന അഴിമതി കേസുകളിൽ എന്ത് സംഭവിച്ചുവെന്ന കാര്യത്തിൽ ഗവേഷണം നടത്തുവാൻ വിജിലൻസ് തീരുമാനം എടുത്തിരുന്നുവോ;

(ബി) ഗവേഷണം നടത്തേണ്ട കേസുകളുടെ പ്രാഥമിക പട്ടിക വിജിലൻസ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയിൽപ്പെട്ട കേസുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) കോടതികളുടെ തുടർച്ചയായ വിമർശനമാണോ വിജിലൻസിലെ പഴയ കേസുകൾ സംബന്ധിച്ച ഗവേഷണം നടത്താൻ പ്രേരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ആക്കുളം കായൽ അഴിമതികേസിൽ വിജിലൻസ് അന്വേഷണം</u>

1580. **ശ്രീ.കെ.മുരളീധരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി ചെളി നീക്കി ആഴം കൂട്ടാനും പായലുകൾ മാറ്റി ബോട്ട് ഓടിക്കാനും കായലോരത്തെ നടപ്പാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അഴിമതി സംബന്ധിച്ച വിജിലൻസ് കേസ്സിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തീകരിക്കാൻ മനപ്പൂർവ്വമായ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിജിലൻസ് അന്വേഷണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>വിജിലൻസ് ഡയറക്ടർ സ്ഥാനത്തു നിന്നും ജേക്കബ് തോമസിനെ മാറ്റിയ സാഹചര്യം</u>

1581. **ശ്രീ.അബ്ദുൽ ഹമീദ് പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ഡയറക്ടർ സ്ഥാനത്തു നിന്നും ജേക്കബ് തോമസിനെ മാറ്റി നിർത്തുന്നതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വെക്കുമോ;

(ബി) മുഖ്യമന്ത്രി പങ്കെടുത്ത ഏതെങ്കിലും യോഗത്തിൽ വിജിലൻസിന്റെ പ്രവർത്തനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വിജിലൻസ് വകുപ്പിന്റെ സ്വതന്ത്രവും നീതി പൂർവ്വകവുമായ പ്രവർത്തനത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ?

വിജിലൻസ് ഡയറക്ടർ അവധിയിൽ പ്രവേശിക്കാൻ ഇടയാക്കിയ സാഹചര്യം

1582. ശ്രീ.പി.ഉബൈദുള്ള
,, സി.മമ്മൂട്ടി
ഡോ.എം. കെ. മുനീർ
ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനകാലം ബാക്കിയുള്ള വിജിലൻസ് ഡയറക്ടർ ഒരു വർഷം പോലും സേവനം പൂർത്തിയാക്കും മുമ്പ് അവധിയിൽ പ്രവേശിക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ബി) പ്രധാന കേസുകൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കില്ലെന്ന് നോട്ടീസ് പതിക്കുക, പരാതികൾ സംബന്ധിച്ച നിർദ്ദേശം തേടി പരാതിക്കെട്ടുകളെല്ലാം സർക്കാരിനയച്ചുകൊടുക്കുക, വിജിലൻസ് കേസുകളെ സംബന്ധിച്ച ഗവേഷണങ്ങൾക്കായി മാത്രം വിജിലൻസ് സംവിധാനത്തെ പരിമിതപ്പെടുത്തുക തുടങ്ങിയ നടപടികൾ ഈ വിജിലൻസ് ഡയറക്ടർ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത്തരം നടപടികൾക്കുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിജിലൻസിൽ പരാതി സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1583. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസിൽ ലഭിക്കുന്ന പരാതി സ്വീകരിക്കുന്നതിനും തുടർ അന്വേഷണം നടത്തുന്നതിനും മാനദണ്ഡങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെങ്കിലും ജീവനക്കാർക്കെതിരെ വ്യക്തി വിദ്വേഷത്തിന്റെയോ , പ്രതികാര മനോഭാവത്തിന്റെയോ ഭാഗമായി നൽകുന്ന പരാതികളിൽ അന്വേഷണം

നടത്തുന്നത് മൂലം പ്രസ്തുത ജീവനക്കാർക്ക് ഉണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങൾ അവരുടെ വ്യക്തി ജീവിതത്തിലും തൊഴിലിലും പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന വസ്തുത മനസ്സിലാക്കി അന്വേഷണങ്ങൾ നടത്തുവാൻ വിജിലൻസ് വകുപ്പിനെ സജ്ജമാക്കുവാൻ സാധിക്കുമോ;വ്യക്തമാക്കുമോ ?

<u>അഴിമതിക്കേസുകളിൽ പ്രതികളായ സി-ഡിറ്റ് ജീവനക്കാർ</u>

1584. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിക്കേസുകളിൽ പ്രതികളായ എത്ര സ്ഥിരം ജീവനക്കാർ സി-ഡിറ്റിൽ ജോലി ചെയ്തു വരുന്നു എന്ന് അവരുടെ പേരും തസ്തികയും സഹിതം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി രൂപപ്പെടുത്തിയ മുഖ്യമന്ത്രിയുടെ കംപ്യൂട്ടർ അധിഷ്ഠിത പരാതി പരിഹാര സംവിധാനത്തിന്റെ മേൽനോട്ട ചുമതല വഹിക്കുന്ന സി-ഡിറ്റിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിജിലൻസ് കേസിൽ പ്രതികളായ ഉദ്യോഗസ്ഥർ സി-ഡിറ്റിലെ വിവിധ പ്രോജക്ടുകളിലും ഡിവിഷനുകളിലും മേൽനോട്ടം വഹിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;അവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ ?

<u>ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ</u>

1585. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; ആയതിൽ ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണെന്നും, എന്താണ് അവർക്കെതിരെയുള്ള കേസുകളെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) വിജിലൻസ് സ്വമേധയാ എടുത്ത കേസുകൾ കൂടാതെ കോടതി നിർദ്ദേശാനുസരണം എത്ര ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്ത് അന്വേഷണം നടത്തിവരുന്നുണ്ട്; ഓരോ കേസിലും ചാർജ് ഷീറ്റ് കൊടുത്തവ, ഇനി കൊടുക്കാനുള്ളവ എന്ന ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസുകളിൽ

ചീഫ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചവ ഏതെല്ലാം കേസുകളിലാണ്; അവയുടെ പകർപ്പ് ലഭ്യമാക്കുമോ ?

<u>കൊല്ലം ജില്ലയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടി</u>

1586. **ശ്രീ.എം. നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയത് വിശദീകരിക്കാമോ;

(സി) കോടതി സമുച്ചയം സ്ഥാപിക്കുന്ന സ്ഥലത്തെ സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള നടപടി</u>

1587. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെ ആയി എന്ന് വിശദമാക്കാമോ;

(ബി) മേൽ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായോ; വിശദമാക്കാമോ;

(സി) പെരിങ്ങോം ഫയർ സ്റ്റേഷന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ടി.എസ്. കനാലിന്റെ തീരങ്ങൾ പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി</u>

1588. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായ ടി. എസ്. കനാലിന്റെ തീരങ്ങൾ പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കാത്തതു മൂലം കരയിടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലപാതയുടെ ആഴം കൂട്ടിയതിനെത്തുടർന്ന്, കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ 21, 22, 23 വാർഡുകളിലെ ടി. എസ് കനാലുമായി

ചേരുന്ന ഭാഗങ്ങൾ, തീരമിടിഞ്ഞ് പുരയിടങ്ങളിലേക്ക് ഉപ്പ് വെള്ളം കയറി,വീടും കൃഷിയും നശിക്കുന്നത് പരിഹരിക്കുന്നതിന് നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) കരയിടിയുന്നതു മൂലം ജലപാതയുതടെ ആഴം വീണ്ടും കുറയുന്നതും കരഭാഗം നഷ്ടപ്പെടുന്നതും പരിഹരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

## പാർവതീ പുത്തനാറിലെ ജലഗതാഗതം

T 1589. **ശ്രീ.ഒ. രാജഗോപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവതീ പുത്തനാർ ജലഗതാഗതത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി സർക്കാരിന്റെ ഭാഗത്തു നിന്നും നാളിതുവരെ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പാർവതീ പുത്തനാറിനെ ജലഗതാഗതത്തിന് അനുയോജ്യമാക്കുന്നതിന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കുമോ?

## പൊന്നാനി-ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ജലപാത

1590. **ശ്രീ.വി. അബ്ദുറഹിമാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള കനോലി കനാലിലെ പൊന്നാനി-ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന (പോർട്ട് ടു പോർട്ട്) ജലപാത യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ദേശീയ ജലപാതയിലെ 3-ാം റീച്ചിൽ ഉൾപ്പെട്ട മേൽസൂചിപ്പിച്ച പ്രവൃത്തി എപ്പോൾ തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പൊന്നാനി-ബേപ്പൂർ (പോർട്ട് ടു പോർട്ട്) ജലപാത എപ്പോൾ പണി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## എം.എൽ.എ ഹോസ്റ്റലിന് സമീപം നിർമ്മിച്ചിട്ടുള്ള സ്ക്വാഷ് സ്റ്റേഡിയം

1591. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിനോടനുബന്ധിച്ച് എം.എൽ.എ ഹോസ്റ്റലിന് സമീപം നിർമ്മിച്ചിട്ടുളള സ്ക്വാഷ് സ്റ്റേഡിയം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓഫീസേഴ്സിനായി സജ്ജീകരിച്ച എത്ര റൂമുകളും പ്രത്യേക ഗ്യാലറിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയം ഉപയോഗിക്കുന്നതിനു എത്തുന്ന ഉന്നത ഉദ്യോഗസ്ഥർ ഇവിടെ നിന്ന് മെമ്പർഷിപ്പ് നേടിയിട്ടുളളവരാണോ; എങ്കിൽ അത്തരത്തിലുളളവർ എത്രപേർ, ആരൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ സർവ്വീസിൽ ശമ്പളം പറ്റുന്ന എത്ര സ്ഥിരം/താൽക്കാലിക ഉദ്യോഗസ്ഥർ (ഏതൊക്കെ വകുപ്പുകളിൽ നിന്ന്)ഇവിടെ ജോലി നോക്കുന്നു; ഏതെല്ലാം തസ്തികകളിൽ; വിശദവിവരം ലഭ്യമാക്കുമോ?

<u>കേരളം-ചെന്നൈ ഫെറി സർവ്വീസ്</u>

T 1592. ശ്രീ.സി.മമ്മൂട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും ചെന്നൈ വരെ ഫെറി സർവ്വീസ് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര ഘട്ടമായി എത്ര തുക വീതമാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയതെന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സർവ്വീസിനായുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

<u>സിറ്റി ഗ്യാസ് പദ്ധതി</u>

1593. ശ്രീ.ജോൺ ഫെർണാണ്ടസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യത്തിനുള്ള പ്രകൃതിവാതകം കുഴലുകളിലൂടെ അടുക്കളയിൽ എത്തിക്കുന്ന "സിറ്റി ഗ്യാസ്" പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എറണാകുളം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് പ്രസ്തുത ഗ്യാസ്

വിതരണ ശൃംഖല കടന്നു പോകുന്നത്;

(സി) ഗാർഹിക ഉപയോക്താക്കൾക്ക് പ്രസ്തുത കണക്ഷനുകൾ നൽകിയിട്ടുണ്ടോ; എത്ര പേർക്ക് നിലവിൽ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കണക്ഷൻ ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ എന്തെന്ന് വിശദമാക്കാമോ?

## സ്ക്വാഷ് സ്റ്റേഡിയത്തിന്റെ ഇപ്പോഴത്തെ അവസ്ഥ

1594. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിനോടനുബന്ധിച്ച ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിനു സമീപം നിർമ്മിച്ച സ്ക്വാഷ് സ്റ്റേഡിയത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയം പോലീസ് അസോസിയേഷന്റെ ഓഫീസായും മറ്റും ഉപയോഗിക്കപ്പെടുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും ദുരുപയോഗം ചെയ്യപ്പെടുന്നതും, ചിലർ കുത്തകയാക്കി കൈവശം വെച്ചിരിക്കുന്നതും ഒഴിവാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) സർക്കാർ ചിലവിൽ നിർമ്മിച്ച ഇത്തരം കെട്ടിടങ്ങൾ ചില ഉന്നത ഉദ്യോഗസ്ഥർ മാത്രം കുത്തകയാക്കുന്നത് ഒഴിവാക്കി നേരിയ ഫീസീടാക്കിയെങ്കിലും പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നിലമ്പൂരിലെ സർക്കാർ ഓഫീസുകൾ

T 1595. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വിവരം ലഭ്യമാക്കാമോ;

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സർക്കാർ അധീനതയിലുള്ള എത്ര കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(സി) നിലമ്പൂരിൽ പ്രവൃത്തി പുരോഗമിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ ഏതൊക്കെ സർക്കാർ ഓഫീസുകൾക്കാണ് സ്ഥലം അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട റിക്കവറി നടപടികൾ

1596. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്തതിന് ശേഷം അപേക്ഷകരായ വിദ്യാർത്ഥികൾ മരണപ്പെട്ട കേസ്സുകളിൽ പ്രസ്തുത ബാങ്ക് വായ്പയുടെ പേരിലുള്ള റിക്കവറി നടപടികളിൽ നിന്നും രക്ഷകർത്താക്കളെ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) രക്ഷകർത്താക്കളുടെ ഏക പ്രതീക്ഷയായ മക്കളുടെ മരണശേഷവും വായ്പ കുടിശ്ശിക പിടിച്ചെടുക്കാൻ ബാങ്കുകൾ നടത്തുന്ന ത്വരിത നടപടികൾ ഒഴിവാക്കി കുടുംബങ്ങളെ സഹായിക്കാൻ നിർദ്ദേശമുണ്ടാകുമോ?

ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തിക

1597. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) തസ്തികകളിൽ നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) എത്ര ഡോക്ടർമാർ വയനാട് ജില്ലയിൽ നിന്നും വിദേശത്തും സ്വദേശത്തും ജോലിചെയ്യുവാനായി ശൂന്യവേതന അവധിയിൽ ഉണ്ട്?

ജീവൻരക്ഷാ മരുന്നുകൾ

1598. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകമാനമുള്ള ജനങ്ങളിൽ കൂടുതൽ പേരും പ്രമേഹ രോഗത്തിനും കിഡ്നി രോഗത്തിനും, ഹൃദയ രോഗത്തിനും അടിമകളാണെന്നുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ടി രോഗങ്ങൾക്കുള്ള മരുന്നുകൾക്കും, ഇൻസുലിനും ഭീമമായ തുകയാണ് ഫാർമസ്യൂട്ടിക്കൽ കമ്പനിക്കാരും മരുന്ന് കടക്കാരും രോഗികളിൽ നിന്നും

വാങ്ങുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ അസുഖങ്ങൾക്കുള്ള മരുന്നുകൾ ജീവൻ രക്ഷാ വിഭാഗത്തിൽപ്പെടുത്തി പാവപ്പെട്ട രോഗികൾക്ക് ഏറ്റവും കുറഞ്ഞ തുകയ്ക്ക് മാർക്കറ്റിൽ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## മൂന്നാറിൽ സർക്കാർ ആശുപത്രി

1599. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ തോട്ടം തൊഴിലാളികളും സാധാരണ ജനങ്ങളും തിങ്ങി പാർക്കുന്ന മൂന്നാറിൽ ഒരു നല്ല സർക്കാർ ആശുപത്രിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ആശുപത്രി ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കിൽ എല്ലാ ചികിത്സാസൗകര്യങ്ങളോടുകൂടിയ ഒരു സർക്കാർ ആശുപത്രി ആരംഭിക്കാൻ ഉടൻ നടപടി സ്വീകരിക്കുമോ?

## ജല മലിനീകരണം നടത്തുന്നവർക്കെതിരെ നടപടി

1600. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗരങ്ങളിലെ ഹോട്ടലുകളിൽ നിന്നും വാഹന സർവീസ് സ്റ്റേഷനുകളിൽ നിന്നും കശാപ്പ ശാലകളിൽ നിന്നുമുള്ള മലിനജലം ഓടകളിലൂടെ കുടിവെള്ള വിതരണം നടത്തുന്ന ജല സ്രോതസ്സുകളിലേക്കെത്തുന്ന സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

## സി. എച്ച്.സിയെ ഐ.പി.എച്ച് സ്റ്റാൻഡേർഡിലേക്ക് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി

1601. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി യെങ്കിലും ഐ.പി.എച്ച് സ്റ്റാൻഡേർഡിലേക്ക്

സ്റ്റാഫ് സ്ട്രെംഗ്ത് നൽകി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കുറഞ്ഞത് ഒരു നിയോജകമണ്ഡലത്തിൽ ഒരു സി.എച്ച്.സി യെങ്കിലും അത്തരത്തിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സി.എച്ച്.സി കളുടെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നത് ഒരു നിയോജകമണ്ഡലത്തിൽ ഒരെണ്ണം എങ്കിലും പരിഗണിക്കുന്നുവെങ്കിൽ അരൂക്കുറ്റി ആശുപത്രിയെ ഈ നിലയിൽ പരിഗണിക്കുമോ;

(സി) 7+ 1 = 8 എന്ന നിലയിൽ ഡോക്ടർമാരുടെ സ്ട്രെംഗ്ത് വർദ്ധിപ്പിച്ച് അരൂക്കുറ്റി ആശുപത്രിയിൽ 24 മണിക്കൂറും സേവനം ലഭ്യമാക്കണമെന്ന ആലപ്പുഴ ഡി.എം.ഒ യുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ആയതിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; ഇല്ലെങ്കിൽ അടിയന്തര പ്രാധാന്യത്തോടെ തീരുമാനം കൈക്കൊള്ളുമോ?

<u>കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിന്റെ പരിതാപകരമായ അവസ്ഥ</u>

1602. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യു.എസ്.പേവാർഡിന്റെ പരിതാപകരമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീപ്പൊള്ളൽ കേസ്സുകളിൽ എത്തുന്ന രോഗികൾ ഉൾപ്പടെ കിടക്കുന്ന പേവാർഡിൽ ജനറേറ്റർ ഇല്ലാത്തതിനാൽ വൈദ്യുതി ഇല്ലാത്ത സമയത്ത് രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പേവാർഡിലെ മിക്ക മുറികളും മെയിന്റനൻസ് നടക്കാത്തതിനാൽ അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പേവാർഡിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>എസ്.എം.എ.പി. വഴി ചികിത്സാ സഹായം</u>

1603. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ" പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലെ ചികിത്സക്കാണ് ചികിത്സാ സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ സർക്കാർ/സഹകരണ മേഖലയിൽ ലഭ്യമല്ലാത്തതിനാൽ മംഗലാപുരത്തുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നതിനാൽ ടി ചികിത്സയ്ക്ക് എസ്.എം.എ.പി. പദ്ധതി വഴി ധനസഹായം നൽകാൻ നടപടി ഉണ്ടാകുമോ?

<u>ലഹരി വിമുക്ത ബോധവൽക്കരണ പരിപാടി</u>

T 1604. ശ്രീ.പാറക്കൽ അബ്ദുല്ല **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്ത് ലഹരിയിൽ നിന്ന് മുക്തി നേടണമെന്നാഗ്രഹിക്കുന്നവർക്ക് ചികിത്സ നൽകാനാവശ്യമായ വിദഗ്ധരുടെ എണ്ണം സംസ്ഥാനത്ത് കുറവാണെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) കേരളത്തിൽ നിലവിലുള്ള ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങളിലായി മൊത്തം എത്ര സൈക്ക്യാട്രിസ്റ്റുകളുണ്ട്;

(സി) കുട്ടികളെ നോക്കുന്ന സൈക്ക്യാട്രിസ്റ്റുകൾ ഒരിടത്തും ഇല്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലഹരിവിമുക്ത ചികിത്സാമേഖലയിൽ സൈക്കോളജിസ്റ്റ്, സൈക്ക്യാട്രിസ്റ്റ് മറ്റു അനുബന്ധ സ്റ്റാഫ് എന്നിവരുടെ സേവനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും?

<u>വടകര താലൂക്ക് ആയുർവേദ ആശുപത്രി</u>

1605. ശ്രീ.സി.കെ.നാണു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്ക് ആയുർവേദ ആശുപത്രിയിൽ കിടത്തിച്ചികിത്സയുടെ സൗകര്യം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ബഹു:ആരോഗ്യവകുപ്പ് മന്ത്രി വടകര താലൂക്ക് ആയുർവേദ ആശുപത്രിയിൽ വന്ന് പ്രഖ്യാപിച്ച ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ എടുത്ത തീരുമാനം അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## ലാബ് ടെക്നീഷ്യൻ നിയമനം

1606. ശ്രീ.എം. സ്വരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ 1961 ലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമ്പോൾ രോഗ നിർണ്ണയത്തിന് അത്യാവശ്യമായ ലാബ് ടെക്നീഷ്യൻ തസ്തിക അർഹമായ തരത്തിൽ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ലാബ് സംവിധാനം ഇല്ലാത്ത സർക്കാർ ആശുപത്രികളിൽ ലാബ് തുടങ്ങുന്നതിനും അവിടെ ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികളിൽ ലാബുകളും 24 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് ആവശ്യമായ ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുമോ;

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ ലാബുകളിൽ വേണ്ടത്ര ജീവനക്കാരെയും, ഉപകരണങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

## അമൃതം ആരോഗ്യം പദ്ധതി

1607. ശ്രീ.കെ.കുഞ്ഞിരാമൻ

,, കാരാട്ട് റസാഖ്

,, കെ.ഡി. പ്രസേനൻ

,, കെ. കെ. രാമചന്ദ്രൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങളുടെ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി അമൃതം ആരോഗ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഓഫീസുകൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ ജീവിത ശൈലീരോഗ നിയന്ത്രണത്തിനായി വർക്ക്പ്ലേസ് ഇന്റർവെൻഷൻ പരിപാടി നടപ്പാക്കി വരുന്നുണ്ടോ;

(ഡി) ജീവിത ശൈലീരോഗ നിയന്ത്രണത്തിനായി എന്തെല്ലാം ബോധവൽക്കരണ

പരിപാടികളാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>പത്ത് കിടക്കകളുള്ള ആയുർവേദ ആശുപത്രികൾ</u>

1608. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്ത് കിടക്കകളുള്ള എത്ര ഗവൺമെന്റ് ആയുർവേദ ആശുപത്രികളാണ് പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇത്തരം ആശുപത്രികളിൽ നിലവിൽ ഒരു ഡോക്ടർ മാത്രമേ ഉള്ളൂ എന്നതിനാൽ ഈ ആശുപത്രികളിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയുർവേദ ആശുപത്രികളിൽ ആർ.എം.ഒ.യുടെയും എം.ഒ.യുടെയും തസ്തികകൾ അനുവദിയ്ക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

<u>ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം</u>

1609. ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ മരുന്ന് വിതരണം നടത്തുന്നതിന് ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>എച്ച്.എം.സി ലബോറട്ടറികളുടെ പ്രവർത്തനം</u>

1610. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി എത്ര എച്ച്.എം.സി കൾ ലബോറട്ടറി പ്രവർത്തനങ്ങൾ നടത്തി വരുന്നു എന്നും പ്രസ്തുത പ്രവർത്തനങ്ങളിൽ ആരോഗ്യ വകുപ്പ് എന്തെല്ലാം നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നൽകി വരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന എച്ച്.എം.സി ലബോറട്ടറികൾ വിവിധ പരിശോധനകൾക്ക് അവരുടെ തീരുമാന പ്രകാരമുള്ള ഫീസുകൾ (അമിത ഫീസ്) ഈടാക്കുന്നത് പരിശോധിച്ച് ഒരു ഏകീകൃത ഫീസ് ഘടന ഏർപ്പെടുത്തുന്നത് സർക്കാർ പരിഗണിയ്ക്കുമോ;

(സി) സേഫ് കേരള പദ്ധതി - 2014 മുതൽ ഓരോ വർഷവും ആരോഗ്യ വകുപ്പ് സംസ്ഥാന ലബോറട്ടറികളിൽ എത്ര എണ്ണത്തിൽ പരിശോധന നടത്തി എന്നും ഇതിലൂടെ കണ്ടെത്തിയ ക്രമക്കേടുകൾ നടന്ന ലബോറട്ടറികൾ എത്ര എന്നും എത്ര എണ്ണം അടച്ചു പൂട്ടി എന്നും അടച്ചു പൂട്ടിയവയിൽ മറ്റു പേരിൽ ഇന്നും തുറന്നുപ്രവർത്തിക്കുന്നവ എത്ര എന്നും വ്യക്തമാക്കുമോ?

ആരോഗ്യ കിരണം പദ്ധതി

1611. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർക്കാരിന്റെ ആരോഗ്യ കിരണം പദ്ധതിയുടെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് എത്ര രോഗികൾക്ക് പ്രയോജനം ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം

1612. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യമായ പരിശോധനയുടെ അഭാവം മൂലം ശുചിയില്ലാത്തതും പഴകിയതും മായം കലർന്നതുമായ ഭക്ഷണ പദാർത്ഥങ്ങളാണ് പലപ്പോഴും ഉപഭോക്താക്കൾക്ക് ലഭിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് ഭക്ഷ്യവിഷബാധ അടക്കമുള്ള ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് നഷ്ടപരിഹാര അവധി

1613. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അവധി പ്രഖ്യാപിച്ചിട്ടുള്ള ദിവസങ്ങളിലും ജോലി ചെയ്യേണ്ടിവരുന്ന

ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് സ്ഥാപനമേധാവിയുടെ അനുമതിയ്ക്ക് വിധേയമായി ഒരു ദിവസം നഷ്ടപരിഹാര അവധിയെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും നിവേദനമോ പരാതിയോ നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ശബരിമല മാസപൂജയുമായി ബന്ധപ്പെട്ട് പമ്പയിലും സന്നിധാനത്തും ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ആരോഗ്യവകുപ്പ ജീവനക്കാർക്ക് ഇതിനുള്ള ഉത്തരവ് എത്ര ദിവസം മുൻപേ നൽകേണ്ടതാണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ശബരിമലമാസപൂജയ്ക്ക് വകുപ്പിൽ നിന്നും നിയോഗിക്കുന്ന ജീവനക്കാർക്ക് അർഹമായ ദിനബത്ത, യാത്രാബത്ത എന്നിവ ലഭിയ്ക്കുന്നതിനുള്ള നടപടിക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമവിവരം നൽകുമോ?

<u>വയനാട് മെഡിക്കൽ കോളേജ്</u>

1614. ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിന്റെ തുടർ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയെത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഭരണാനുമതി നൽകിയതിനുശേഷം നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം ഈയിനത്തിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം</u>

1615. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ ആശ്രിതർക്ക് യഥാസമയം നിയമനം നൽകാൻ കഴിയാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന്

അപേക്ഷ നൽകിയ എത്ര ആശ്രിതർക്ക് ഇനിയും നിയമനം നൽകാനുണ്ട് ; അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; ഓരോ ജില്ലയിലും ഏത് തീയതി മുതലുള്ള അപേക്ഷകർക്കാണ് നിയമനം നൽകാൻ ബാക്കിയുള്ളതെന്ന വിവരവും ലഭ്യമാക്കുമോ;

(സി) ജീവനക്കാരൻ മരണമടഞ്ഞ് വർഷങ്ങൾ കഴിഞ്ഞും നിരാലംബരായ കുടുംബത്തിന്റെ ആശ്രിതർക്ക് നിയമനം നൽകാതിരിക്കുന്നത് ഈ പദ്ധതിയുടെ ഉദ്ദേശ്യത്തെത്തന്നെ തകർക്കുന്നതാണെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഈ അപേക്ഷകർക്ക് അടിയന്തരമായി നിയമനം നൽകുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ ?

## എയിംസ് മാതൃകയിൽ ട്രോമാ കെയർ

1616. **ശ്രീ.കെ. രാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടമരണം കുറക്കുന്നതിനായി മെഡിക്കൽ കോളേജുകളിൽ എയിംസ് മാതൃകയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി ജീവനക്കാർക്ക് പരിശീലനവും മെഡിക്കൽ കോളേജുകളുടെ ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ജെല്ലി മിഠായികൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നം

1617. **ശ്രീമതി യു. പ്രതിഭ ഹരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിപണികളിൽ ലഭിക്കുന്ന ജെല്ലി മിഠായികൾ കഴിച്ച് കുട്ടികളിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്പന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ ദീർഘകാല അവധി

1618. **ശ്രീ.എൽദോ എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര ഡോക്ടർമാർ ദീർഘകാല അവധിയിൽ തുടരുന്നു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഡോക്ടർമാരുടെ അവധി ഏതുവരെയാണെന്നും ഏത് ആവശ്യത്തിനായാണ് അവധി അപേക്ഷിച്ചിരുന്നതെന്നും അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഡോക്ടർമാർ അവധി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അവധി അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## ജനറിക് മരുന്നുകൾ

1619. **ശ്രീ.കെ. രാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ ജനറിക് മരുന്നുകൾ മാത്രം രോഗികൾക്ക് കുറിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി ജനറിക് മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഏകീകൃത പൊതുജനാരോഗ്യ നിയമം

1620. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1939-ലെ മദ്രാസ് പൊതുജനാരോഗ്യ നിയമവും 1955-ലെ തിരു-കൊച്ചി പൊതുജനാരോഗ്യ നിയമവും ക്രോഡീകരിച്ച് ഏകീകൃത പൊതുജനാരോഗ്യ നിയമം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അറിയിക്കാമോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

## മിഷൻ ഇന്ദ്രധനുസ്സ് പദ്ധതി

1621. **ശ്രീ.കെ. രാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മിഷൻ ഇന്ദ്രധനുസ്സ്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം ജില്ലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കളുടെ സാന്നിധ്യം

1622. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ

1623. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സംസ്ഥാനത്തെ പി.എച്ച്. സി കളിലും സി.എച്ച്.സി കളിലുമായി എത്ര ജീവനക്കാരുടെ ഒഴിവുകളാണുള്ളത്;തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

## മീഡിയാ കോർഡിനേറ്റർ

1624. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മീഡിയാ കോർഡിനേറ്റർ തസ്തിക നിലവിലുണ്ടോ;ഉണ്ടെങ്കിൽ ആരാണ് ഇപ്പോഴത്തെ മീഡിയാ കോർഡിനേറ്റർ;മീഡിയാ കോർഡിനേറ്റർക്ക് എത്ര രൂപയാണ് ശമ്പളമായി നിശ്ചയിച്ചിരിക്കുന്നത്;ഈ തസ്തികയുടെ യോഗ്യത അറിയിക്കാമോ?

## മരുന്നു വിതരണം

1625. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്നു വിതരണം കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിലെ മരുന്നു ലഭ്യത നിരീക്ഷിക്കാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## മരുന്ന് വിതരണം

1626. **ശ്രീ.എ. എൻ. ഷംസീർ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിൽ നിന്നുള്ള മരുന്ന് വിതരണത്തിൽ പൂർണ്ണസുതാര്യത ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്?

## നാഷണൽ റൂറൽ ഹെൽത്ത് മിഷൻ-ലെ നിയമനം

1627. **ശ്രീ.കെ.മുരളീധരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ ഡെപ്യൂട്ടേഷൻ, കരാർ, ദിവസ വേതന അടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; ജില്ല തിരിച്ചും തസ്തിക തിരിച്ചും വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലേക്കുള്ള നിയമന രീതി വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവ്/സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ ഏതെങ്കിലും തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; കാലാവധി വ്യക്തമാക്കാമോ?

## കാരുണ്യ ഫാർമസി വഴി മരുന്ന് വിതരണം

1628. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസി വഴി രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യുന്ന പദ്ധതി കാര്യക്ഷമമായി നടത്തുന്നില്ലായെന്ന പരാതിയും, പലപ്പോഴും ഈ പദ്ധതി നിർത്തി വയ്ക്കേണ്ടി വരുന്ന സാഹചര്യം നിർധനരായ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് യഥാസമയം മരുന്നു വിതരണ തുക നൽകാത്തതാണ് പദ്ധതി മുടങ്ങുന്നതിന് കാരണമാകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി കാര്യക്ഷമമായി തുടരുന്നതിന് മതിയായ ശ്രദ്ധനൽകുമോ?

മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തകരുടെ ശമ്പളകുടിശ്ശിക

1629. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തസ്തികകളിൽ നിയമിച്ച താല്ക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തെ ശമ്പളകുടിശ്ശിക നൽകാത്തതിനാൽ അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് ശമ്പളകുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ശമ്പളകുടിശ്ശിക ലഭിക്കാത്തതിനാൽ ഒരു ജീവനക്കാരൻ ആത്മഹത്യചെയ്ത സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുണ്ടായിരുന്ന ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; ഇവർക്ക് പകരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മഴക്കാല പൂർവ്വ പ്രവർത്തനങ്ങൾ ജീവനക്കാരില്ലാത്തത് മൂലം തടസ്സപ്പെടുന്ന സാഹചര്യം എങ്ങനെ തരണം ചെയ്യാനാണ് ആലോചിക്കുന്നത്?

കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ ആരോഗ്യ കേന്ദ്രം

1630. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ, തോട്ടം തൊഴിലാളി മേഖലകൾ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളിയിൽ ഒരു കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൊല്ലം ജില്ലയിലെ ആശുപത്രികളിൽ നിയമനം

1631. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ ആശുപത്രികളിലേക്ക് 2016 ജൂൺ ഒന്നിനു ശേഷം എത്ര ഗ്രേഡ് II അറ്റൻഡർമാരെ താല്ക്കാലികമായി നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനത്തിൽ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇപ്പോൾ നിലവിൽ എത്ര തസ്തികകൾ ഈ വിഭാഗത്തിൽ ഒഴിവുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ എത്ര ഗ്രേഡ് II അറ്റൻഡർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്രപേർക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

<u>ഇടുക്കി മെഡിക്കൽ കോളേജ്</u>

1632. ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അനാവശ്യ കാലതാമസം നേരിടുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഇടുക്കി മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ</u>

1633. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കുന്നതിനുള്ള നടപടികൾ സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഏത് ഏജൻസിക്കാണ് ചുമതല നൽകിയിരിക്കുന്നത്;

(ബി) 2012-ലെ സർക്കാർ ഉത്തരവ് പ്രകാരം കാർഡ് പുതുക്കലും രജിസ്ട്രേഷനും അക്ഷയ കേന്ദ്രങ്ങൾ വഴി മാത്രമേ നടത്താവൂ എന്നിരിക്കെ സർക്കാർ ഉത്തരവ്

ലംഘിച്ച് സ്വകാര്യ ഏജൻസിയ്ക്ക് നൽകിയത് പുന:പരിശോധിക്കുമോ;

(സി) ചിയാക് ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ ലാബ്, സ്കാൻ സെന്ററുകളിലെ അമിത ചാർജ്

1634. **ശ്രീ.എൽദോ എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില സ്വകാര്യ ലാബ്, സ്കാൻ സെന്ററുകൾ പരിശോധനകൾക്ക് അമിത ചാർജ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ പരിശോധനകൾക്ക് സർക്കാർ നിരക്ക് നിശ്ചയിച്ച് നൽകുന്നതിനും അവ വ്യക്തമായി പ്രദർശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ആർദ്രം പദ്ധതി

1635. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ വേണ്ടി തീരുമാനിച്ചതിന്റെ തുടർച്ചയായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇതിന് വേണ്ടി ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് വേണ്ടി സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാറശ്ശാല താലൂക്ക് ആശുപത്രിവക ഭൂമി ശ്മശാന നിർമ്മാണത്തിനു വിട്ടുനൽകുന്ന നടപടി

1636. ശ്രീ.സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ഗ്രാമപഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിലേക്കായി പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ നം.107/28 എന്ന നമ്പരിലെ 50 സെന്റ് ഭൂമി പാറശ്ശാല ആശുപത്രിക്ക് നൽകാനും പകരം പാറശ്ശാല താലൂക്ക് ആശുപത്രിയുടെ 107/16 എന്ന സർവ്വേ നമ്പരിലെ 50 സെന്റ് ഭൂമി ശ്മശാനം നിർമ്മിക്കുന്നതിനും വിട്ടുനൽകുന്നതിനും വേണ്ട അനുമതിക്കായി സമർപ്പിച്ചിരുന്ന അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) ആയതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നുള്ള വിശദാംശങ്ങൾ നൽകാമോ?

<u>കായംകുളം താലൂക്ക് ആശുപത്രിയിൽ സർജന്റെ തസ്തിക</u>

1637. ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന സർജന്റെ തസ്തിക മറ്റൊരു ആശുപത്രിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ദേശീയപാതയോരത്ത് സ്ഥിതിചെയ്യുന്ന ഈ ആശുപത്രിയിൽ സർജന്റെ തസ്തിക പുന:സ്ഥാപിച്ച് സർജനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>വർക്കല പള്ളിക്കൽ സി.എച്ച്.സിയിൽ ഐ.പി. ബ്ലോക്കിനുള്ള കെട്ടിടം</u>

1638. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ സി.എച്ച്.സിയിൽ ഐ.പി. ബ്ലോക്കിനുള്ള കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ആയതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുവെങ്കിൽ കെട്ടിടം പണി പൂർത്തിയാക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള ഫണ്ട് ആരോഗ്യവകുപ്പിൽ നിന്നും അനുവദിച്ച് നൽകുമോ;

(ഡി) പള്ളിക്കൽ സി.എച്ച.സി ക്ക് ഇരുനില കെട്ടിടം നിർമ്മിക്കുന്നതിന് 4 കോടി രൂപ

ബഡ്ജറ്റിൽ വകയിരുത്തണമെന്നാവശ്യപ്പെട്ട് മന്ത്രിക്ക് നല്കിയ കത്തിന്മേലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

പ്രതിരോധ കുത്തിവയ്പ്

1639. **ശ്രീ.കെ.മുരളീധരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശതമാനം കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് ലഭിച്ചിട്ടില്ല എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കുട്ടികൾക്ക് സമ്പൂർണ്ണ പ്രതിരോധ കുത്തിവയ്പ് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും ;വ്യക്തമാക്കാമോ?

പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

1640. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ കഴിഞ്ഞാൽ ഏറ്റവും അടുത്തുള്ള സി .എച് . സി .ആയ പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാണോ; ഇവിടുത്തെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ;

(ബി) മറ്റ് ചികിത്സാ സംവിധാനങ്ങൾ ഒന്നുമില്ലാത്ത ഇവിടെ കൂടുതൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് 24 മണിക്കൂറും ചികിത്സ ഉറപ്പാക്കാൻ കഴിയുന്ന ആശുപത്രിയാക്കി മാറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ ആശുപത്രികളുടെ നിയന്ത്രണം

1641. **ശ്രീ.കെ. കൃഷ്ണൻകുട്ടി**

**,,** സി.കെ.നാണു

**,,** കെ.ബി.ഗണേഷ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ നിയന്ത്രണത്തിനായി ഒരു പൊതുമാനദണ്ഡം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; സ്വകാര്യ ആശുപത്രികളുടെ ഫീസ്, ചാർജ് നിർണ്ണയ രീതികളെ കുറിച്ച് പഠിക്കുവാൻ

വിദഗ്ധ സമിതിയെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്കുന്നത്; സ്വകാര്യ ആശുപത്രികളിൽ നിന്നും സർക്കാരിനു ലഭിക്കുന്ന വരുമാനങ്ങൾ ഏതെല്ലാമാണ്;

(ബി) സ്വകാര്യ ആശുപത്രികളും ഇൻഷ്വറൻസ് കമ്പനികളും മരുന്ന് കമ്പനികളുമായി ചേർന്ന് നടത്തുന്ന ചൂഷണങ്ങളും തട്ടിപ്പുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സർക്കാർ സ്വീകരിച്ചതും സ്വീകരിക്കുന്നതുമായ നടപടികൾ വിശദീകരിക്കാമോ; സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടെയും, ഇൻഷ്വറൻസ് കമ്പനികളുടെയും, മരുന്ന് കമ്പനികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ.

(സി) സ്വകാര്യ ആശുപത്രികളിലും ലാബ് സ്കാനിംഗ് സെന്റർ തുടങ്ങിയവയിലും ആരോഗ്യവകുപ്പ് എന്തെല്ലാം പരിശോധനകളാണ് നടത്താറുള്ളത്; കഴിഞ്ഞ വർഷം നടത്തിയ പരിശാധനയിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്?

<u>സ്വകാര്യ ലബോറട്ടറികളുടെ ഫീസ് ഏകീകരണം</u>

1642. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലബോറട്ടറികളുടെ ഫീസ് ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ പല സ്വകാര്യ ലാബുകളും അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ലാബുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എൻഫോഴ്സ്മെന്റ് ടീമിനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>സ്വകാര്യ ലബോറട്ടറികളുടെ പ്രവർത്തനം</u>

1643. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ലബോറട്ടറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള അധികാര സ്ഥാപനം ഏതാണ്;

(ബി) ഇത്തരം ലാബുകളിലെ പരിശോധനയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ

ആവശ്യമായ ഇടപെടലുകൾ നടത്താനുള്ള അധികാരം ആർക്കാണ്; ഇത്തരം ഇടപെടലുകൾ നടത്തുന്നുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങൾ ആവശ്യമായ ശുചിത്വമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് സംവിധാനമുണ്ടോ;

(ഡി) ഇത്തരം സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ (രക്ത സാമ്പിൾ, സിറിഞ്ച് ഉൾപ്പെടെ) അപകടരഹിതമായി സംസ്കരിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളത്; ഇക്കാര്യം ഗൗരവമായി പരിശോധിക്കുമോ?

<u>വഴികാട്ടി പദ്ധതി</u>

1644. **ശ്രീ.ഒ. രാജഗോപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പും ദേശീയ നഗരാരോഗ്യദൗത്യവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന 'വഴികാട്ടി' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേരളസർക്കാർ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്?

<u>ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി</u>

1645. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽമേൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ</u>

1646. **ശ്രീ.കെ. കൃഷ്ണൻകുട്ടി**
**,, സി.കെ.നാണു**

,, കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്; ഏതെല്ലാം ആശുപത്രികളിലാണ് ഇത് നടപ്പിലാക്കുന്നത്; ഇതിന്റെ പ്രവർത്തനങ്ങൾ സർക്കാർ എങ്ങനെയാണ് വിലയിരുത്തുന്നത്; ഇതുമായി ബന്ധപ്പെട്ട കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകളും മറ്റ് പ്രവർത്തന വിവരങ്ങളും നല്കാമോ?

<u>പാലക്കാട് ജില്ലയിൽ ആർദ്രം പദ്ധതി</u>

1647. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഏതെല്ലാം പി.എച്ച്.സി.കളെയാണ് രോഗീസൗഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ആർദ്രം മിഷന്റെ ജില്ലാതല യോഗം എന്നാണ് നടന്നത്; അതിന്റെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ആർദ്രം മിഷനിലൂടെ എന്തെല്ലാം പദ്ധതികളാണ് ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ആയുർവേദ സർവകലാശാല</u>

1648. ശ്രീ.ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഇത് കേന്ദ്ര സർക്കാരിന്റെ പദ്ധതി ആണോ ;

(സി) ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാണോ ; ഇതിൽ സംസ്ഥാന സർക്കാർ എത്ര രൂപയാണ് വഹിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>തൃശ്ശൂർ മുല്ലശ്ശേരി സി.എച്ച്.സി. അപ്ഗ്രഡേഷൻ</u>

1649. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കിന് കീഴിലെ നാല് പഞ്ചായത്തുകളിലെയും സമീപ പഞ്ചായത്തുകളിലെയും രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ഏക ആശ്രയമായ മുല്ലശ്ശേരി സി.എച്ച്.സി. യെ അപ്ഗ്രേഡ് ചെയ്യുന്നതിനും സ്പെഷ്യാലിറ്റി സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ആയുർവേദ ആശുപത്രികൾ</u>

1650. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസുഖങ്ങൾ ഭേദമാകുന്നതിന് വിവിധതരത്തിലുള്ള ആയുർവേദ ചികിത്സ വളരെ ഫലപ്രദമാണെന്നതിനാൽ കേരളത്തിൽ ആകമാനം ആയുർവേദ ചികിത്സാ രീതി പ്രചരിപ്പിയ്ക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി) ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഓരോ നിയോജകമണ്ഡലത്തിന്റെയും പ്രത്യേകത അനുസരിച്ച് കിടത്തിച്ചികിത്സിയ്ക്കുന്നതരത്തിൽ ആയുർവേദ ആശുപത്രികൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>പ്രൈവറ്റ് ആശുപത്രികളിലെ ചൂഷണം</u>

1651. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ പ്രൈവറ്റ് ആശുപത്രികളിൽ ഒരേ അസുഖത്തിന് ചികിത്സതേടിയെത്തുന്ന രോഗികളിൽ നിന്നും ചികിത്സയ്ക്കും ആശുപത്രി മുറിയ്ക്കും മരുന്നിനും ടെസ്റ്റുകൾക്കും എല്ലാം ആളുകളുടെ നിലവാരം നോക്കി പലതരത്തിലുള്ള തുക ഈടാക്കി രോഗികളെ കഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ചൂഷണത്തെ തടയാനും ഇതിനെതിരെ നിയമാനുസരണം നടപടി സ്വീകരിയ്ക്കാനും എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ;

(ബി) ഈ ചൂഷണത്തെ തടയാൻ പുതിയ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ;

(സി) പ്രൈവറ്റ് ആശുപത്രികളിലെ ഡോക്ടർമാർക്ക് അമിതനിരക്കിൽ ശമ്പളം നൽകുന്നതിനാണ് പലതരത്തിലും രോഗികളെ ചൂഷണം ചെയ്യുന്നതെന്നത്

വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാരുടെ ശമ്പളത്തെ നിജപ്പെടുത്താൻ സർക്കാർ തലത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഇതിനെക്കുറിച്ച് അന്വേഷിയ്ക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ച് ഇക്കാര്യങ്ങൾ വിലയിരുത്തി നടപടി സ്വീകരിയ്ക്കുമോ?

<u>കുടിവെള്ള വിതരണത്തിനുള്ള മാനദണ്ഡങ്ങൾ</u>

1652. ശ്രീ.സണ്ണി ജോസഫ്

,, വി.ഡി.സതീശൻ

,, എ.പി. അനിൽ കുമാർ

,, എൽദോസ് കുന്നപ്പിള്ളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിന് ഭക്ഷ്യ സുരക്ഷാ വിഭാഗം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നവർക്ക് ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർ (എഫ്. ബി. ഒ.) ലൈസൻസ് നിർബന്ധമാണോ;

(സി) കുടിവെള്ള കച്ചവടം നടത്തുന്ന ടാങ്കറുകൾ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ;

(ഡി) രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ ശുദ്ധമായ കുടിവെള്ള വിതരണത്തിന് അനുയോജ്യമായ പരിശോധനകൾ ശക്തമാക്കുമോ?

<u>ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ</u>

1653. ശ്രീ.വി.ആർ. സുനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഒഴിവുകൾ നികത്താത്തത് വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ആരോഗ്യനയം</u>

1654. ശ്രീ.ഹൈബി ഈഡൻ

,, കെ.മുരളീധരൻ

,, ഷാഫി പറമ്പിൽ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ ആരോഗ്യനയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) രോഗികളുടെ പരാതികൾ പരിഹരിക്കാൻ ട്രൈബ്യൂണൽ രൂപീകരിക്കുന്ന കാര്യവും,ചികിത്സക്കും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്ന കാര്യവും പ്രസ്തുത നയത്തിൽ ഉൾക്കൊള്ളിക്കുമോ?

<u>ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യങ്ങൾ</u>

1655. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അംബ്ലി മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലബോറട്ടറികൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന ലാബുകൾ സ്ഥാപിക്കുന്ന പരിപാടിയുടെ പുരോഗതി വിശദമാക്കുമോ?

<u>കാസർകോട് ജനറൽ ആശുപത്രിയിലെ ഫാർമസി കൗണ്ടറിന്റെ പ്രവർത്തനം</u>

1656. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ കുറവ് മൂലം കാസർകോട് ജനറൽ ആശുപത്രിയിൽ ഫാർമസി കൗണ്ടർ പ്രവർത്തിക്കുന്നത് പകൽ മാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫാർമസി കൗണ്ടർ രാവിലെ എട്ടു മണി മുതൽ രാത്രി എട്ടു മണി വരെ മാത്രം

പ്രവർത്തിക്കുന്നതിനാൽ രാത്രിയിൽ ആശുപത്രിയിലെത്തുന്ന കിടത്തി ചികിത്സയ്ക്ക് വിധേയമായവർ അടക്കമുള്ള രോഗികൾ മരുന്നിനായി സ്വകാര്യ ഫാർമസികളെ ആശ്രയിക്കുന്നതും എന്നാൽ രാത്രി പത്ത് മണിക്കു ശേഷം നഗരത്തിലെ സ്വകാര്യ ഫാർമസികൾ തുറക്കാറില്ല എന്ന പ്രശ്നവും പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഇടപെടൽ ഉണ്ടാകുമോ;

(സി) കാലാവധി കഴിഞ്ഞു പോയ താൽക്കാലിക ജീവനക്കാരുടെ സേവനം നീട്ടിക്കൊടുക്കാനോ,പകരം നിയമനം നടത്താനോ നടപടി സ്വീകരിക്കാത്തതു കൊണ്ടാണ് ഫാർമസിയുടെ പ്രവർത്തനം കൂടുതൽ അവതാളത്തിലായതെന്നത് ശരിയാണോ;വിശദമാക്കാമോ ?

## ഗുണനിലവാരം ഇല്ലാത്ത കുടിവെള്ളം

T 1657. ശ്രീ.എൽദോ എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിയിലാക്കിയ കുടിവെള്ളം ഗുണനിലവാരം ഇല്ലാത്തതാണെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുപ്പിയിലും ടാങ്കർ ലോറികളിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) മലിന ജലം വിതരണം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ

1658. ശ്രീ.പി. ഉണ്ണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ഡോക്ടർമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും ഏതെല്ലാം തസ്തികകൾ ആണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ എന്നു മുതലാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

<u>ഒറ്റപ്പാലം മണ്ഡലത്തിലെ കാരുണ്യ ഫാർമസികൾ</u>

1659. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിൽ കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കാരുണ്യ ഫാർമസികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന വ്യക്തമാക്കാമോ?

<u>കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് തസ്തിക</u>

1660. **ഡോ.എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) എ2/52/16 എന്ന ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ ഫയലിന്മേൽ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ട്;

(സി) പ്രസ്തുത ഫയലിൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യകുടുംബക്ഷേമ വകുപ്പിലെ എ , എം എന്നീ സെക്ഷനുകൾ തമ്മിൽ പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ബാലുശ്ശേരി താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ</u>

1661. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ നിയമാനുസരണം ഉണ്ടായിരിക്കേണ്ട സ്റ്റാഫ് പാറ്റേൺ ആണോ ഇപ്പോൾ നിലവിലുള്ളത്;

(ബി) ഇവിടെ ആവശ്യമായ മെഡിക്കൽ-പാരാമെഡിക്കൽ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തണം എന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ബാലുശ്ശേരി താലൂക്കാശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ</u>

1662. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ.സി.ഡി.എസ് പദ്ധതിയിൻകീഴിൽ പ്രവർത്തിച്ച് വിരമിച്ച അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ക്യാൻസർ രോഗികൾക്ക് സൗജന്യ യാത്ര</u>

1663. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് വന്ന് പോകുന്ന പാവപ്പെട്ട രോഗികൾക്കും കൂടെവരുന്ന ഒരാൾക്കും ബസ്സ്/ട്രെയിനുകളിൽ സൗജന്യ യാത്ര അനുവദിയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ക്യാൻസർ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്കും കൂടെ സഹായി ആയി എത്തുന്ന ഒരാൾക്കും കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ചികിത്സയ്ക്ക് വന്ന് പോകുന്നതിന്, ബസ്സിലും/ട്രെയിനിലും യാത്രാ ആനുകൂല്യം നൽകുവാൻ ആരോഗ്യ വകുപ്പ് മുൻകൈ എടുത്ത് നടപടി സ്വീകരിക്കുമോ?

<u>കുടുംബക്ഷേമ കേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി</u>

1664. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും ഒരു കുടുംബക്ഷേമ കേന്ദ്രം കുടുംബ ആരോഗ്യ കേന്ദ്രമായി മാറ്റുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

## പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

1665. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(സി) പ്രസ്തുത യൂണിറ്റ് എന്നത്തേയ്ക്ക് സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പള്ളുരുത്തി സർക്കാർ ആശുപത്രി

1666. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളുരുത്തി സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയത് എന്നാണ്;

(ബി) താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനുള്ള സ്റ്റാഫ് പാറ്റേൺ ഇവിടെ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആവശ്യത്തിന് ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനം ലഭ്യമല്ലാത്തതിനാൽ ദിനംപ്രതി എത്തിച്ചേരുന്ന സാധാരണക്കാരായ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഹരിക്കാൻഎന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ; വിശദമാക്കാമോ?

## സമ്പൂർണ്ണ ട്രോമാകെയർ സംവിധാനം

1667. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനുവേണ്ട എന്ത് സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) അടിയന്തിര ശുശ്രൂഷകൾക്ക് എത്തുന്നവർക്ക് സർക്കാർ ആശുപത്രിയെ കൂടാതെ

സ്വകാര്യ ആശുപത്രികളിലും ജീവൻ രക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(ഡി) ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുമ്പോൾ അടിസ്ഥാന സൗകര്യവിപുലീകരണത്തോടൊപ്പം ഗുണനിലവാരവും ഉറപ്പുവരുത്തുവാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഇ) ഏതെല്ലാം ആശുപത്രികളിലാണ് ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(എഫ്) കേരളത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ സംഭവിക്കുന്ന ജില്ലകളിൽ ആദ്യഘട്ടത്തിൽ തന്നെ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>സംസ്ഥാനത്ത് വ്യാപിക്കുന്ന പകർച്ചപ്പനി</u>

1668. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പനി ബാധിച്ച് എത്ര പേർ ചികിത്സ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര പേർ എച്ച്.വൺ-എൻ.വൺ. പനി ബാധിച്ച് ചികിത്സ തേടിയിട്ടുണ്ടെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ?

<u>അന്തർജില്ല സ്ഥലം മാറ്റം</u>

1669. **ഡോ.എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യത്ര സേവനകാലാവധി പൂർത്തീകരിച്ചതിനുശേഷം മാതൃവകുപ്പിലേക്ക് മടങ്ങിവന്ന ക്ലറിക്കൽ വിഭാഗത്തിൽപ്പെട്ട ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ജില്ലാതല നിയമനകാലാവധി പൂർത്തീകരിക്കാതെ അന്തർജില്ല സ്ഥലംമാറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) 2017-ലെ പൊതുസ്ഥലംമാറ്റം വിജ്ഞാപനം ചെയ്തതിനുശേഷം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ഏതെങ്കിലും തസ്തികയിൽ സ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

## ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റി

1670. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റിയുടെ പ്രവർത്തനവും ഘടനയും വ്യക്തമാക്കാമോ;

(ബി) കമ്മിറ്റിയുടെ കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കാറുണ്ടോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, പുലയനാർകോട്ട, പാങ്ങപ്പാറ, വക്കം എന്നീ ആശുപത്രികളിൽ ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## കുടുംബാരോഗ്യ കേന്ദ്രം

1671. **ശ്രീ.വി. അബ്ദുറഹിമാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രമായി നവീകരിക്കുന്ന ആരോഗ്യകേന്ദ്രങ്ങൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് പുതുതായി ലഭിക്കുന്നത്;

(ബി) കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഘടന എന്താണ്;

(സി) കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന്റെ നടപടികൾ ഏതു ഘട്ടം വരെ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ?

## അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തിക

1672. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിൽ ഒഴിവ് നിലവിലുണ്ടോ;

(ബി) ഈ ഒഴിവ് നികത്തുന്നതിന് നിലവിൽ ഏത് സർക്കാർ ഉത്തരവാണ് ബാധകമായിട്ടുള്ളത്; പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഡെങ്കിപ്പനി ബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുമ്പോൾ സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 3 വർഷമായി ഒഴിഞ്ഞു കിടക്കുന്ന പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## മഞ്ഞപ്പിത്തം തടയുന്നതിന് നടപടി

1673. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ മഞ്ഞപ്പിത്ത രോഗം പടർന്നു പിടിക്കുകയും 5 പേർ മരണപ്പെടുകയും ചെയ്തിരുന്നു. ഇവിടെ മഞ്ഞപ്പിത്ത രോഗം പടർന്നു പിടിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ;വിശദമാക്കാമോ?

## പ്ലാസ്റ്റിക് കണ്ടെയ്നറുകളിലെ കുടിവെള്ളം

T 1674. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീഷ്ണമായ വെയിലും ചൂടുമുള്ളപ്പോൾ, കുടിവെള്ള വിതരണ കമ്പനികൾ പ്ലാസ്റ്റിക് കണ്ടെയ്നറുകളിൽ കുടിവെള്ളം തുറന്ന വാഹനങ്ങളിൽ കൊണ്ടുപോകുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണതയ്ക്കെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## മരുന്നുകളുടെ പ്രിസ്ക്രിപ്ഷൻ അറിയാനുള്ള രോഗിയുടെ അവകാശം

1675. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ രോഗികൾക്ക് നൽകാൻ നിർണ്ണയിക്കപ്പെടുന്ന മരുന്നുകളുടെ പ്രിസ്ക്രിപ്ഷൻ നൽകാതെ, നേരിട്ട് മരുന്നുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഏതെല്ലാം മരുന്നുകളാണ് കഴിക്കുന്നതെന്ന് അറിയാനുള്ള രോഗിയുടെ അവകാശം ഹനിക്കപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

<u>പകർച്ചപ്പനി</u>

1676. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന പകർച്ചപ്പനി നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതിനായി എന്തെങ്കിലും കർമ്മപരിപാടി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പകർച്ചപ്പനി നേരിടാൻ ആയുർവേദ ആശുപത്രികളിലും, ഹോമിയോ ആശുപത്രികളിലും,ഡിസ്പെൻസറികളിലും മരുന്നുകൾ ലഭ്യമാക്കുവാനും പകർച്ചവ്യാധികൾ ഉണ്ടായ സ്ഥലങ്ങളിലും സാധ്യതാ സ്ഥലങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ നടത്താനും നടപടി സ്വീകരിക്കുമോ?

<u>തിരുവനന്തപുരം ആർ.സി.സി.യിൽ ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ</u>

1677. **ശ്രീ.കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.യിൽ ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ എന്ന തസ്തികയിൽ നിയമനം നടത്തുന്നതിലേക്കായി നിലവിൽ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മാനസികാരോഗ്യ കേന്ദ്രങ്ങളിലെ സ്ത്രീ ജീവനക്കാരുടെ യൂണിഫോം</u>

1678. **ശ്രീമതി.വീണാ ജോർജ്ജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ മുഴുവൻ സ്ത്രീ ജീവനക്കാരുടെയും യൂണിഫോം ചുരിദാർ ആക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ കോളേജുകളിൽ മാനസിക രോഗികൾക്കായി പ്രത്യേക ബ്ലോക്കും വാർഡുകളും അനുവദിക്കുവാനായി നടപടി സ്വീകരിക്കുമോ;

(സി) മാനസികാരോഗ്യ കേന്ദ്രങ്ങളിലെ എല്ലാ സ്ത്രീ ജീവനക്കാരുടെയും രാത്രികാല സേവനം 3 ദിവസമായി ചുരുക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കരുനാഗപ്പള്ളി-ആലപ്പാട് പ്രൈമറി ഹെൽത്ത് സെന്റർ</u>

1679. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി-ആലപ്പാട് പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവായിട്ടുള്ളത്;

(ബി) ഇവിടെ കിടത്തി ചികിത്സ ആരംഭിച്ചിട്ടുണ്ടോ; കിടത്തി ചികിത്സ നടത്തുന്നതിന് ആവശ്യമായ കെട്ടിടം നിലവിലുണ്ടോ;മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(സി) കിടത്തി ചികിത്സ നടത്തുന്നതിനാവശ്യമായ ഡോക്ടർമാരുൾപ്പടെയുള്ള ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ; സി.എച്ച്.സി.യിൽ ആവശ്യമായ തസ്തികകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) ആലപ്പാട്ട് സി.എച്ച്.സി.യിൽ നിലവിലുള്ള ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

<u>മത്സ്യങ്ങളിൽ അമോണിയ</u>

T 1680. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ, ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന മത്സ്യങ്ങളിൽ വ്യാപകമായ തോതിൽ അമോണിയ ചേർക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ തടയുന്നതിനും ഇത്തരം മത്സ്യ വണ്ടികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന്

വ്യക്തമാക്കാമോ?

<u>മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ നടപടി</u>

1681. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ</u>

1682. **ശ്രീ.എ.എം. ആരിഫ്**
**,,** കെ. ആൻസലൻ
**,,** കെ. ബാബു
**,,** പി. ഉണ്ണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 5400 ൽ അധികമുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം എത്ര മാത്രം ഫലപ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിലും ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും പ്രവർത്തനം ഫലപ്രദമായിട്ടുണ്ടോ;വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെല്ലാം ലബോറട്ടറി സംവിധാനം ഒരുക്കി പ്രാഥമിക തലത്തിൽ രോഗനിർണ്ണയം സാധ്യമാക്കാനും അതുവഴി സ്വകാര്യ ആശുപത്രികളെയും ലബോറട്ടറികളെയും ആശ്രയിക്കുന്നതു കുറയ്ക്കാനും നടപടിയെടുക്കുമോ;

(ഡി) സ്വകാര്യ സ്ഥാപനങ്ങളുടെ ചൂഷണം ഒഴിവാക്കാൻ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ?

<u>രാസവസ്തുക്കൾ ഉപയോഗിക്കുന്ന മത്സ്യ വില്പന</u>

1683. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർമാലിനിൽ സൂക്ഷിക്കുന്നതും മറ്റ് രാസവസ്തുക്കൾ ഉപയോഗിക്കുന്നതുമായ മത്സ്യം വ്യാപകമായി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ട്; നടപടികൾ വ്യക്തമാക്കുമോ?

<u>പൊതുജനാരോഗ്യ പ്രവർത്തകർക്ക് യൂണിഫോം</u>

1684. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹെൽത്ത് ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള പൊതുജനാരോഗ്യ പ്രവർത്തകർക്ക് യൂണിഫോം അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിയ്ക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>വെളിച്ചെണ്ണയിലെ മായം പരിശോധിക്കാൻ സംവിധാനം</u>

1685. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരഫിനും മറ്റ് മായങ്ങളും കലർന്ന വെളിച്ചെണ്ണ വ്യാപകമായി വില്പന നടക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും അന്യ സംസ്ഥാനങ്ങളിൽ നിന്ന് ടാങ്കർ ലോറികളിലും മറ്റുമെത്തുന്നതുമായ വെളിച്ചെണ്ണയുടെ മായം പരിശോധിക്കാൻ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഏതെല്ലാം കമ്പനികളുടെ വെളിച്ചെണ്ണയിലാണ് മായം കണ്ടെത്തിയതിനെ തുടർന്ന് വിൽപ്പന നിരോധിച്ചിട്ടുള്ളത്; ബ്രാൻഡ് നാമം ഉൾപ്പെടേയുള്ള വിശദാംശം നൽകുമോ;

(ഡി) ഇത്തരം കമ്പിനികൾക്കെതിരെ എന്തു മേൽ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ?

<u>വെളിച്ചെണ്ണയിൽ മായംചേർക്കൽ</u>

1686. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന വെളിച്ചെണ്ണയിൽ പാരഫിൻ ഉൾപ്പെടെയുള്ള മായങ്ങൾ ചേർത്ത് വ്യാപകമായി വിറ്റഴിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) മായം ചേർത്ത് ബ്രാന്റ് നെയിംമുകളിൽ വില്പനയ്ക്ക് വരുന്നവ പിടിക്കപ്പെട്ടാൽ ബ്രാന്റ് നെയിം മാറ്റി വീണ്ടും വില്പന നടത്തുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെളിച്ചെണ്ണയിൽ മായം ചേർത്ത് വില്പന നടത്തിയതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം കമ്പനി/വില്പനക്കാർക്കെതിരെ എന്നതിന്റെ വിശദ വിവരം നൽകാമോ?

## അവയവദാതാക്കൾക്ക് പെൻഷൻ

1687. ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാതാക്കൾക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അവയവദാനം നടത്തുന്ന സർക്കാർ ജീവനക്കാർക്ക് പ്രത്യേക അവധിയോ ആനുകൂല്യങ്ങളോ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## മലിനമാക്കപ്പെടുന്ന മത്സ്യവില്പന തടയാൻ നടപടി

1688. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോരത്തും ചന്തയിലും മത്സ്യക്കച്ചവടം നടത്തുന്ന തൊഴിലാളികൾ മത്സ്യത്തിൽ മണൽ പുരട്ടി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ മലിനമാക്കപ്പെടുന്ന മത്സ്യവില്പന തടയാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) മത്സ്യക്കച്ചവടം ആരോഗ്യകരമായ അന്തരീക്ഷത്തിൽ നടത്തുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തുവാൻ ആലോചിക്കുന്നു; വിശദമാക്കുമോ ?

ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾ

1689. ശ്രീ.ഷാഫി പറമ്പിൽ

,, അടൂർ പ്രകാശ്

,, കെ.സി.ജോസഫ്

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകളുടെ വില നിജപ്പെടുത്തി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വിജ്ഞാപനം പുറപ്പെടുവിച്ച ഫെബ്രുവരി 13 ന് ശേഷവും സ്റ്റെന്റിന് ഉയർന്ന വില പല സ്വകാര്യ ആശുപത്രികളും ഈടാക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) വിലനിയന്ത്രണത്തിന് ശേഷവും ചില സ്വകാര്യ ആശുപത്രികൾ സ്റ്റെന്റിന്റെ വില പ്രത്യേകമായി ബില്ലിൽ രേഖപ്പെടുത്താതെ കൺസ്യൂമബിൾ എന്ന പേരിൽ ഉയർന്ന നിരക്ക് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിന് എന്ത് നടപടി സ്വീകരിച്ചു;

(സി) വില നിയന്ത്രണം മറി കടക്കാനായി ഫെബ്രുവരി 13 ന് ശേഷം ഡോക്ടർ ഫീസും, കാത്ത് ലാബ് ഫീസും അമിതമായി വർദ്ധിപ്പിച്ച് രോഗികളെ കൊള്ളയടിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

എച്ച് **1** എൻ **1** പനി

1690. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, വി.ഡി.സതീശൻ

,, കെ.സി.ജോസഫ്

,, അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച് 1 എൻ 1 പനി വ്യാപിക്കുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധനക്കയച്ച തൊണ്ട സ്രവങ്ങളിൽ എത്ര ശതമാനത്തോളം പോസിറ്റീവ് ആയി കണ്ടെത്തിയിട്ടുണ്ട്;

(ബി) 2016 ൽ എത്ര പേർക്ക് രോഗം കണ്ടെത്തിയെന്നും എത്ര പേർ മരണപ്പെട്ടുവെന്നും അറിയിക്കുമോ;

(സി) എച്ച് 1 എൻ 1 ന്റെ വ്യാപനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് അറിയിക്കുമോ?

<u>എച്ച്1.എൻ1. പകർച്ചപ്പനിയുടെ വ്യാപനം</u>

1691. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എച്ച്1.എൻ1. പകർച്ചപ്പനിയുടെ വ്യാപനം തടയുന്നതിനും ജീവനഷ്ടം കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തിക</u>

1692. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് നഴ്സ്ഗ്രേഡ് 2 തസ്തികയിൽ പാലക്കാട് ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകളുടെ വിശദാംശങ്ങൾ ഹെൽത്ത് സെന്ററുകൾ തിരിച്ച് വെളിപ്പെടുത്താമോ?

<u>സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ</u>

1693. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ' പദ്ധതി വഴി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രോഗികൾക്ക് സഹായധനം നൽകിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ രോഗികൾക്ക് പരമാവധി എത്ര രൂപ വരെ സഹായ ധനമായി അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി</u>

1694. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിൽ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ

ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 30-11-2016 ലെയും 10.01.2017ലെയും നം.3485/എം1/2016/ ആ.കു.വ നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ മറുപടി നൽകാത്തത് എന്തുകൊണ്ട്;

(ഡി) ഈ ആശുപത്രിയിൽ അധിക തസ്തിക അനുവദിക്കുന്നതിന് ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയാണ് നടപടി സ്വീകരിക്കേണ്ടത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

## കുടുംബക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

1695. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള സഹായ പദ്ധതികൾ വിശദീകരിക്കാമോ;ഈ പദ്ധതികളിൽ നിന്ന് സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) കുടുംബക്ഷേമ വകുപ്പിന്റെ ഓഫീസ് ഘടന(സംസ്ഥാനതലം-ജില്ലാതലം തുടങ്ങിയവ) യും,അവയുടെ പ്രവർത്തനങ്ങളും വ്യക്തമാക്കാമോ?

## സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജുമെന്റുകൾക്കെതിരെ നടപടി

1696. ശ്രീ.ഷാഫി പറമ്പിൽ

,, അനിൽ അക്കര

,, ഐ.സി.ബാലകൃഷ്ണൻ

,, റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരുമായി കരാറുണ്ടാക്കാതെയും മെരിറ്റ് പാലിക്കാതെയും അഡ്മിഷൻ നടത്തിയ പാലക്കാട് കരുണ, കണ്ണൂർ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2016 ലെ മെഡിക്കൽ പ്രവേശനം റദ്ദാക്കിയ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കൃത്രിമ രേഖയുണ്ടാക്കിയ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജുമെന്റുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന സുപ്രീം കോടതിയുടെ

നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് അവർക്കെതിരെ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## പുതിയ മെഡിക്കൽ കോളേജുകൾ

1697. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകളായ മഞ്ചേരി, പാലക്കാട് എന്നിവയുടെ അംഗീകാരം പുതുക്കുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ അലംഭാവം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ മെഡിക്കൽ കോളേജുകളുടെ അംഗീകാരം പുതുക്കി നൽകുന്നതിനുവേണ്ടി മെഡിക്കൽ കൗൺസിൽ വിളിച്ചു ചേർത്ത യോഗത്തിൽ ആരോഗ്യ സെക്രട്ടറിയെ സർക്കാർ പ്രതിനിധിയായി പങ്കെടുപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് മെഡിക്കൽ കൗൺസിലിന് എന്ത് വിശദീകരണമാണ് സർക്കാർ നൽകിയിരിക്കുന്നത്; വിശദമാക്കാമോ?

## പരിയാരം ഗവ. ആയുർവ്വേദ കോളേജ്

1698. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവ.ആയുർവ്വേദ കോളേജിൽ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്; ഇവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോഴ്സുകൾ ഏതൊക്കെയാണ്; ഓരോ കോഴ്സിനും എത്ര കുട്ടികൾ പഠിക്കുന്നുണ്ട്;

(സി) രജത ജൂബിലി ആഘോഷിക്കുന്ന പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ ?

## സ്വാശ്രയ മെഡിക്കൽ പ്രവേശനം

1699. ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
,, എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴുവൻ സീറ്റിലും മെരിറ്റ് അടിസ്ഥാനത്തിൽ അഖിലേന്ത്യാ പ്രവേശന പരീക്ഷാ റാങ്ക് പട്ടികയിൽ (നീറ്റ്) നിന്ന് മാത്രമേ പ്രവേശനം നടത്താൻ പാടുള്ളൂവെന്നും, ഏകീകൃത ഫീസ് മാത്രമേ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കാൻ പാടുള്ളൂ എന്നുമുള്ള ബഹു. സുപ്രീം കോടതി വിധിയത്തുടർന്നുള്ള സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വാശ്രയ മെഡിക്കൽ പ്രവേശനം സംബന്ധിച്ച സർവ്വ കക്ഷി യോഗത്തിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾ വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തൊക്കെ തുടർ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുടുംബ വരുമാനമനുസരിച്ച് ഫീസ് ഇളവ് ലഭ്യമാക്കി പഠിക്കാനുള്ള അവസരം ഉറപ്പാക്കുന്ന വിധത്തിൽ എന്തൊക്കെ ക്രമീകരണങ്ങളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ

1700. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ന് ശേഷം എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽ നിന്നും വിവിധ കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ആരോഗ്യസർവ്വകലാശാല അംഗീകാരം നൽകാത്തതിനാൽ സർക്കാർ ജോലിക്ക് അപേക്ഷിക്കുവാൻ കഴിയാത്ത സ്ഥിതി വിശേഷം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കോഴ്സുകൾക്ക് അഫിലിയേഷൻ നൽകി വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഡോക്ടറൽ ബിരുദ പ്രോഗ്രാമായ ഫാം.ഡി. കോഴ്സ്

1701. ശ്രീ.കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ അംഗീകാരമുള്ള ഡോക്ടറൽ ബിരുദ പ്രോഗ്രാമായ ഫാം.ഡി. എവിടെയൊക്കെയാണ് നിലവിലുള്ളത്; ഈ കോഴ്സിന് ആകെയെത്ര സീറ്റുകളുണ്ട്; എത്രവർഷമാണ് ഇതിന്റെ കാലാവധി; ഈ കോഴ്സിന്റെ പരിശീലനവും ക്ലാസ്സ് റൂം സിലബസ്സും എപ്രകാരമാണ്;; ഈ കോഴ്സിന് സർക്കാരിന്റെ നിയന്ത്രണം എത്രമാത്രമാണ് ;

(ബി) ഈ കോഴ്സിന്റെ ഇന്റേൺഷിപ് ഏതുരീതിയിലാണ് ആസൂത്രണം ചെയ്തിരിയ്ക്കുന്നത്; ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇത് നടത്തുന്നത്;

(സി) ഈ കോഴ്സിന്റെ ഹൗസ് സർജൻസി സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും നടത്തിയാൽ അവിടങ്ങളിലെ ആൾക്ഷാമത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനുദ്ദേശിയ്ക്കുന്നു?

## മെഡിക്കൽ പി.ജി. കോഴ്സുകളിലേക്കുള്ള പ്രവേശനം

1702. ശ്രീ.റോജി എം. ജോൺ

,, കെ.എസ്.ശബരീനാഥൻ

,, വി.ഡി.സതീശൻ

,, വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പി.ജി. കോഴ്സുകളിലേക്കുള്ള പ്രവേശനം നീറ്റ് പരീക്ഷയുടെ റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നേരിട്ട് നടത്തണമെന്ന് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഈ ഉത്തരവോടെ മെഡിക്കൽ ബിരുദാനന്തര ബിരുദകോഴ്സുകളിലേക്ക് പ്രവേശനം നടത്തുവാനുള്ള സ്വകാര്യ മാനേജ്മെന്റുകളുടെയും കല്പിത സർവ്വകലാശാലകളുടെയും അവകാശം നഷ്ടപ്പെട്ടുമോ;

(സി) ഈ ഉത്തരവ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## മെഡിക്കൽ മൈക്രോ ബയോളജി, മെഡിക്കൽ ബയോ കെമിസ്ട്രി അടിസ്ഥാന യോഗ്യതയായി സ്വീകരിക്കാവുന്ന തസ്തികകൾ

1703. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ മൈക്രോ ബയോളജി, മെഡിക്കൽ ബയോ കെമിസ്ട്രി എന്നീ കോഴ്സുകൾ അടിസ്ഥാന യോഗ്യതയായി സ്വീകരിക്കാവുന്ന എത്ര തസ്തികകൾ സർക്കാർ മേഖലയിൽ ഉണ്ട്;

(ബി) ഇല്ലെങ്കിൽ ആരോഗ്യ മേഖലയിൽ രോഗനിർണയത്തിന് പ്രധാന പങ്കുവഹിക്കുന്ന മൈക്രോ ബയോളജി, ബയോ കെമിസ്ട്രി തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

മെഡിക്കൽ കോളേജുകളുടെ വികസനം

1704. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളുടെ വികസനത്തിന് ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മെഡിക്കൽ കോളേജിനും അനുവദിച്ച തുകയുടെ വിവരം വ്യക്തമാക്കാമോ?

പുറക്കാട്ടേരി ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസന്റ് കെയർ സെന്റർ

1705. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടേരി ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസന്റ് കെയർ സെന്ററിന്റെ പരിഷ്കരണം സംബന്ധിച്ച് 07.11.2016-ൽ കൂടിയ മന്ത്രിതല യോഗത്തിന്റെ തീരുമാനങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത യോഗത്തിന്റെ തിരുമാനങ്ങളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം

1706. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നു വിതരണം നിയന്ത്രിക്കുന്നതിനു പുതിയ സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്;

(സി) സർക്കാർ ആശുപത്രികളിലെ മരുന്നു ക്ഷാമത്തിനും ആശുപത്രികൾ നേരിട്ട് മരുന്നു വാങ്ങുന്നതും സംബന്ധിച്ച് ഉയരുന്ന ആക്ഷേപങ്ങൾക്കും എങ്ങനെ പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്?

<u>കാരുണ്യ ഫാർമസികൾ</u>

1707. ശ്രീ.ബി.ഡി. ദേവസ്സി
,, എ. എൻ. ഷംസീർ
,, സി. കെ. ശശീന്ദ്രൻ
,, കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔഷധവില നിയന്ത്രിക്കാനായി കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബ്രാൻഡഡ് മരുന്നുകൾക്ക് വില വളരെ അധികമായതിനാൽ ചേരുവനാമത്തിൽ വിൽക്കുന്ന മരുന്നുകൾക്കായി കേരള ജനറിക് സ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കുകയും അതിലൂടെ തന്നെ ജനറിക് മരുന്നുകൾ കൂടി വില്ക്കാനും നടപടി സ്വീകരിക്കുമോ;

(ഡി) ഡോക്ടർമാർ ബ്രാൻഡ് പേരിനുപകരം ചേരുവനാമങ്ങൾ കുറിച്ചാലേ ഇത് പൂർണ്ണരീതിയിൽ പ്രാവർത്തികമാകുകയുള്ളൂ എന്നതിനാൽ ജനറിക് നാമം കുറിക്കണമെന്ന് ഡോക്ടർമാർക്ക് കർശന നിർദ്ദേശം നൽകുമോ?

<u>അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം</u>

1708. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിറ്റഴിക്കുന്ന 98 ശതമാനം അലോപ്പതി മരുന്നുകളും ഇതരസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) വൃത്തിഹീനമായ ചുറ്റുപാടുകളിലാണ് ഇത്തരം മരുന്നുകൾ നിർമ്മിക്കുന്നതെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവയുടെ ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെ;

(ഡി) ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന അഞ്ച് ശതമാനം മരുന്നുകളുടെപോലും ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനമില്ലെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ മറ്റുസംസ്ഥാനങ്ങളിൽനിന്നെത്തുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും?

ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ

1709. ശ്രീ.എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള മരുന്നു വിൽപ്പന നിയന്ത്രിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ആയുർവേദമരുന്നുകളുടെ പരസ്യങ്ങൾ

1710. പ്രൊഫ.കെ.യു. അരുണൻ
ശ്രീ.കെ.ജെ. മാക്സി
,, പി.വി. അൻവർ
,, ഡി.കെ. മുരളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളെ വളരെയധികം തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മരുന്നുകളുടെ, പ്രത്യേകിച്ചും ആയൂർവേദമരുന്നുകളുടെ പരസ്യങ്ങൾ പത്ര-ദൃശ്യമാധ്യമങ്ങളിൽ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പരസ്യങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് കഴിയാതെ പോകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പരസ്യങ്ങൾ വഴി ഇത്തരം മരുന്നുകൾ വിൽക്കുന്ന ഔഷധ നിർമ്മാതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും സംസ്ഥാനത്ത് ആയുർവേദ മരുന്നുകളുടെ ഗുണനിലവാരപരിശോധന കർശനമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കാക്കനാട് ജില്ലാ ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം

1711. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട്ട് നിർമ്മിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുള്ളതിനാൽ ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്നത്തേക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>പ്രകൃതി ചികിത്സ കേന്ദ്രങ്ങൾ</u>

1712. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ പ്രകൃതി ചികിത്സ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പ്രകൃതി ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>സാമൂഹ്യ നീതി വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ</u>

1713. ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആറന്മുള നിയോജക മണ്ഡലത്തിൽ സാമൂഹ്യ ക്ഷേമ വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള വൃദ്ധജനപരിപാലനവും, പീഡനവും, ബാലപീഡനവും സംബന്ധിച്ച കേസ്സുകൾ ഏതൊക്കെയാണ്; ഈ കേസ്സുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ സാമൂഹ്യ ക്ഷേമ വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ആറന്മുള നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യ ക്ഷേമ വകുപ്പിനു കീഴിലുള്ള അഗതി മന്ദിരങ്ങൾ ഏതൊക്കെയാണ്; ഇവിടങ്ങളിൽ നിലവിൽ എത്ര പേരെ പാർപ്പിച്ചിട്ടുണ്ട്; ഇവർ ആരൊക്കെയാണ്; വിശദമാക്കാമോ?

<u>നിർഭയ പദ്ധതി</u>

1714. ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.എം. സ്വരാജ്
,, വി. ജോയി
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയാൻ ആവിഷ്കരിച്ചിട്ടുള്ള 'നിർഭയ' പദ്ധതിയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) സ്ത്രീകൾക്കും പെൺകുട്ടികൾക്കും സമൂഹത്തിൽ സുരക്ഷയില്ലാത്ത സ്ഥിതി മാറ്റിയെടുക്കാനായി നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) അതിക്രമത്തിന് ഇരയാകുന്നവരെ സംരക്ഷിക്കാനും കുറ്റവാളികളെ നിയമത്തിന്റെ മുൻപാകെ കൊണ്ടുവരുന്നതിനും ഏതുതരത്തിലുള്ള ഇടപെടലുകൾ നടത്തുമെന്ന് അറിയിക്കാമോ;

(ഡി) ഈ വിഷയം കൈകാര്യം ചെയ്യുന്ന വിവിധ തലങ്ങളിലുള്ള സമിതികളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ചൈൽഡ് വെൽഫയർ കമ്മറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പുന:സംഘടന.</u>

1715. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫയർ കമ്മറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

<u>പോറ്റി വളർത്തൽ പദ്ധതി</u>

1716. ശ്രീ.ബി.ഡി. ദേവസ്സി
,, ഒ. ആർ. കേളു
,, എ. എൻ. ഷംസീർ
,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ജില്ല ശിശുക്ഷേമ യൂണിറ്റുകൾ നടത്തുന്ന 'പോറ്റി വളർത്തൽ പദ്ധതി'യുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) എന്തൊക്കെ നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

## സാമൂഹ്യ നീതിവകുപ്പിൽ പഞ്ചിംഗ്

1717. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതിവകുപ്പിൽ പഞ്ചിംഗ് നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചതും സ്ഥാപിക്കാത്തതുമായ സ്ഥാപനങ്ങളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) സാമൂഹ്യ നീതി വകുപ്പിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പഞ്ചിംഗ് ചെയ്യാത്ത ജീവനക്കാരുണ്ടോ; ഇവർ എതു വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരാണ്; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; ഇവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വകുപ്പിന് കീഴിലുള്ള പഞ്ചിംഗ് മെഷീൻ സ്ഥാപിക്കാത്ത സ്ഥാപനങ്ങളിൽ, അത് സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഇ) ടി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചതിന് ഇതുവരെ എന്തു തുക ചെലവായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## സ്കൂൾ കൗൺസിലർമാർ

1718. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിന് കീഴിൽ എത്ര സ്കൂൾ കൗൺസിലർമാർ ജോലി ചെയ്തുവരുന്നുണ്ട്; അവർക്ക് പ്രതിമാസം നൽകിവരുന്ന ഓണറേറിയം എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## ആഫ്റ്റർ കെയർ പ്രോഗ്രാം

1719. ശ്രീ.എ. പ്രദീപ്കുമാർ
,, സി.കൃഷ്ണൻ
,, പി. ഉണ്ണി
,, യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിൽ മോചിതരായ കുറ്റവാളികളേയും അക്രമത്തിനിരയായവരെയും പ്രത്യേകിച്ച് ഈ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളെയും പുനരധിവസിപ്പിക്കുന്നതിന് 'ആഫ്റ്റർ കെയർ' പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ളവർക്ക് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് നൈപുണ്യ പരിശീലനം നൽകുന്നതിനും സ്വയം തൊഴിൽ നേടുന്നതിനുള്ള ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) സാമൂഹിക നീതി വകുപ്പിനു കീഴിലുള്ള ചിൽഡ്രൻസ് ഹോമിൽ നിന്ന് വിടുതൽ ചെയ്യുന്ന ആൺകുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി 'ആഫ്റ്റർ കെയർ ഹോം' ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>അംഗൻവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനം</u>

1720. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനത്തിന്റെ പകുതി പഞ്ചായത്തുകൾ നൽകണമെന്ന നിർദ്ദേശം നടപ്പാക്കാൻ കഴിയാതെ പല പഞ്ചായത്തുകളും സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർദ്ധിപ്പിച്ച വേതനം പഞ്ചായത്തുകൾക്ക് അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അംഗൻവാടി ജീവനക്കാർക്ക് അനുവദിച്ച വർദ്ധിപ്പിച്ച വേതനം സർക്കാർ പൂർണ്ണമായും നേരിട്ട് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>അംഗവൈകല്യം സംഭവിച്ചവർക്കായി സർവ്വേ</u>

1721. ശ്രീ.കെ.സുരേഷ് കുറുപ്പ്
,, ആന്റണി ജോൺ
,, സി. കെ. ശശീന്ദ്രൻ

,, ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗവൈകല്യം സംഭവിച്ചവർക്കായി ഒരു സർവ്വേ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ആക്ഷൻ പ്ലാൻ രൂപീകരണം, വ്യക്തിഗത കെയർ പ്ലാൻ, വൈകല്യനിർണ്ണയം എന്നിവ ആരംഭിച്ചിട്ടുണ്ടോ;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പരിപാടി ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

## കൊട്ടാരക്കര മണ്ഡലത്തിലെ അംഗൻവാടികൾ

1722. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികളുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുതഅംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിനോ സ്ഥലം ലഭ്യമാക്കാനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) അംഗൻവാടികളുടെ കെട്ടിടനിർമ്മാണത്തിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമാക്കുന്ന ധനസഹായ വിവരം വ്യക്തമാക്കുമോ?

## അംഗപരിമിതരായ ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യവും സ്ഥലം മാറ്റവും ലഭിക്കുന്നതിന് നടപടി

1723. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16.8.99 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ താത്കാലികമായി ജോലി ചെയ്തതും സൂപ്പർന്യൂമററി തസ്തികയിൽ പുനർനിയമനം ലഭിച്ചതുമായ അംഗപരിമിതരായ ജീവനക്കാർക്ക് ഇൻക്രിമെന്റ് ഒഴികെ യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങളും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഓഫീസിലെ ജോലിഭാരം കണക്കിലെടുക്കാതെ നിയമനംലഭിച്ച ഈ വിഭാഗത്തിൽപെട്ട ജീവനക്കാർക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; സ്ഥലംമാറ്റ ആനുകൂല്യം ഇവർക്കും ലഭ്യമാക്കുമോ?

## അംഗപരിമിതരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നടപടി

1724. ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസിൽ അംഗപരിമിതരുടെ ക്വാട്ടയിൽ ജോലിയിൽ പ്രവേശിച്ചവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി അംഗപരിമിതരുടെ സംഘടനകൾ സമർപ്പിച്ച അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അംഗപരിമിതരുടെ വിരമിക്കൽ പ്രായം ഉയർത്തുന്നതിൽ സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## യാചകപുനരധിവാസകേന്ദ്രങ്ങൾ

1725. ശ്രീ.എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാചകപുനരധിവാസകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കേന്ദ്രങ്ങളുടെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) യാചകപുനരധിവാസ കേന്ദ്രത്തിൽ എത്തിക്കപ്പെട്ടവർ അവിടം വിട്ടുപോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ യാചകരുമായി ബന്ധപ്പെട്ട ഭിക്ഷാടനമാഫിയയാണ് ഇതിന്റെ പിന്നിലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ ഇത്തരം ഭിക്ഷാടനമാഫിയകളെ നിയന്ത്രിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിയ്ക്കുന്നത്; വിശദമാക്കാമോ?

## എ.എ.വൈ., എ.പി.എൽ, ബി.പി.എൽ- കാർക്ക് ഭക്ഷ്യധാന്യ വിതരണം

1726. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.എ.വൈ., എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾക്ക് റേഷൻ കടകൾ വഴി എന്തൊക്കെ ഭക്ഷ്യ ധാന്യങ്ങളാണ് ലഭിച്ചുവരുന്നത്;

(ബി) ഈ ഭക്ഷ്യധാന്യങ്ങൾ എത്ര അളവ് വീതമാണ് ഇവർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>റേഷൻ കാർഡ് വിതരണം</u>

1727. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽ, ആനുകൂല്യം ലഭിക്കുന്നവരുടെ മുൻഗണനാ പട്ടികയിൽ അനർഹർ ഉൾപ്പെട്ടത് പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>മൂന്നാറിൽ പെട്രോൾ പമ്പ്</u>

1728. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ സിവിൽ സപ്ലൈസ് വകുപ്പ് പെട്രോൾ പമ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പെട്രോൾ പമ്പ് ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഇതര സംസ്ഥാന തൊഴിലാളികൾക്ക് റേഷൻ</u>

1729. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് റേഷൻ ഏർപ്പെടുത്തുന്നത് പൊതു വിപണിയിലെ അരി വില കുറക്കുന്നതിന് സഹായകരമാകും എന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് റേഷൻ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) റേഷൻ കാർഡിനായി ഇതുവരെ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് ഇപ്പോൾ അപേക്ഷിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള അവസരം എന്നുമുതൽ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

## രണ്ട് രൂപ നിരക്കിലുള്ള അരി

1730. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, ഐ.സി.ബാലകൃഷ്ണൻ

,, കെ.എസ്.ശബരീനാഥൻ

,, എൽദോസ് കുന്നപ്പിള്ളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കുന്നതിന് തയ്യാറാക്കിയ സോഫ്റ്റ് വെയറിലെ അപാകത മൂലം സംസ്ഥാനത്തെ പതിനേഴ് ലക്ഷം പേർക്ക് ലഭിച്ചുകൊണ്ടിരുന്ന രണ്ട് രൂപ നിരക്കിലുള്ള അരി നഷ്ടമാകുന്ന സാഹചര്യമുണ്ടോ;

(ബി) എങ്കിൽ, ഇക്കാര്യത്തിൽ സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## പുതിയ റേഷൻ കാർഡ്

1731. ശ്രീ.ടി. വി. ഇബ്രാഹിം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകളിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടവരെ തരംതിരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകൾ മുൻഗണനാ പട്ടിക പരിശോധിച്ച് കുറവുകൾ പരിഹരിച്ച് അംഗീകരിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ വേണ്ടി ജില്ലാ കളക്ടർമാർക്ക് നൽകിയ പരാതികളിൽ തീർപ്പ് കൽപ്പിച്ചുവോ; വിശദീകരിക്കുമോ?

## പട്ടിക ജാതി-വർഗ്ഗ കോളനികളിൽ പുതിയ റേഷൻ കാർഡിനു വേണ്ടി അപേക്ഷ

1732. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി-വർഗ്ഗ കോളനികളിൽ എത്ര ശതമാനം പേർ പുതിയ റേഷൻ കാർഡിനു വേണ്ടി അപേക്ഷ നല്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനികളിൽ റേഷൻ കാർഡിനും റേഷനും വേണ്ടി ഫോട്ടോ എടുക്കുന്നതിനായി പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുമോ?

## ഭക്ഷ്യ ഭദ്രത മുൻഗണനാ പട്ടിക

1733. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രത മുൻഗണനാ പട്ടിക തയ്യാറാക്കിയപ്പോൾ, അതികഠിനമായ രോഗങ്ങളാൽ പ്രയാസപ്പെടുന്നവരെപ്പോലും പരിഗണിക്കാത്തതായി ഉണ്ടായിട്ടുള്ള വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാൻസർ,ഡയാലിസിസ് ചെയ്യേണ്ട വൃക്കരോഗികൾ തുടങ്ങിയ രോഗങ്ങൾക്ക് അടിമകളായ സാധാരണക്കാരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഭക്ഷ്യ ഭദ്രത മുൻഗണനാ ലിസ്റ്റ് സംബന്ധിച്ച് പരാതികൾ

1734. ശ്രീ.അടൂർ പ്രകാശ്
,, എം. വിൻസെന്റ്
,, അനിൽ അക്കര
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രത മുൻഗണനാ ലിസ്റ്റ് സംബന്ധിച്ച് വ്യാപക പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതികൾ ഉണ്ടാകാനിടയായ സാഹചര്യങ്ങൾ എന്തായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എത്ര പരാതികളാണ് ഇതിനകം ലഭിച്ചതെന്നും അതിൽ എത്ര പരാതികളിൽ

നടപടി സ്വീകരിച്ചുവെന്നുമുള്ളതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) പട്ടികവിഭാഗത്തിൽപെട്ടവരും മത്സ്യത്തൊഴിലാളികളും മുൻഗണനാ പട്ടികയിൽ നിന്നും പുറത്തായപ്പോൾ വിദേശത്ത് ജോലിയുള്ള വ്യക്തികളുടെ കുടുംബങ്ങൾ മുൻഗണനാ പട്ടികയിൽ കടന്ന് കയറാനിടയായ സാഹചര്യം പരിശോധിക്കുമോ?

<u>ഭക്ഷ്യ ഭദ്രതാ നിയമം</u>

1735. **ശ്രീ.പാറക്കൽ അബ്ദുല്ല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം പ്രാബല്യത്തിൽ വരുന്നതോടെ റേഷൻ വിതരണ സമ്പ്രദായത്തിൽ നിന്ന് മൊത്ത വ്യാപാരികൾ ഒഴിവാക്കപ്പെടുന്ന സാഹചര്യമുണ്ടോ?

(ബി) എന്നാൽ ഉദ്യോഗസ്ഥ ലോബിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ റേഷൻ മൊത്തവ്യാപാരികൾ അവരുടെ അടുത്ത ബന്ധുക്കളുടെയും വിശ്വസ്തരുടെയും പേരിൽ നിലവിലുള്ള റേഷൻ കടകൾ വാങ്ങിക്കൂട്ടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) വാതിൽപ്പടി വിതരണ പ്രവർത്തനങ്ങൾ മുന്നേറുന്നതിനിടെ, സ്വകാര്യ മൊത്ത വിതരണ കേന്ദ്രങ്ങൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) ഇല്ലെങ്കിൽ, ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായി റേഷൻ വിതരണ മേഖലയിൽ എന്തൊക്കെ പുതിയ നിയമങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

<u>റേഷൻ അരിയുടെ ചെലവും സബ്സിഡിയും</u>

1736. **ശ്രീ.ഒ. രാജഗോപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കിലോഗ്രാം റേഷൻ അരി സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് ട്രാൻസ്പോർട്ട് ചാർജ് ഉൾപ്പെടെ എത്ര രൂപയാണ് കേന്ദ്ര സർക്കാർ ചെലവഴിക്കുന്നത്; ഇതിൽ കേരള സർക്കാരിന്റെ വിഹിതം എത്രയാണ്;

(ബി) ഈ സർക്കാരിന്റെ കാലത്ത്, കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച റേഷൻ അരി എത്രയാണെന്ന് പറയാമോ; എന്ത് വിലയ്ക്കാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അരി ലഭ്യമാക്കുന്നത്;

(സി) റേഷൻ അരിക്ക് സംസ്ഥാന സർക്കാർ എത്ര രൂപയുടെ സബ്സിഡിയാണ്

നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പട്ടിക വർഗ്ഗ മേഖലകളിൽ മൊബൈൽ റേഷൻ വിതരണം

1737. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പട്ടിക വർഗ്ഗ മേഖലകളിൽ, പ്രത്യേകിച്ചും കോളനികളിൽ താമസിക്കുന്നവർക്ക് അവരുടെ തൊഴിലിന്റെയും മറ്റും രീതിയനുസരിച്ച് കടകളിൽ ചെന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് റേഷൻ വിതരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കോളനികളിൽ നേരിട്ട് മൊബൈൽ റേഷൻ യൂണിറ്റ് വഴി റേഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

റേഷൻ പഞ്ചസാര വിഹിതത്തിലെ കുറവ്

1738. ശ്രീ.ചിറ്റയം ഗോപകുമാർ
,, ജി.എസ്.ജയലാൽ
,, കെ. രാജൻ
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ പഞ്ചസാര വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഹിതത്തിൽ ഇപ്പോൾ കേന്ദ്രസർക്കാർ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ എന്ത് തരത്തിലുള്ള സമ്മർദ്ദമാണ് സംസ്ഥാന സർക്കാർ ചെലുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

റേഷൻ കടകളിൽ പി.ഒ.എസ്. മെഷീൻ

1739. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോമെട്രിക് സംവിധാനത്തിലൂടെ ഉപഭോക്താവിന് റേഷൻ വിവരങ്ങൾ അറിയാൻ കഴിയുന്ന പി.ഒ.എസ്. മെഷീൻ റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) റേഷൻ കടകളിലേക്കുള്ള വാതിൽപ്പടി വിതരണ സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോ നൽകാനുള്ള തുക</u>

1740. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച വകയിൽ, 1-4-2016 മുതൽ 31.03.2017വരെ കർഷകർക്ക് സപ്ലൈകോ എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 1-4-2016 മുതൽ 31.03.2017 വരെ എത്ര തുക നൽകിയെന്നും കുടിശ്ശിക വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഭക്ഷ്യ ഭദ്രതയും വാതിൽപടി വിതരണവും</u>

1741. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതയുടെ ഭാഗമായി സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ''വാതിൽപടി സംവിധാനം'' എന്താണെന്ന് വിശദീകരിക്കാമോ;

(ബി) ഈ സംവിധാനം ആദ്യം ഏതു ജില്ലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) വാതിൽപടി സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുമോ;എങ്കിൽ അതിന്റെ നടപടി എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

<u>റേഷൻ കാർഡിനു ഫോട്ടോ എടുക്കാൻ കഴിയാതെവന്നവർക്ക് റേഷൻ</u>

1742. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്ന സമയത്ത് ഫോട്ടോ എടുക്കുന്നതിന് പങ്കെടുക്കാൻ കഴിയാതിരുന്നവർക്ക് ഒരവസരം കൂടി നൽകുമോ;

(ബി) പ്രത്യേക കാരണങ്ങളാൽ ഫോട്ടോ എടുക്കാൻ കഴിയാതെവന്നവർക്ക് റേഷൻ കടകളിൽ നിന്നും സാധനങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്ക് കൂടി റേഷൻ സാധനങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അടിയന്തര നിർദ്ദേശം നൽകുമോ?

<u>കമ്പോള ഇടപെടലിനായി അനുവദിച്ച തുക</u>

1743. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) 1-4-2016മുതൽ 31.03.2017 വരെ കമ്പോള ഇടപെടലിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

<u>ഭക്ഷ്യ ധാന്യങ്ങളുടെ വില നിയന്ത്രണം</u>

1744. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭക്ഷ്യ ധാന്യങ്ങളുടെ വില നിയന്ത്രണത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇക്കഴിഞ്ഞ വിഷു - ഈസ്റ്റർ സീസണിൽ അരിവില നിയന്ത്രിക്കുന്നതിന് എടുത്ത നടപടികൾ എന്തൊക്കെയാണ്; ഈ നടപടികൾ തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>റേഷൻ വ്യാപാരികളുടെ വേതനം</u>

1745. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കി ആറു മാസം പിന്നിട്ടിട്ടും റേഷൻ വ്യാപാരികളുടെ വേതന കാര്യത്തിൽ തീരുമാനമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) വാതിൽപ്പടി വിതരണം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്;

(സി) വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ;

(ഡി) റേഷൻ വ്യാപാരികളുടെ വേതന കാര്യത്തിൽ തീരുമാനമെടുക്കാൻ ഏതെങ്കിലും കമ്മറ്റിയെ നിയോഗിച്ചിരുന്നോ;എങ്കിൽ ആ കമ്മറ്റിയിലെ അംഗങ്ങൾ; ആരെല്ലാമാണ്;

(ഇ) പ്രസ്തുത കമ്മിറ്റി യോഗം ചേർന്ന് തീരുമാനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനം എന്തായിരുന്നുവെന്നും അതനുസരിച്ച് നടപടികൾ എടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കൾ</u>

1746. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കും അനാഥാലയങ്ങളിലെ അന്തേവാസികൾക്കും, സബ്സിഡി നിരക്കിലും സൗജന്യമായും, റേഷൻ ഭക്ഷ്യവസ്തുക്കളും, മണ്ണെണ്ണയും പാചകവാതകവുമുൾപ്പെടെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനു വേണ്ട മാനദണ്ഡങ്ങൾ വിശദമാക്കുമോ?

<u>സ്കൂൾ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി</u>

1747. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി ഗ്രേഡ് എ ക്വാളിറ്റി തന്നെയാണെന്ന് ഉറപ്പ് വരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഗ്രേഡ് എ ക്വാളിറ്റിക്ക് പകരം, നിലവാരം കുറഞ്ഞ അരിയാണ് സ്കൂളുകളിൽ എത്തുന്നതെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>പാറശ്ശാല നിയോജക മണ്ഡലത്തിലെ റേഷൻകടകൾ</u>

1748. ശ്രീ.സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കടകളാണ് പ്രവർത്തിക്കുന്നതെന്നും അവയുടെ പ്രവർത്തനം കൃത്യമായ രീതിയിലാണോ നടക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന ശേഷം പാറശ്ശാല മണ്ഡലത്തിൽ പുതുതായി എത്ര റേഷൻ കടകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും അവ ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) റേഷൻ കടകളിൽ അളവുതൂക്കത്തിൽ വ്യാപകമായുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

<u>മണ്ണെണ്ണ വിഹിതത്തിലെ കുറവ്</u>

1749. ശ്രീ.അനൂപ് ജേക്കബ്

,, കെ.എസ്.ശബരീനാഥൻ

,, റോജി എം. ജോൺ

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വീണ്ടും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണോ കേന്ദ്രം മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതത്തിലും കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കുറവ് വരുത്തിയെന്നും അത് പുന:സ്ഥാപിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

<u>വടകരയിലെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ</u>

1750. ശ്രീ.സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഏതെല്ലാം ഭാഗങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ സൗകര്യം

ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ?

## ബിപിഎൽ കുടുംബങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

1751. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി റേഷൻ കാർഡ് എന്നാണ് വിതരണം ചെയ്തത്;

(ബി) എപിഎൽ, ബിപിഎൽ എന്ന തരത്തിൽ റേഷൻ മുൻഗണനാ പട്ടിക നിലവിൽ നിശ്ചയിച്ചിട്ടുള്ളതിൽ വ്യാപകമായ പരാതി ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യഥാർത്ഥ BPL പട്ടികയിൽ വരുന്നവരെ അതിൽ ഉൾപ്പെടുത്തുന്നതിന് ഉറപ്പുവരുത്തുവാൻ എന്താണ് ഇപ്പോഴുള്ള നടപടിക്രമമെന്ന് വ്യക്തമാക്കാമോ;

(ഡി) റേഷൻ മുൻഗണനാ പട്ടിക പ്രകാരമുള്ള അലോട്ട്മെന്റും ബിപിഎൽ ഗുണഭോക്താവ് എന്ന നിലയിലുള്ള പരിഗണനയും ബിപിഎൽ കുടുംബങ്ങൾക്ക് മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യവില നിയന്ത്രണ സെൽ

1752. **ശ്രീ.എ. എൻ. ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവില നിയന്ത്രണ സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിലനിയന്ത്രണം കൊണ്ടുവരാൻ എന്തൊക്കെ കാര്യങ്ങൾ ആണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവർക്ക് സബ്സിഡി അരി

1753. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിപിഎൽ ലിസ്റ്റിൽപ്പെട്ടുന്നവരും എന്നാൽ മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവരുമായിട്ടുള്ള റേഷൻ കാർഡുടമകൾക്ക് സബ്സിഡി അരി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കേരളത്തിന് ലഭിക്കേണ്ട റേഷൻ അരി വിഹിതത്തിലെ കുറവ്</u>

1754. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ലഭിക്കേണ്ട റേഷൻ അരി വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയതിനാൽ, സംസ്ഥാനത്തെ പൊതു വിതരണ ഷോപ്പുകളിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തടസ്സം നേരിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഭക്ഷ്യഭദ്രത നിയമം</u>

1755. **ശ്രീ.വി. അബ്ദുറഹിമാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രത നിയമത്തിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ എല്ലായിടത്തും ഗോഡൗണുകൾ സജ്ജീകരിക്കാൻ എന്തെങ്കിലും പ്രത്യേക സൗകര്യം ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ എങ്ങനെയാണ് പുതിയ ഗോഡൗൺ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>അസിസ്റ്റന്റ് സെയിൽസ് മാൻ തസ്തികയിലെ ഒഴിവുകൾ</u>

1756. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപറേഷനിൽ പാലക്കാട് ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ് മാൻ തസ്തികയിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ബി) അസിസ്റ്റന്റ് സെയിൽസ് മാൻമാരുടെ എത്ര തസ്തിക നിലവിലുണ്ട്;

(സി) പാലക്കാട് ജില്ലയിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ട് എന്നറിയിക്കാമോ?

<u>അനാഥശാലകളിലെ അന്തേവാസികളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി</u>

1757. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡ് നൽകുമ്പോൾ മുൻഗണനാ ലിസ്റ്റിൽ അനാഥശാലകളിലെ അന്തേവാസികളെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അനാഥശാലകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഇത് എത്ര കണ്ട് സഹായകരമാകും എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ മുൻസർക്കാരിന്റെ നിലപാടിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>സപ്ലൈകോയിലെ ക്രമക്കേടുകൾ</u>

1758. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, സപ്ലൈകോയിൽ ക്രമക്കേടുകൾ നടത്തിയതിന്റെ പേരിൽ, ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടിക്ക് ശിപാർശ ചെയ്തിരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നടപടിക്രമങ്ങളുടെ പകർപ്പടക്കം വിശദാംശം നൽകുമോ;

(സി) ഈ ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്നായിരുന്നു കണ്ടെത്തിയത്; വെളിപ്പെടുത്തുമോ;

(ഡി) സപ്ലൈകോയിൽ നിലവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് ഏത് ഏജൻസിയാണ്; പ്രസ്തുത സാധനങ്ങൾ സ്വകാര്യസ്ഥാപനങ്ങൾക്ക് മറിച്ച് നൽകി ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ഇ) എങ്കിൽ ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## <u>ന്യായവിലയ്ക്ക് അരി വിതരണം</u>

1759. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017 വർഷത്തിൽ എത്ര അരി കടകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മാവേലി സ്റ്റോറുകൾ, സൂപ്പർ മാവേലികൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ന്യായവിലയ്ക്ക് അരി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അരിക്കടകൾ വഴി പ്രതിമാസം ഒരു കാർഡിന് എത്ര അളവ് ഭക്ഷ്യധാന്യങ്ങൾ എത്ര നിരക്കിൽ വിതരണംചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ?

<u>മാവേലിസ്റ്റോർ ബില്ലുകളും സാധനങ്ങളുടെ അളവും സംബന്ധിച്ച പരാതികൾ</u>

1760. **ശ്രീമതി.വീണാ ജോർജ്ജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിൽ നിന്നും നൽകുന്ന ബില്ലുകൾ മലയാളത്തിലാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ബില്ലുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാവേലി സ്റ്റോറുകളിൽ പാക്ക് ചെയ്യുന്ന സാധനങ്ങളുടെ അളവിൽ ഉണ്ടാകുന്ന വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>സ്റ്റാറ്റ്യൂട്ടറി റേഷൻ ആനുകൂല്യങ്ങളും റേഷൻകാർഡും</u>

1761. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കി നല്കുന്നതിനു മുമ്പുള്ള പഴയ റേഷൻ കാർഡുകൾ സംസ്ഥാനത്ത് എത്രയുണ്ടായിരുന്നു; എ.പി.എൽ., ബി.പി.എൽ. തുടങ്ങി ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) റേഷൻകാർഡിനു വേണ്ടിയുള്ള കരട് മുൻഗണനാ പട്ടിക എന്നാണ് പ്രസിദ്ധീകരിച്ചത് എന്നും അതിൽ തെറ്റ് തിരുത്തൽ തുടങ്ങി ബി. പി. എൽ. ലഭിക്കുന്നതിൽ അനർഹർ കടന്നുകൂടിയതും അർഹതയുള്ളവർക്ക് ലഭിക്കാത്തതും സംബന്ധിച്ച് ഓരോ ജില്ലകളിലും എത്ര പരാതികൾ വീതം ലഭിച്ചു എന്നും

ഇവയിൽ പരിഹാരം നാളിതുവരെ കണ്ടെത്തിയോ എന്നും പ്രസ്തുത പരാതികൾ പൂർണ്ണമായും എപ്പോൾ പരിശോധിച്ച് തീർപ്പാക്കും എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും സ്റ്റാറ്റ്യൂട്ടറി റേഷൻ ആനുകൂല്യങ്ങളും റേഷൻകാർഡും (പുതുക്കിയത്) എപ്പോൾ നല്കും എന്നു വ്യക്തമാക്കുമോ?

## ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം

1762. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ മുഖാന്തരം എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സർക്കാർ നിശ്ചയിക്കുന്ന നിശ്ചിത തുകയ്ക്ക് ഉപഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കൾ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്?

## എൽ.പി.ജി. ഉപഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിലുള്ള ഡെലിവറി ഫീസ്

1763. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കമ്പനികളിലെ എൽ.പി.ജി. ഉപഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടർ എത്തിച്ചു നൽകുന്നതിന് വ്യത്യസ്ത നിരക്കിലുള്ള ഡെലിവറി ഫീസ് ഈടാക്കി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഏകീകൃതമല്ലാത്ത നിരക്ക് ഈടാക്കുന്നത് ഈ രംഗത്ത് ചൂഷണത്തിനിടയാക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) ഗ്യാസ് ഏജൻസികളുടെ ഡെലിവറി ഫീസും സമാനമായ മറ്റ് ഫീസുകളും ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
25-04-2017

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി,

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.